**ധനകാര്യം**

## <u>2021-22 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

### ധനാഭ്യർത്ഥന നമ്പർ XXX - ഭക്ഷ്യം

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (<u>ശ്രീ. ജി. ആർ. അനിൽ</u>): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തിയാക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2021-22 | | | | | | |
|---|---|---|---|---|---|---|---|---|
| | | 25.01.2021 ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | 10.06.2021 ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| XXX | ഭക്ഷ്യം | 614,0 | 35,4 | 1043,89, | 26,5 | 1184,27, | 44,28 | 1228,5 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | 8, 53,000 | 2,56, 000 | 73, 000 | 6,93, 000 | 33,000 | , 20,000 | 5, 53,000 |

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ-ക്ഷേമദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി.സ്പീക്കർ: XXX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് ഖണ്ഡനോപക്ഷേപത്തിന് നോട്ടീസ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാത്തതുകൊണ്ട് ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കുന്നില്ല.

(സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ സഭയിൽ തിരികെ പ്രവേശിച്ചു.)

**ചർച്ച**

ശ്രീ. കെ. ഡി. പ്രസേനൻ: സർ, കേരളത്തിലെ ഭക്ഷ്യപൊതുവിതരണ സംവിധാനത്തിനുവേണ്ടി ഇവിടെ അവതരിപ്പിക്കപ്പെട്ട ധനാഭ്യർത്ഥനയെ ഞാൻ പിന്തുണയ്ക്കുകയാണ്. കേരളത്തിലെ ഈ ഭക്ഷ്യപൊതുവിതരണ

സംവിധാനത്തിന് ദേശീയ പ്രാധാന്യമുള്ള ഒരു ചരിത്രമുണ്ട്. സ്വാതന്ത്ര്യാനന്തര ഇൻഡ്യയിൽ ആദ്യ നാളുകളിൽ വിദേശനാണ്യം നേടിയെടുക്കാൻ മറ്റൊരു മാർഗ്ഗവുമില്ലാത്ത ഘട്ടത്തിലാണ് ഇൻഡ്യയുടെ പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഈ പശ്ചിമഘട്ട മലനിരകളിലെ പടിഞ്ഞാറൻ വശത്തുള്ള സുഗന്ധ വ്യഞ്ജന നാണ്യവിളകൾക്ക് ലോകത്തിൽ വലിയ മാർക്കറ്റാണെന്ന് കണ്ടുകൊണ്ട് കേരളത്തോട് അത് കൂടുതലായി ഉല്പാദിപ്പിക്കാൻ അഭ്യർത്ഥിച്ചത്. ആ അഭ്യർത്ഥന സ്വീകരിച്ചുകൊണ്ട് അന്നത്തെ പ്രതിപക്ഷനേതാവ് മഹാനായ എ.കെ.ജി. ഞങ്ങൾക്കാവശ്യമായ ഭക്ഷ്യധാന്യം സമയബന്ധിതമായും കൃത്യമായും എത്തിക്കാനുള്ള ഒരു ഏർപ്പാടുണ്ടാക്കണമെന്ന് അന്ന് ഇൻഡ്യൻ പാർലമെന്റിൽ ആവശ്യപ്പെട്ടു. ആ എ.കെ.ജി.-യുടെ പ്രഖ്യാപനമാണ്, അദ്ദേഹത്തിന്റെ ആവശ്യപ്രകാരമാണ് സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സംവിധാനം ഈ കേരളത്തിൽ രൂപംകൊണ്ടത് എന്നതാണ് അതിന്റെ ചരിത്രം. അത്തരത്തിൽ ആ ജീവന്റെ വിലയുള്ള അനുഭവചരിത്രമുള്ളതുകൊണ്ടാണ് കേരളത്തിലെ റേഷൻകടകളും റേഷൻ കാർഡുകളുമെല്ലാം നമ്മുടെ ജീവിതചര്യയുടെ ഭാഗമായി ഇപ്പോൾ മാറിക്കൊണ്ടിരിക്കുന്നത്.

കഴിഞ്ഞ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് റേഷൻകടകളുടെ സ്ഥിതി എന്തായിരുന്നു; ഏതാണ്ട് കരിഞ്ചന്ത വ്യാപാരത്തിനുള്ള ഗോഡൗണുകളായിട്ടാണ് യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് റേഷൻകടകളെ ഉപയോഗപ്പെടുത്തിയിരുന്നത്. അന്ന് റേഷൻകടകളിലേയ്ക്ക് സാധനങ്ങൾ വന്നിരുന്നത് ഏതാണ്ട് മാസാവസാനം തലേന്ന് രാത്രിയാണ്. പിറ്റേന്ന് പണിയെല്ലാം കഴിഞ്ഞ് കർഷകത്തൊഴിലാളികൾ റേഷൻകടയിൽ സാധനം വാങ്ങാൻ പോയാൽ കിട്ടുന്നത് 'അതിന്റെ സമയമെല്ലാം അതിക്രമിച്ച് കഴിഞ്ഞിരിക്കുന്നു, റേഷൻ വിതരണം അവസാനിച്ചു കഴിഞ്ഞിരിക്കുന്നു' എന്ന ധിക്കാരപരമായ മറുപടിയും കുറച്ച് പരിഹാസവുമാണ്. അതായിരുന്നു യു.ഡി.എഫ്.-ന്റെ കാലം. എന്നാലും അക്കാലത്തും ചിലർക്കെല്ലാം അരി കിട്ടുമായിരുന്നു. പക്ഷേ, അവരുടെ സ്ഥിതിയാണെങ്കിൽ മഹാകഷ്ടവുമായിരുന്നു. അന്ന് യു.ഡി.എഫ്.-ന്റെ കാലത്തുള്ള റേഷൻ അരി തിളപ്പിച്ചുകഴിച്ചാൽ 'കല്ലു വിഴുങ്ങിയ വേഴാമ്പലിന്റെ' സ്ഥിതിയായിരുന്നു. ഒരിറ്റു വെള്ളം കിട്ടാൻവേണ്ടി കാലങ്ങളോളം കാത്തിരിക്കുന്ന വേഴാമ്പൽ, മഴ വരുന്നതും കാത്ത് വാപൊളിച്ചിരിക്കും. ആ വായ്ക്കകത്ത് കല്ലുവീണാൽ എന്താണതിന്റെ ഗതിയെന്ന് ഊഹിക്കാവുന്നതേയുള്ളൂ, അതായിരുന്നു അവസ്ഥ. ശ്രീ. വി. ജോയി ഇവിടെ

പറയുന്നത് അതല്ല, വാക്സിനെടുത്ത പ്രതിഭയുടെ സ്ഥിതിയാണോ എന്നാണ് ചോദിക്കുന്നത്. അത് വേറെ സംഭവമാണ്, കോവിഡ് വാക്സിനെടുത്തപ്പോൾ സാധാരണ നമുക്കെല്ലാവർക്കും തരുന്നതുപോലെ പ്രതിഭയ്ക്കും പാരസെറ്റമോൾ ഗുളിക കൊടുത്തു. പ്രതിഭ രണ്ടെണ്ണം ഒന്നിച്ചു കഴിച്ചു. പ്രതിഭയുടെ സങ്കടം എന്താണെന്നു വച്ചാൽ, രാവിലെ ഭക്ഷണം കഴിച്ചിട്ട് ഉച്ചയ്ക്കാണ് വിശപ്പുവന്നത് എന്നതാണ്. ഇത് അതുപോലെയല്ല, നാലഞ്ചു മാസക്കാലം ഈ അരി കഴിച്ച മനുഷ്യന് കല്ലു വിഴുങ്ങിയ അനുഭവമാണ് പിന്നീട് ഉണ്ടാവുക. അതാണ് യു.ഡി.എഫ്.-ന്റെ റേഷനരിയുടെ പ്രത്യേകത. ഇന്ന് ആ സ്ഥിതി മാറിയല്ലോ, എൽ.ഡി.എഫ്.-ന്റെ ഭരണത്തിൽ എല്ലാം ശരിയാകും എന്നുപറഞ്ഞത് വെറുതെയാണോ, അസ്സൽ മട്ട അരി, പച്ചരി, പഞ്ചസാര, ഗോതമ്പ്..... ഇഷ്ടം പോലെ ഇന്ന് റേഷൻ കടകളിൽ സാധനം കിട്ടുകയാണ്. ഈ വരാൻപോകുന്ന ഓണക്കാലത്ത് സ്പെഷ്യൽ കിറ്റ് കൊടുക്കുമ്പോൾ അരിപ്പായസത്തിന് നല്ല ചമ്പാവരിതന്നെ നൽകുമെന്ന മന്ത്രിയുടെ പ്രസ്താവന ഞാൻ പത്രത്തിൽ വായിച്ചു. 'ബഹുത് അച്ഛാ' എന്നല്ലാതെ എന്താണ് ഞാൻ പറയേണ്ടത്. ഈ ഓണക്കാലത്ത് കിറ്റുമായി വരുന്ന അച്ഛൻമാരെ നോക്കി മക്കൾ പറയാൻ പോകുന്ന 'ബഹുത് അച്ഛാ' എന്നാണ്. അതിന്റെ കാരണമെന്താ; കുട്ടികൾക്കുള്ള

മിഠായി പാക്കറ്റ് ഈ കിറ്റിലൂടെ വരാനിരിക്കുകയാണ്. ഇതെല്ലാം ചെയ്യുന്ന ഭക്ഷ്യവകുപ്പ് ധനത്തിനുവേണ്ടി ഒരു അഭ്യർത്ഥന ഇവിടെ വയ്ക്കേണ്ട കാര്യമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. നമ്മളെല്ലാം അറിഞ്ഞുകൊണ്ടുതന്നെ ഈ സഭ ഭക്ഷ്യ വകുപ്പിനാവശ്യമായ ധനം അനുവദിച്ചുകൊടുക്കണമെന്ന അഭ്യർത്ഥനയാണ് എനിക്ക് മുന്നോട്ടുവയ്ക്കാനുള്ളത്. പക്ഷെ, അപ്പുറത്തിരിക്കുന്ന പ്രതിപക്ഷത്തിലെ ഒരാളും സമ്മതിക്കാൻ പോകുന്നില്ല. ഇപ്പോൾ ശ്രീ. എം. വിൻസെന്റ് പ്രസംഗിക്കുമല്ലോ, ഈ ധനാഭ്യർത്ഥന അംഗീകരിക്കില്ല. കുട്ടികൾക്ക് കൊടുക്കുന്ന മിഠായി കിറ്റുപോലും കൊടുക്കാൻ പറ്റില്ലായെന്നും പറഞ്ഞ് അത് മുടക്കാനിരിക്കുകയാണ് അവിടെ പ്രസംഗിക്കാൻ തയ്യാറായി നിൽക്കുന്നവർ. അതുകൊണ്ട് ഒരൊറ്റ നയാപൈസയുടെ ധനാഭ്യർത്ഥനപോലും അവർ പിന്തുണയ്ക്കാൻ പോകുന്നില്ല. ഇതാണ് അവരുടെ നയമെന്ന് പറയുന്നത്.

ഇവിടെ ഈ എൽ.ഡി.എഫ്. സർക്കാർ ഇങ്ങനെയാണ് പോകുന്നതെങ്കിൽ യു.ഡി.എഫ്.-ന് നന്നായിട്ടറിയാം യു.ഡി.എഫ്.-ന്റെ കാര്യം പോക്കോട്ടുപോക്കാണെന്ന്, കട്ടപ്പുകയാകുമെന്ന്. അതുകൊണ്ടാണ് അവർ ഈ ധനാഭ്യർത്ഥനയെ എതിർക്കാൻ ഇപ്പോൾ വീണ്ടും തിരിച്ചുവന്നത്.

അർഹരായ എല്ലാ പാവപ്പെട്ടവർക്കും ബി.പി.എൽ കാർഡ് നൽകാൻ ഈ സർക്കാർ ശ്രമിക്കുകയാണ്. അതിന്റെ ഭാഗമായി അനർഹരെ ഒഴിവാക്കുന്ന പ്രക്രിയ ഇപ്പോൾ നടക്കുകയാണ്. മന്ത്രിയും ഗവൺമെന്റും നാട്ടുകാരോട് ഒരഭ്യർത്ഥന നടത്തി, പിഴ ഒഴിവാക്കാം, ശിക്ഷ ഒഴിവാക്കാം, ഒറ്റക്കാര്യം ചെയ്താൽ മതി, അനർഹമായി കയ്യിൽ വച്ചിരിക്കുന്ന ചുവന്ന ബി.പി.എൽ. കാർഡ് സറണ്ടർ ചെയ്യണമെന്ന് പറഞ്ഞപ്പോൾ 1,23,554 കാർഡുകളാണ് ഇതിനകം സറണ്ടർ ചെയ്തുകഴിഞ്ഞത്. അവിടെയെല്ലാം ഇത് കൊടുക്കാൻ പോകുകയാണ്. അതിനുപകരമായി ബി.പി.എൽ. കാർഡുകൾ മറ്റ് പാവപ്പെട്ടവർക്ക് നൽകാൻ പോകുകയാണ്. എൽ.ഡി.എഫ്. ഭരണത്തിൽ കേരളീയർ കൂടുതൽകൂടുതൽ സത്യസന്ധരും സാമൂഹ്യപ്രതിബദ്ധതയുള്ളവരുമായി മാറിത്തീരുന്ന കാഴ്ചയാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്.

അനർഹമായി നേടിയതെല്ലാം നാടിനുവേണ്ടി ത്യജിക്കാൻ ഈ നാട് തയ്യാറാകുന്ന ഘട്ടത്തിൽ എനിക്ക് യു.ഡി.എഫ്.-ലെ മാന്യൻമാരോട് അഭ്യർത്ഥിക്കാനുള്ളത് നിങ്ങൾ ഇത്തരത്തിൽ ചിലത് ത്യജിക്കാൻ തയ്യാറാണോ; എല്ലാം ത്യജിക്കുകയൊന്നും വേണ്ട. ഇപ്പോൾ വയനാടൻ പാറയിൽപ്പോയി ഇഞ്ചികൃഷി നടത്തി കുറച്ച് പണമുണ്ടാക്കിയിട്ടുണ്ട്. അത്

ത്യജിക്കണ്ട. നിങ്ങളുടെ സഹകരണസംഘത്തിന്റെ ഓഹരി വിറ്റ് താമരപ്പാർട്ടിയിൽനിന്നും പണം വാങ്ങിയിട്ടുണ്ടാകും, അതും ത്യജിക്കണ്ട. പക്ഷേ, നിങ്ങൾ ത്യജിക്കേണ്ട ഒരു സാധനം ഞാൻ പറഞ്ഞു തരാം, ഈ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കള്ളക്കച്ചവടത്തിലൂടെ വർഗ്ഗീയത്താമര വിറ്റുകിട്ടിയ കുറച്ച് വോട്ടുമായി നിങ്ങളിൽ ചിലർ ജയിച്ചിട്ടുണ്ട്. അന്ന് റിട്ടേണിംഗ് ഓഫീസർ നൽകിയ ഒരു വിജയകാർഡുണ്ട്. ആ കാർഡ് ഇവിടെ സറണ്ടർ ചെയ്താൽ നിങ്ങളുടെ രാഷ്ട്രീയ ആരോഗ്യത്തിന് അത് ഗുണം ചെയ്യുമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. അല്ലെങ്കിൽ എന്താ സംഭവിക്കുന്നത്? ബഹുമാനപ്പെട്ട സ്പീക്കർ സർ, അടുത്ത തെരഞ്ഞെടുപ്പ് കഴിയുമ്പോൾ താങ്കളുടെ റൈറ്റും ലെഫ്റ്റുമെല്ലാം ഇന്ന് ഭരണപക്ഷത്തിരിക്കുന്നവർ മാത്രമായിരിക്കും ഇരിക്കുന്നത്. അതുണ്ടാകാതിരിക്കാൻ വേണ്ടിയാണ് ഞാൻ പറയുന്നത്. യു.ഡി.എഫ്.-ന്റെ കാലത്ത് എന്തായിരുന്ന സ്ഥിതി? വർഷത്തിലൊരിക്കൽ അരിയും പയറും അതിന്റെ കൂടെ പാറ്റയും പുഴുവുമൊക്കെ വരും. അതായിരുന്ന സ്ഥിതി. വളരെ അപമാനകരമായ സ്ഥിതി. ഇപ്പോൾ അതിനെല്ലാം മാറ്റം വന്നല്ലോ; അതുപോലെ ഇപ്പോഴത്തെ മാവേലി സ്റ്റോറുകളുടെ രൂപം നോക്കിയാൽ ഏതാണ്ട് എല്ലാദിവസവും മാവേലി മന്നൻ സർവ്വാംഗ വിഭൂഷിതനായി

വരുന്നതുപോലെയാണ്. എല്ലാ പഞ്ചായത്തിലും സൂപ്പർ മാർക്കറ്റുകളുടെ രൂപത്തിൽ മാവേലി സ്റ്റോറിലേയ്ക്ക് സാധനങ്ങൾ വന്നുകൊണ്ടിരിക്കുന്നു. മറ്റൊരു വലിയ പദ്ധതി ഇപ്പോൾ നടപ്പിലാക്കാൻ പോകുന്നു. ഉഗ്രൻ പദ്ധതിയാണ്; സുഭിക്ഷ ഹോട്ടലുകൾ എന്ന പദ്ധതി, ഭക്ഷ്യവകുപ്പിന്റേതാണ്. നമ്മുടെ പഞ്ചായത്തുകളിൽ ആരംഭിച്ച ജനകീയ ഹോട്ടലുകൾപോലെ എല്ലാ മണ്ഡലത്തിലും 20 രൂപയ്ക്ക് ശാപ്പാട് കിട്ടാൻ പോകുന്ന ഹോട്ടലാണ്. ആ ഹോട്ടലുകൾ പാവപ്പെട്ടവരുടെ പഞ്ചനക്ഷത്ര ഹോട്ടലുകളായി നാളെ അറിയപ്പെടാൻ പോകുകയാണെന്ന് നിങ്ങൾ മനസ്സിലാക്കണം. ചിലർക്ക് ഇത് പിടിക്കില്ല. അത് ആരാണെന്ന് ചോദിച്ചാൽ ഒന്ന്, പച്ചരി കണ്ടാൽ പല്ലിളിച്ച് പരിഹസിക്കുന്ന യു.ഡി.എഫ്.-ന്റെ എഫ്.ബി. ബാലന്മാർ; നമ്മുടെ ജില്ലയിൽ ചിലരുണ്ട്. രണ്ട്, പാലക്കാട് എൻ.എം.ആർ. ബിരിയാണി തിന്നാലേ പാട്ടുപാടി ജനസേവനം സാധ്യമാകൂ എന്നുപറയുന്ന ഒരു കൂട്ടരുമുണ്ട്. അവർക്ക് ഇത് പിടിക്കില്ല. അവരെല്ലാം അന്നം മുടക്കികളാണ്. ആ അന്നം മുടക്കികൾക്കൊപ്പമല്ല എൽ.ഡി.എഫ്., അന്നമുണ്ടാക്കുന്ന അദ്ധ്വാനവർഗ്ഗത്തിനൊപ്പമാണ് എന്നതാണ് പ്രത്യേകത. അതുകൊണ്ടാണ് രാജ്യത്ത് മറ്റെവിടെയും നൽകാത്ത വിലനൽകി കേരളത്തിൽ നെല്ല്

സംഭരിക്കുന്നത്. അതിന് നേതൃത്വം നൽകുന്നത് ഭക്ഷ്യവകുപ്പാണ്. മറ്റെല്ലാ സംസ്ഥാനത്തും കർഷകർ നെല്ലുമായി മിൽ ഉടമകളുടെ മുന്നിൽ കാത്തുനില്ക്കണം. എന്നാൽ കേരളത്തിലോ? കർഷകരുടെ വീട്ടുമുറ്റത്തേയ്ക്ക് ഉദ്യോഗസ്ഥരും മിൽ ഏജന്റുമാരും ചെന്ന് നെല്ല് അളക്കുകയാണ്. ആ നാടാണ് കേരളം. അതേസമയം, നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് ഒരു ചെറിയ കാര്യം എനിക്ക് ഇവിടെ പരാമർശിക്കാനുണ്ട്. വിള ആരംഭിക്കുന്ന ഘട്ടത്തിൽത്തന്നെ സംഭരണ നടപടികൾ ആരംഭിക്കണം. ഉല്പാദനക്ഷമത കൂടിയ ഈ സാഹചര്യത്തിൽ ഒരേക്കറിന് മൂവായിരം കിലോഗ്രാം നെല്ല് എങ്കിലും മിനിമം സംഭരിക്കാൻ തയ്യാറാകണം. അതുപോലെതന്നെ മോയിസ്റ്റർ കണ്ടന്റ്. ജലാംശമുണ്ടെന്ന് പറഞ്ഞൊരു തട്ടിപ്പുണ്ട്. പത്തും ഇരുപതും മുപ്പതും കിലോഗ്രാം നെല്ല്, കർഷകരുടെ കയ്യിൽനിന്നും വെട്ടിപ്പുനടത്തുന്ന ഏർപ്പാടും അവസാനിപ്പിക്കണം. സമയം ഇന്ന് വളരെ പ്രധാനപ്പെട്ടതാണ് എന്നുള്ളതുകൊണ്ട് ഞാൻ അധികം നീട്ടുന്നില്ല. ഇരുട്ടിന്റെ ശക്തികളിൽനിന്നും ഈ മലയാള നാടിനെ മോചിപ്പിക്കാൻ മഹാന്മാരായ നവോത്ഥാന നായകരും ദേശീയ പ്രക്ഷോഭ നേതാക്കളും കർഷക പോരാളികളും കമ്മ്യൂണിസ്റ്റുകാരും നടത്തിയ പോരാട്ടമുണ്ട്. ആ

പോരാട്ടത്തിനിടയിൽ അവർ കണ്ട സ്വപ്നമുണ്ട്. ആ സ്വപ്നം നവകേരളമെന്ന സ്വപ്നമാണ്. ആ നവകേരള സൃഷ്ടികർമ്മമാണ് ഇവിടെ പുരോഗമിച്ചുകൊണ്ടിരിക്കുന്നത്. മൃഗതുല്യമായ വേദനകളും യാതനകളും അയവിറക്കി അരവയറുപോലും നിറയ്ക്കാൻ നിവൃത്തിയില്ലാതെ അദ്ധ്വാനവർഗ്ഗം അന്താളിച്ചുനിന്നപ്പോൾ അവരെ കൈപിടിച്ചുയർത്തിയ ചരിത്രത്തിന്റെ കരുത്തുമായാണ് ഈ സർക്കാർ കുതിക്കുന്നതെന്ന് നിങ്ങൾ ഓർത്തുകൊള്ളണം. ഉടുതുണിക്ക് മറുതുണിയില്ലാതെ ഉരിയരിപോലും ഉണ്ണാനില്ലാതെ ഉറങ്ങാനിത്തിരി ഇടമില്ലാതെ ഉടയതമ്പുരാന്മാർ എന്നുകരുതിയ ദൈവത്തെ ഒരു നോക്കുകാണാൻ അവകാശമില്ലാതിരുന്ന ഉരുകിത്തീരുന്ന കേരളത്തിലെ ജീവിതങ്ങൾക്ക് ജീവിക്കാനാവശ്യമായ മണ്ണും നിവർന്നുനിൽക്കാനാവശ്യമായ നട്ടെല്ലും നൽകിയ പ്രസ്ഥാനത്തിന്റെ വർത്തമാനകാല പോരാളി സഖാവ് പിണറായി വിജയൻ നയിക്കുന്ന ഈ സർക്കാരിന്റെ എല്ലാ നിലപാടുകളെയും ഹൃദയപൂർവ്വം പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുകയാണ്.

<u>ശ്രീ. മാത്യു ടി. തോമസ്:</u> സർ, പോയിന്റ് ഓഫ് ഓർഡർ.... ധനാഭ്യർത്ഥന അവതരിപ്പിക്കുമ്പോൾ നിരവധിയായ കട്ട് മോഷൻസ്

അവതരിപ്പിക്കാറുണ്ട്. കഴിഞ്ഞ ദിവസം കക്ഷിനേതാക്കളുടെ യോഗം ചേർന്നപ്പോൾ ചർച്ച ചെയ്തതാണ്; ഈ കട്ട് മോഷൻസ് ഒഴിവാക്കിക്കൂടേ എന്ന്. അപ്പോൾ അവിടെയുണ്ടായ വിശദീകരണം, കട്ട് മോഷൻസ് അവതരിപ്പിച്ചുകൊണ്ടാണ് ചർച്ചയിലേയ്ക്ക് കടക്കുന്നത്. ഈ ധനാഭ്യർത്ഥനയിൽ ഒരു കട്ട് മോഷൻപോലും അവതരിപ്പിച്ചിട്ടില്ല. പ്രതിപക്ഷ അംഗങ്ങൾക്ക് ചട്ടപ്രകാരം സംസാരിക്കാൻ അവകാശമുണ്ടോ എന്നതിൽ അങ്ങ് റൂളിംഗ് നൽകണം.

മി. സ്പീക്കർ: ധനാഭ്യർത്ഥനയിൽ ഒരു ഖണ്ഡനോപക്ഷേപവും പ്രതിപക്ഷം അവതരിപ്പിച്ചിട്ടില്ലാത്തതിനാൽ ചർച്ചയിൽ പങ്കെടുക്കാൻ അവകാശമുണ്ടോ എന്നുള്ള ചോദ്യമാണ് ബഹുമാനപ്പെട്ട മാത്യു ടി. തോമസ് ഉന്നയിച്ചത്. ഖണ്ഡനോപക്ഷേപം അവതരിപ്പിക്കാത്ത ഭരണപക്ഷ അംഗങ്ങളും ചർച്ചയിൽ പങ്കെടുക്കുന്നുണ്ട്. അതുകൊണ്ട് ചർച്ചയിൽ പങ്കെടുക്കുന്നതിന് ഒരു തടസമല്ല.

ശ്രീ. എം. വിൻസെന്റ്, അങ്ങയുടെ പത്ത് സെക്കന്റാണ് നഷ്ടപ്പെട്ടിട്ടുള്ളത്. അത് അനുവദിച്ചുതരും.

<u>ശ്രീ. എം. വിൻസെന്റ്:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇവിടെ ശ്രീ. കെ. ഡി. പ്രസേനൻ പ്രസംഗിച്ചപ്പോൾ കുട്ടികൾക്ക് മിഠായി കൊടുക്കുന്ന കിറ്റുകൾ പോലും പ്രതിപക്ഷം എതിർക്കുന്നു എന്നുപറഞ്ഞു. അദ്ദേഹം യഥാർത്ഥത്തിൽ വഞ്ചിക്കപ്പെട്ടിരിക്കുകയാണ്. ഇന്നത്തെ മലയാള മനോരമ പത്രത്തിലെ വാർത്ത; ഓണത്തിനുശേഷം ഭക്ഷ്യക്കിറ്റില്ല - മന്ത്രി ജി. ആർ. അനിൽ. അതുകൊണ്ട് ശ്രീ. കെ. ഡി. പ്രസേനൻ കുറച്ച് മിഠായി കവറുകൾ വാങ്ങിവച്ച് ഈ കിറ്റുകൾ മുടങ്ങുന്ന സമയത്ത് കുട്ടികൾക്ക് കൊണ്ടുകൊടുത്താൽ നന്നായിരുന്നുവെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. ഈ സമയത്ത് കിറ്റ് നിർത്തുന്നത് വളരെ ക്രൂരമല്ലേ? കിറ്റുകൊടുക്കാൻവേണ്ടി ഇവർ തെരഞ്ഞെടുക്കുന്ന ഒരു സമയമുണ്ട്. നമ്മുടെ ചരിത്രത്തിൽ ഇന്നുവരെ ഉണ്ടായിട്ടില്ലാത്തവിധത്തിലുള്ള ഒരു ലോക്ക്ഡൗൺ, നമുക്ക് പരിചിതമല്ലാത്ത ഒരു ലോക്ക്ഡൗൺ പ്രഖ്യാപിച്ചത് 2020 ഏപ്രിൽ മാസമാണ്. ആ ഏപ്രിലിൽ നിങ്ങൾ കിറ്റ് കൊടുത്തില്ല. ആരും പുറത്തിറങ്ങുന്നില്ല, ആരും ജോലിക്ക് പോകുന്നില്ല, ആർക്കും വരുമാനമില്ല. എല്ലാവരും വീട്ടിലിരുന്ന സമയത്ത് നിങ്ങൾ കിറ്റ് കൊടുത്തില്ല. മെയ്

മാസത്തിൽ കിറ്റ് കൊടുത്തില്ല, ജൂൺ മാസത്തിൽ കിറ്റ് കൊടുത്തില്ല, ജൂലൈ മാസത്തിൽ കിറ്റ് കൊടുത്തില്ല. പിന്നെ നിങ്ങൾ കൊടുത്തത് എല്ലാ ഗവൺമെന്റുകളും കൊടുക്കുന്ന ഓണക്കിറ്റാണ്. ഓണക്കിറ്റ് കഴിഞ്ഞപ്പോൾ പഞ്ചായത്ത് തെരഞ്ഞെടുപ്പ് വരുന്നു. പഞ്ചായത്ത് തെരഞ്ഞെടുപ്പ് വന്നപ്പോൾ കിറ്റ് കൊടുത്തു. അതിനുശേഷം നിയമസഭാ തെരഞ്ഞെടുപ്പ് വരെ കൊടുക്കാൻ തീരുമാനിച്ചു. തെരഞ്ഞെടുപ്പ് കഴിഞ്ഞയുടനെ നിർത്തിയാൽ അപകടമാകുമെന്ന് കരുതിയാണ് രണ്ടുമാസംകൂടി കൊടുത്തത്. ഈ ജൂലൈ മാസത്തിൽ കിറ്റില്ല. ജൂൺ മാസത്തെ കിറ്റ് പല കടകളിലും എത്തിയത് ജൂലൈ മാസത്തിലാണ്. അപ്പോൾ ജൂലൈ മാസത്തിൽ 31 ദിവസമുണ്ടെന്ന് തെറ്റിദ്ധരിച്ചയാളുകൾ വാങ്ങാൻ പോയപ്പോൾ കിറ്റ് കിട്ടുന്നില്ല. കാരണമെന്താ? 29-ാം തീയതി ആയപ്പോൾ കിറ്റ് വിതരണം നിർത്തി. നിർത്തിയിട്ട് രണ്ടരലക്ഷത്തോളം കിറ്റുകൾ ആ കടകളിൽനിന്ന് തിരിച്ചെടുക്കുകയാണ്. ഇത് ശരിയായ ഒരു നടപടിയാണോ? കിറ്റുകൾ നിർത്തലാക്കുകയല്ല വേണ്ടത്. കിറ്റുകൾ നിങ്ങൾ കൊടുക്കുന്നത് തുടരണം. ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് റേഷൻ കടയിൽപ്പോയി റേഷൻ വാങ്ങാൻ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് പണം വേണ്ടായിരുന്നു. സഞ്ചി

മാത്രം കൊണ്ടുപോയാൽ അവർക്ക് റേഷൻ കിട്ടുമായിരുന്നു. നിങ്ങൾ രണ്ടുരൂപ ഈടാക്കുകയാണ്. കോവിഡിന്റെ പശ്ചാത്തലത്തിലെങ്കിലും മുൻഗണനാ പട്ടികയിലുള്ളവർക്ക് സൗജന്യമായി അരി കൊടുക്കാൻ നിങ്ങൾ തയ്യാറാകണം.

പ്രതിദിന കോവിഡ് രോഗികളുടെ എണ്ണത്തിൽ ഇന്ത്യയിൽ ആകെയുള്ള എണ്ണത്തിൽ പകുതിയിലേറെ കേരളത്തിലാണ്. ഇന്നലെ ഇവിടെ അവതരിപ്പിച്ച ചട്ടം 300 പ്രകാരമുള്ള സ്റ്റേറ്റ്മെന്റിൽ ഇളവുകളെല്ലാം പ്രതീക്ഷിച്ചു. ഇന്ന് അതിനോടനുബന്ധിച്ചുള്ള ഉത്തരവ് ഇറങ്ങിയപ്പോൾ ഇളവുകളേക്കാൾ കൂടുതൽ നിയന്ത്രണങ്ങളിലേയ്ക്കാണ് പോകുന്നത്. എന്ത് പരിഹാസ്യമാണ്. 72 മണിക്കൂർ മുമ്പെടുത്ത ആർ.ടി.പി.സി.ആർ. ടെസ്റ്റ് റിപ്പോർട്ട് വേണം. ഇന്ന് 72 മണിക്കൂർ മുമ്പെടുത്ത ടെസ്റ്റ് റിപ്പോർട്ടുമായി ഒരാൾ പോകുന്നു. നാളെ വീണ്ടും എടുക്കണ്ടേ? എല്ലാ ദിവസവും എടുക്കണ്ടേ? 72 മണിക്കൂർ എന്ന നിബന്ധന പാലിച്ചാൽ എല്ലാ ദിവസവും പോയി എടുക്കണം.

<u>ശ്രീ. പി. ടി. തോമസ്:</u> ബഹുമാനപ്പെട്ട മെമ്പർ, ഈ ആർ.ടി.പി.സി.ആർ. ടെസ്റ്റ് മറ്റ് സാധനങ്ങൾ വാങ്ങാൻ പോകുമ്പോൾ

എടുക്കണം. എന്നാൽ ബിവറേജസ് കോർപ്പറേഷനിൽ പോകുന്ന ആളുകൾക്ക് അത് വേണ്ടായെന്നൊരു ഉത്തരവ് കൂടിയുണ്ടെന്നുള്ള വിവരം അറിയാമോ?

ശ്രീ. എം. വിൻസെന്റ്: ബിവറേജസ് കോർപ്പറേഷൻ എല്ലാ നിയന്ത്രണങ്ങൾക്കും അധീതമാണല്ലോ? നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് ഈ കാലത്ത് ആർക്കും സഹിക്കാൻ കഴിയില്ല. ജനങ്ങൾ കോവിഡിന്റെ പ്രതിസന്ധിയിലാണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഇന്ധനവില വർദ്ധനവുകൊണ്ട് പൊറുതിമുട്ടിയിരിക്കുന്ന ജനങ്ങൾക്ക് വിലയിലുണ്ടാകുന്ന നേരിയ വർദ്ധനവുപോലും സഹിക്കാൻ കഴിയില്ല. സപ്ലൈകോയിലെ അഴിമതിയും പൊതുവിപണിയിലെ വിലയും ഒരുപോലെ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അഴിമതിയെക്കുറിച്ച് പറഞ്ഞാൽ കിറ്റിൽ ഖാദി മാസ്ക് നൽകുന്നതിൽ ക്രമക്കേട്, വാർത്തകളാണ്. തമിഴ്നാട്ടിൽനിന്ന് ആറ് രൂപയ്ക്ക് വാങ്ങിയ സഞ്ചി സർക്കാരിന് വിറ്റത് 19 രൂപയ്ക്കാണ്. ഓണക്കിറ്റിൽ വൻഅഴിമതി, ഏലക്കായയുടെ മറവിൽ കോടികളുടെ വെട്ടിപ്പ്, വലിയതുറ ഗോഡൗണിലെ ലക്ഷങ്ങളുടെ വെട്ടിപ്പിൽ പോലീസ് അന്വേഷണമില്ല ഇങ്ങനെ നിരവധിയായ അഴിമതിക്കഥകൾ ഒന്നൊന്നായി

പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. സപ്ലൈകോയിലെ അഴിമതി കേൾക്കാൻതന്നെ വളരെ പാടാണ്. വലിയ അഴിമതിയുടെ ഉരുക്കുകോട്ടയാണ്, ഒരു വാർത്തപോലും പുറത്തുവരില്ല. ഇനി വന്നാൽത്തന്നെ അത് സപ്രസ് ചെയ്യുകയാണ്. പത്ത് ലക്ഷത്തിന്റെ ധാന്യങ്ങൾ കടത്തിയ കേസിൽ സപ്ലൈകോ വിജിലൻസ് പോലീസ് അന്വേഷണത്തിന് ശിപാർശ ചെയ്തു. റിപ്പോർട്ട് പോലീസിന് കൈമാറാത്തത് കാരണം പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. ഇതുവരേയും കൈമാറിയിട്ടില്ല. സപ്ലൈകോയിലെ വിജിലൻസ് തന്നെ.., വേലിതന്നെ വിളവുതിന്നുന്നത് പോലെയാണ്. വിജിലൻസിനെക്കുറിച്ച് വലിയ ആരോപണങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. കിറ്റിൽ സാധനങ്ങൾ നിറയ്ക്കുന്ന പ്ലാസ്റ്റിക് കവറുകൾ വാങ്ങിയതിൽവരെ അഴിമതിയാണ്. വിലക്കയറ്റംകൊണ്ട് പൊറുതിമുട്ടുന്ന ജനങ്ങളെ സഹായിക്കാൻ ഈ സർക്കാരിന് എന്തെങ്കിലും ഒരു പദ്ധതിയുണ്ടോ? പച്ചക്കറിക്ക് വലിയ വില വർദ്ധനവല്ലേ? 30 രൂപ ഉണ്ടായിരുന്ന വെണ്ടയ്ക്ക 80 രൂപയായി, 40 രൂപയുടെ നാരങ്ങയ്ക്ക് 80 രൂപയായി, പയർ 60 രൂപയിൽനിന്ന് 100 രൂപയായി, തക്കാളി 20 രൂപയിൽനിന്ന് 30

രൂപയായി, മുളകിന്റെ വിലയ്ക്ക് മുളകിനേക്കാൾ എരിവാണ്. 100 രൂപയ്ക്ക് കിട്ടിക്കൊണ്ടിരുന്ന മുളകിന് 160 രൂപയായി, വെളിച്ചണ്ണ 120 രൂപയിൽനിന്ന് 210 രൂപയായി, പാമോയിൽ 65 രൂപയിൽനിന്ന് 150 രൂപയായി, ജീരകത്തിന്റെ വില 150 രൂപയിൽനിന്ന് 220 രൂപയായി, ഉലുവയുടെ വില 60 രൂപയിൽനിന്ന് 90 രൂപയായി, പെരുംജീരകത്തിന് പെരിയ വിലയാണ് 80 രൂപയിൽനിന്ന് 160 രൂപയായി. കാലിത്തീറ്റകൾക്ക് വലിയ വില വർദ്ധനവാണ്. ഇദയം പിണ്ണാക്ക് ഒരു ചാക്കിന് 2,100 രൂപയിൽനിന്ന് 2,460 രൂപയായി, വർദ്ധനവ് 360 രൂപയാണ്. എള്ളുപിണ്ണാക്കിന് 400 രൂപയുടെ വർദ്ധനവ്, കടലപിണ്ണാക്കിന് 350 രൂപയുടെ വർദ്ധനവ്. നിർമ്മാണ സാമഗ്രികളായ സിമന്റ്, കമ്പി തുടങ്ങിയ സാധനങ്ങൾക്കും വലിയ വില വർദ്ധനവാണ്. എല്ലാ സാധനങ്ങൾക്കും വലിയ വില വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. ഓപ്പൺ മാർക്കറ്റിലെ വിലയാണ് പറയുന്നത്. പക്ഷേ സപ്ലൈകോയുടെ ഔട്ട്ലറ്റുകളിൽ നോൺ സബ്സിഡി സാധനങ്ങൾക്ക് ഓപ്പൺ മാർക്കറ്റിലേക്കാൾ വില കൊടുക്കണം. പഞ്ചസാര ഓപ്പൺ മാർക്കറ്റിൽ 35 രൂപ, ഇവിടെ 39 രൂപ ഇങ്ങനെ ഒന്നിനുപുറകെ ഒന്നായി എല്ലാ സാധനങ്ങൾക്കും വില വർദ്ധിക്കുകയാണ്.

റേഷൻ കടകളിൽ എ.എ.വൈ. കാർഡുകാർക്ക് 30 കിലോ അരിയും 5 കിലോ ഗോതമ്പും സൗജന്യമായി ലഭിക്കുന്നതാണ്. അതിൽനിന്നും ഒരു കിലോ ഗോതമ്പ് കുറച്ച് ആട്ടയാക്കി കൊടുത്തതിന് ആറ് രൂപവച്ച് ഈടാക്കുകയാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് 5 കിലോ ഗോതമ്പ് കൊടുക്കുന്നതാണ്. അതിൽ ഒരുകിലോ ഗോതമ്പ് കുറച്ചിട്ട് ആട്ടയാക്കി കൊടുത്തതിന് എട്ട് രൂപ ഈടാക്കുകയാണ്. ഇത് കൊള്ളയല്ലേ? കോവിഡിന്റെ കാലത്താണ് ഈ വകുപ്പ് ഈ നിലയിൽ കൈകാര്യം ചെയ്യുന്നത്. ഇവിടെ ഓണക്കിറ്റ് കൊടുക്കുന്നു. എ.എ.വൈ. കാർഡുകാർക്ക് മാത്രമാണ് റേഷൻകടയിൽ ഓണക്കിറ്റ് എത്തിയിട്ടുള്ളത്. എ.എ.വൈ. കാർഡ് അല്ലാത്ത ഒരാൾക്കുമാത്രമാണ് നിങ്ങൾ ഭക്ഷ്യകിറ്റ് കൊടുത്തിട്ടുള്ളത്. ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള ഒരാൾക്കുമാത്രമാണ് കൊടുത്തിട്ടുള്ളത്. മന്ത്രി നേരിട്ട് കൊടുത്തിട്ടുണ്ട്. പ്രശസ്ത സിനിമാതാരം മണിയൻപിള്ള രാജുവിന് മാത്രമാണ് കൊടുത്തത്. അങ്ങ് കിറ്റ് കൊണ്ടുപോയി കൊടുക്കേണ്ടിയിരുന്നത് എ.എ.വൈ. കാർഡുകാരന്റെ ഓലക്കുരയിലായിരുന്നു. എല്ലാ പ്രസംഗങ്ങളിലും സർക്കാരിനേയും മുഖ്യമന്ത്രിയേയും...., മുഖ്യമന്ത്രിയെക്കുറിച്ച് എന്തെല്ലാം വായ്ത്താരികളാണ്

ഇവിടെ കേൾക്കുന്നത്. ആൾദൈവങ്ങൾക്കെതിരെ നിലപാടെടുത്തിരുന്ന സി.പി.ഐ.(എം.) ഇപ്പോൾ സ്വന്തം നേതാവിനെത്തന്നെ ദൈവമായി അവതരിപ്പിച്ചിരിക്കുകയാണ്. ചിലർ അദ്ദേഹത്തെ കവിയായി അവതരിപ്പിക്കുന്നു, ചിലർ കലാകാരനായി അവതരിപ്പിക്കുന്നു, ചിലർ പോരാളിയായി അവതരിപ്പിക്കുന്നു. കേരളത്തിലെ ജനങ്ങൾ......... ഒരു വാക്കുകൂടി പറഞ്ഞ് അവസാനിപ്പിക്കാം........ (മൈക്ക് ഓഫ്).......

<u>ശ്രീ. സി. സി. മുകുന്ദൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. വീണ്ടും ഒരു ഓണംകൂടി കോവിഡ് മഹാമാരിയിൽ പെട്ടിരിക്കുകയാണ്. ജനങ്ങൾക്ക് സാമാന്യം മെച്ചപ്പെട്ട തോതിൽ ബോണസും മുൻകൂർ ശമ്പളവും മറ്റാനുകൂല്യങ്ങളും കിട്ടുന്നകാലമായിരുന്നു ഓണക്കാലം. ഓണക്കാലത്ത് ഉപയോഗിക്കാനായി നാട്ടിൻപുറത്തെ ജനങ്ങൾ അവരുടെ ദിവസവരുമാനത്തിൽനിന്ന് മിച്ചംപിടിച്ച തുക കുറികളിലോ മറ്റ് ലഘു സമ്പാദ്യപദ്ധതികളിലോ നിക്ഷേപിക്കുക പതിവാണ്. നമ്മുടെ സഹകരണ ബാങ്കുകളിൽ ഓണക്കാലത്ത് വീട്ടുപകരണങ്ങളും മറ്റും വാങ്ങുന്നതിന് പ്രത്യേക വായ്പകൾതന്നെ അനുവദിക്കാറുണ്ട്. അങ്ങനെ പലവിധത്തിൽ ജനങ്ങളുടെ കയ്യിൽ പണം വന്നുചേരുകയും അത് അവർ

വിപണിയിൽ ഇറക്കുകയും ചെയ്യുന്ന കാലമായിരുന്നു ഓണക്കാലം. സർക്കാരിന് വലിയ തോതിൽ നികുതി വരുമാനം ഓണക്കാലത്ത് ലഭിച്ചിരുന്നു. അങ്ങനെ സർക്കാരും ജനങ്ങളും വലിയ സന്തോഷത്തോടെ കണ്ടിരുന്ന ഓണക്കാലം കോവിഡ് വന്നതോടെ വലിയ പ്രതിസന്ധിയിലാണ്. സാധാരണ തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ വളരെ കുറവായിരിക്കും. കാര്യമായ ബോണസ് ആർക്കും കിട്ടാത്ത ഒരു സാഹചര്യമാണ്. കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ഈ ബുദ്ധിമുട്ടുകളിലൂടെ കടന്നുപോകുമ്പോൾ ജനങ്ങളെ ചേർത്തുപിടിച്ച സർക്കാരാണ് ഇടതുപക്ഷ മുന്നണി സർക്കാർ. ഈ പ്രതിസന്ധിയിൽ ജനങ്ങൾക്കൊപ്പം നിന്നതുകൊണ്ടാണ് ഇടതുപക്ഷത്തിന് തുടർ ഭരണം ലഭിച്ചത്. ആരോഗ്യവകുപ്പും ഭക്ഷ്യവകുപ്പും അവസരത്തിനൊത്ത് ഉണർന്ന് പ്രവർത്തിക്കുകയും അത് തുടർന്നുവരികയും ചെയ്യുന്നു. മഹാമാരിയുടെ കാലത്ത് എല്ലാമാസവും ഭക്ഷ്യ കിറ്റ് വിതരണം ചെയ്യുന്ന സർക്കാരിനേയും ഭക്ഷ്യവകുപ്പിനേയും ഞാൻ അഭിനന്ദിക്കുകയാണ്. ഓണത്തിന് പ്രത്യേക കിറ്റ് സർക്കാർ തയ്യാറാക്കിയിരിക്കുകയാണ്. പാവപ്പെട്ടവരെ സഹായിക്കുന്ന രാഷ്ട്രീയത്തെ പ്രതിപക്ഷം പച്ചരി രാഷ്ട്രീയമെന്ന് പരിഹസിക്കുകയാണ്.

സാധാരണക്കാരുടെ ജീവിതസാഹചര്യങ്ങൾ മറന്നുള്ള നിങ്ങളുടെ ഇത്തരം പരിഹാസങ്ങൾ നിങ്ങളെ സ്ഥിരം പ്രതിപക്ഷത്താക്കുമെന്ന് ഓർത്താൽ നല്ലത്. ഓണക്കാലമാണ് വരുന്നത്, കുറ്റമറ്റ രീതിയിൽ പൊതുവിതരണം നടത്തുവാൻ സർക്കാരിന് എല്ലാ പിന്തുണയും നൽകണം. മലയാളികൾക്ക് ഓണമെന്നാൽ മാവേലിയുടെ ഓർമ്മയാണ്. മലയാളി മാവേലിയെമാത്രമല്ല മാവേലി സ്റ്റോറുകളേയും ഓർക്കും. മാവേലി സ്റ്റോർ എന്നുകേൾക്കുമ്പോൾ മാവേലി മന്ത്രിയേയും മലയാളികൾ ഓർക്കും. മികച്ച രീതിയിൽ ഭക്ഷ്യ പൊതുവിതരണ രംഗത്ത് പ്രവർത്തിച്ച നേതാവായിരുന്നു സഖാവ് ഇ. ചന്ദ്രശേഖരൻ നായർ. മാവേലി സ്റ്റോറുകൾ ആരംഭിച്ച അദ്ദേഹത്തെ ജനങ്ങൾ സ്നേഹത്തോടെ മാവേലിമന്ത്രി എന്ന് വിളിച്ചിരുന്നു. അദ്ദേഹത്തിന്റെ പാതയിൽ സഞ്ചരിക്കാൻ സഖാവ് പി. തിലോത്തമനും ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. ആർ. അനിലിനും കഴിഞ്ഞിട്ടുണ്ട്. നമ്മുടെ സഹകരണവകുപ്പ് ഈ കാര്യത്തിൽ മാതൃകയാണ്. അവർ എത്രവലിയ സേവനമാണ് ഓണക്കാലത്തും അല്ലാത്തസമയത്തും ഭക്ഷ്യവിതരണ രംഗത്ത് നടത്തുന്നത്. ഇപ്പോൾ കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി.-ക്കാർ ഭരണഘടനയെ നോക്കുകുത്തിയാക്കി സഹകരണ മേഖലയെ കേന്ദ്ര സർക്കാരിന്റെ കീഴിൽ

കൊണ്ടുവരാൻ ശ്രമം നടത്തുകയാണ്. സുപ്രീംകോടതി അതിനെതിരെ വിധി പറഞ്ഞു. എങ്കിലും അവർ എല്ലാ കഴിവും നോക്കുകയാണ്. സഹകരണ മേഖലയെന്നാൽ ബാങ്കുകൾ മാത്രമല്ല ജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്ന നിരവധി സംരംഭങ്ങൾകൂടിയാണ്. ഇതിന് പ്രതിസന്ധി നേരിട്ടാൽ നമ്മുടെ പൊതുവിതരണ രംഗത്തടക്കം ആ പ്രതിസന്ധിയുണ്ടാകും. അത് നമ്മൾ തിരിച്ചറിയണം. സഹകരണ മേഖലയെ തകർക്കാനുള്ള ബി.ജെ.പി.-യുടെ ശ്രമങ്ങൾ തടയണം. അത് ഭക്ഷ്യ പൊതുവിതരണ മേഖലയുടെകൂടി ആവശ്യമാണ്. ഭക്ഷ്യ പൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട് സംസാരിക്കുമ്പോൾ ഒരു കാര്യം പ്രത്യേകം സൂചിപ്പിക്കാനുണ്ട്. നമ്മുടെ റേഷൻ കാർഡുകൾ കേവലം ഭക്ഷ്യവിതരണത്തിന് മാത്രമുള്ള രേഖയല്ല. അത് നിരവധി പദ്ധതികളുടെ അടിസ്ഥാന രേഖയായി നമ്മൾ ഉപയോഗിക്കാറുണ്ട്. അതുകൊണ്ടുതന്നെ റേഷൻ കാർഡുമായി ബന്ധപ്പെട്ട് കൃത്യത വളരെ അത്യാവശ്യമാണ്. അനർഹരായ പലരും മുൻഗണനാ വിഭാഗത്തിന്റെ കാർഡുകൾ സ്വന്തമാക്കി വച്ചിരിക്കുന്നതായി സർക്കാർ പറയുന്നു. അത് തിരിച്ചേൽപ്പിക്കാൻ ജനങ്ങൾ പ്രതിനിധീകരിക്കുന്ന ഒരു കാമ്പയിൻ ഭക്ഷ്യ വകുപ്പുമന്ത്രി തുടക്കം കുറിക്കുകയുണ്ടായി. അത് വളരെ നല്ല

കാര്യമാണ്. അത് ഊർജ്ജിതമാക്കണം. അനർഹർ മഞ്ഞ, പിങ്ക് എന്നീ കാർഡുകൾ കൈവശം വയ്ക്കുന്നില്ലെന്ന് ഉറപ്പുവരുത്തിയാൽ മാത്രമേ ആനുകൂല്യങ്ങൾ യഥാർത്ഥ അവകാശികൾക്ക് ലഭ്യമാകൂ എന്നതാണ് പ്രധാനമെന്ന് ഞാൻ സമ്മതിക്കുന്നു. അതിനേക്കാൾ പ്രധാനമായി എനിക്ക് തോന്നുന്നത്, അർഹതയുള്ളവർക്ക് മുൻഗണനാ വിഭാഗത്തിലുള്ള കാർഡുകൾ ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക എന്നതാണ്. വളരെ പാവപ്പെട്ട ജീവിത സാഹചര്യമുള്ള പലർക്കും നീല കാർഡും വെള്ള കാർഡും കൈവശം വയ്ക്കേണ്ടിവരുന്നുണ്ട്. അതുകൊണ്ട് ചികിത്സകളടക്കം പല കാര്യങ്ങൾക്കും അവർക്ക് വലിയ വിഷമങ്ങൾ നേരിടേണ്ടിവരുന്നുണ്ട്. പട്ടികജാതി വിഭാഗത്തിലെ അർഹരായ പലർക്കും മുൻഗണനാ കാർഡുകളില്ലാത്ത സാഹചര്യമുണ്ട്. ഈ വിഷയത്തിൽ സർക്കാർ പ്രത്യേക ഇടപെടൽ നടത്തണം. ഭക്ഷ്യ വകുപ്പും പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പും സംയുക്തമായി ഇടപെടണം. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആളുകൾക്ക് അവകാശപ്പെട്ട കാർഡുതന്നെയാണ് ലഭിച്ചിട്ടുള്ളതെന്ന് ഉറപ്പുവരുത്തണം. ഈ കോവിഡ് കാലത്തുതന്നെ നാം അതിന് മുൻകയ്യെടുക്കണം. അർഹരല്ലാത്തവരെ ലിസ്റ്റിൽനിന്നും ഒഴിവാക്കുന്നതോടൊപ്പം അർഹതയുള്ള

മുഴുവൻ ആളുകൾക്കും മുൻഗണനാ കാർഡുണ്ടെന്ന് ഉറപ്പുവരുത്തണം. ഒരു കുടുംബം പുതിയ കാർഡിന് അപേക്ഷിച്ചാൽ നിലവിലുള്ള രീതിയനുസരിച്ച് അവർക്ക് വെള്ള കാർഡ് ആണ് ലഭിക്കുക. അവർ സത്യത്തിൽ മഞ്ഞ കാർഡിനോ പിങ്ക് കാർഡിനോ അർഹതയുള്ളവരാകും. എങ്കിലും നടപ്പുരീതിയനുസരിച്ച് പുതിയ കാർഡിന് അപേക്ഷിച്ചാൽ വെള്ള കാർഡ് മാത്രമേ ലഭിക്കൂ. ഈ രീതി അശാസ്ത്രീയമാണ്. ജനങ്ങൾക്കും സർക്കാരിനും ഒരുപോലെ അനാവശ്യമായ പ്രശ്നമുണ്ടാക്കരുത്. അത് മാറ്റണം. പുതിയ അപേക്ഷകർക്ക് അർഹതയുള്ള കാർഡ് ലഭിക്കുന്ന തരത്തിൽ തീരുമാനമെടുക്കണമെന്ന് സർക്കാരിനോട് ഞാൻ അഭ്യർത്ഥിക്കുന്നു. ഇവിടെ അവതരിപ്പിക്കപ്പെട്ട ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളെ ചട്ടം 284 ഓർമ്മിപ്പിക്കുകയാണ്. ചട്ടം 284-ന്റെ വിശദീകരണം 10. സഭയിൽ പ്രസംഗിക്കുമ്പോൾ അനുസരിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ചാണ് അതിൽ പറയുന്നത്.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. നമ്മുടെ നാട്ടിൽ 90 ലക്ഷത്തിലേറെ കാർഡുടമകളാണുള്ളത്. പക്ഷേ, അതിൽ മഹാഭൂരിപക്ഷം കാർഡുടമകളും ദാരിദ്ര്യരേഖയ്ക്ക് മുകളിലാണ് ഇപ്പോഴും നിൽക്കുന്നതെന്നുള്ളത് സങ്കടകരമായ കാര്യമാണ്. ഏതാണ്ട് 52 ലക്ഷം ആളുകളും ദാരിദ്ര്യരേഖയ്ക്ക് മുകളിൽ നിൽക്കുന്നതുകൊണ്ട് അർഹരായ ആളുകൾക്കുപോലും റേഷൻ സംവിധാനത്തിന്റെ ആനുകൂല്യം ലഭിക്കാത്ത സാഹചര്യം നമ്മുടെ നാട്ടിലുണ്ട്. ഈ ഗവൺമെന്റ് കിറ്റ് നൽകുന്നുണ്ട്. അത് തീർച്ചയായും സന്തോഷകരമായ കാര്യമായി ഞാൻ കാണുകയാണ്. ഓണക്കിറ്റ് നൽകണം, അതിനോടൊപ്പം പച്ചക്കറികൂടി ഏർപ്പെടുത്തിയാൽ നന്നാകുമെന്ന് ബഹുമാന്യനായ മന്ത്രിയെ ഞാൻ അറിയിക്കുകയാണ്. ഈ നാട് കടന്നുപോകുന്ന സാഹചര്യത്തെക്കുറിച്ച് നമുക്കെല്ലാമറിയാം. എല്ലാവരും ജീവിത പ്രതിസന്ധിയിലാണ്, പ്രയാസത്തിലാണ്. ആളുകൾ വലിയ ബുദ്ധിമുട്ടുകൾ നേരിടുകയാണ്. പക്ഷേ, ഈ സർക്കാർ ആർക്കുവേണ്ടിയാണ് ഭരിക്കുന്നതെന്നത് വലിയൊരു ചോദ്യചിഹ്നമായി നിൽക്കുകയാണ്. വളരെയധികം ആളുകൾ ഇപ്പോഴും റേഷൻ കാർഡിന്റെ പേരിൽ വലിയ

ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. പഴയകാലത്തെ കണക്കുകളും കാര്യങ്ങളും വച്ചായിരുന്നു നമ്മൾ അതിന്റെ മാനദണ്ഡം നിശ്ചയിച്ചിരുന്നത്. ആയിരം സ്ക്വയർഫീറ്റ് വീടുള്ളവർക്ക്, നാലുചക്ര വാഹനങ്ങളുള്ളവർക്ക് അങ്ങനെയൊക്കെയായിരുന്നു മാനദണ്ഡം. പക്ഷേ നല്ല കാലത്ത് ഒരു വീടുണ്ടാക്കിയവരും ലോൺ എടുത്ത് ഒരു കാർ വാങ്ങിയവരുമൊക്കെ ഇപ്പോൾ കട്ടപ്പുറത്താണ് കിടക്കുന്നത്. ആളുകളുടെ ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ  കഴിയാത്തവിധം, ആ കാറിൽ ഒരു ലിറ്റർ പെട്രോൾപോലും അടിക്കാൻ കഴിയാത്തവിധം ആളുകൾ മാറുമ്പോൾ അവർക്ക് കൂടുതൽ കൈത്താങ്ങ് നൽകേണ്ട സാഹചര്യമാണ് ഇപ്പോഴുള്ളതെന്ന് നമുക്ക് വിസ്മരിക്കാൻ കഴിയില്ല.  'വൺ' എന്ന സിനിമയിൽ  മമ്മൂട്ടിയുടെ ഒരു ഡയലോഗുണ്ട്.  "ജനങ്ങളെ ഭരിക്കാനല്ല സാർ ജനാധിപത്യ സർക്കാർ, ജനങ്ങൾക്കുവേണ്ടി ഭരിക്കാനാണ്." നിങ്ങൾ ആർക്കുവേണ്ടിയാണ് ഭരിക്കുന്നതെന്ന് ഞാൻ ഈ ഗവൺമെന്റിനോട് ചോദിക്കുകയാണ്.  നമ്മുടെ നാട്ടിലെ സ്ഥിതിയെന്താണ്?  ഒരു ഭാഗത്തുനിന്ന് ഫൈൻരാജ് നടത്തുകയാണ് പോലീസുകാർ.  നമ്മുടെ നാട് കടന്നുപോകുന്ന ഈ ദുരിതാവസ്ഥയിലും  അഞ്ച് നയാപൈസ കയ്യിലെടുക്കാനില്ലാത്ത

ആളുകൾക്കുമുമ്പിലാണ് പോലീസുകാർ കൈനീട്ടി നിൽക്കുന്നതെന്നത് ദുഃഖകരമായ കാര്യമാണ്. കിറ്റ് കൊടുക്കുന്നത് വളരെ നല്ലതാണെന്ന് ഞാൻ പറഞ്ഞു. പക്ഷേ, കിറ്റുകൾ കൊണ്ടുമാത്രം ഒരു കുടുംബത്തിന് എത്രദിവസം കഴിയാൻ സാധിക്കും. നമ്മൾ തീർച്ചയായും എടുക്കേണ്ട നിലപാട് നേരത്തെ പ്രതിപക്ഷം ഇവിടെ ആവശ്യപ്പെട്ടതുപോലെ ഈ കിറ്റുകളോടൊപ്പം അൽപ്പം പണംകൂടി അവരുടെ കൈകളിലെത്താനുള്ള സംവിധാനമുണ്ടാക്കിയില്ലെങ്കിൽ, വലിയ പ്രയാസം നേരിടുന്ന ഈ ജനസമൂഹം ആത്മഹത്യാ മുനമ്പിലാണ്. അവരുടെ ജീവിതത്തിന്റെ പ്രയാസം കണക്കിലെടുക്കാൻ ഈ ഗവൺമെന്റ് സന്നദ്ധമാകണമെന്ന് ഞാൻ അറിയിക്കുകയാണ്.

ഞാനൊരു സൻമാർഗ്ഗ കഥ പറയുകയാണ്. അപവാദ പ്രചരണം നടത്തൽ പതിവാക്കിയ ഒരാൾ പണ്ടൊരു ഗുരുവിനെ സമീപിച്ചു. അദ്ദേഹം ചോദിച്ചു. ഗുരോ, എനിക്ക് എന്റെ സ്വഭാവം മാറാൻവേണ്ടി എന്താണ് ചെയ്യേണ്ടത്? ആ ഗുരു പറഞ്ഞു, നിങ്ങൾ ഒരുകാര്യം ചെയ്താൽ മതി, തെരുവിലേയ്ക്കിറങ്ങുക. അവിടെനിന്നും ഒരു സഞ്ചി നിറയെ തൂവലുമായി വരണം. ആ നിർദ്ദേശം അയാൾ അനുസരിച്ചു. അയാൾ തെരുവിൽപ്പോയി

ഒരു സഞ്ചി നിറയെ തൂവലുമായി വന്നു. ഗുരുവിനോട് പറഞ്ഞു, ഞാൻ ഈ തൂവലെല്ലാം ശേഖരിച്ചിട്ടും എന്റെ അപവാദ പ്രചരണ സ്വഭാവം നിൽക്കുന്നില്ലല്ലോ. അപ്പോൾ ഗുരു പറഞ്ഞു. നിങ്ങൾ ഈ തൂവൽ മുഴുവൻ നാട്ടിൽ കൊണ്ടുപോയി കവലകളിൽ വിതറുക. അയാൾ തിരിച്ചുവന്നു. ഗുരോ, എന്നിട്ടും എന്റെ സ്വഭാവം മാറുന്നില്ലല്ലോ. ഗുരു പറഞ്ഞു, നിങ്ങൾ വീണ്ടും കവലയിലേയ്ക്ക് പോകുക. ആ തൂവലുകൾ പെറുക്കി കൊണ്ടുവരിക. അയാൾ പോയി. പക്ഷേ, അയാൾക്ക് ഒഴിഞ്ഞ സഞ്ചിയുമായിട്ടാണ് വരാൻ കഴിഞ്ഞത്. അയാൾക്ക് തൂവലുകൾ പെറുക്കിയെടുക്കാൻ കഴിഞ്ഞില്ല. അപ്പോൾ ഗുരു പറഞ്ഞ ഒരു കാര്യമുണ്ട്. അപവാദ പ്രചരണങ്ങൾ തൂവലുകൾ പോലെയാണ്. നിങ്ങളത് ഒരിക്കൽ വിതറിക്കഴിഞ്ഞാൽ പിന്നീടത് നിങ്ങൾക്ക് ഒരിക്കലും തിരിച്ചെടുക്കാൻ കഴിയില്ലെന്ന അറിവ് ഗുരു നൽകിയതുപോലെ അപ്പുറത്തിരിക്കുന്ന ബഹുമാന്യനായ ഒരംഗത്തിന് ആ ഒരു ഉപദേശം മാത്രം ഈ അവസരത്തിൽ നൽകാൻ ഞാൻ ആഗ്രഹിക്കുകയാണ്. യു.ഡി.എഫ്., ഇ.ഡി.-യ്ക്കൊപ്പം എന്നായിരുന്നു ഇന്നലെവരെ ഭരണപക്ഷകക്ഷികളുടെ വലിയ ആക്ഷേപം. ഇന്ന് നിങ്ങളുടെ ഒരംഗം ഇ.ഡി.-യെ വാഴ്ത്തുകയാണ്. ഇ.ഡി.-യെക്കുറിച്ചുള്ള ഇടതുപക്ഷ

നിലപാട് മാറിയോ എന്നറിയാൻ ഈ സഭയിൽ ഞങ്ങൾ ആഗ്രഹിക്കുന്നു. സംസ്ഥാന സർക്കാരിനെതിരെ ഇ.ഡി. വന്നപ്പോൾ ജുഡീഷ്യൽ കമ്മീഷനെ വച്ചവരാണ് നിങ്ങൾ. എപ്പോഴാണ് നിങ്ങൾക്ക് ഇ.ഡി. വ്യത്യസ്ത ഏജൻസിയായി, വിശുദ്ധ പശുവായി മാറിയതെന്നറിയാൻ താല്പര്യമുണ്ട്. ഞങ്ങളാരെയും വ്യക്തിപരമായി വേട്ടയാടാൻ ആഗ്രഹിക്കുന്നവരല്ല. ഞങ്ങൾക്ക് നായാട്ട് ശീലവുമില്ല. തെറ്റ് ചൂണ്ടിക്കാണിക്കുക എന്നത് പ്രതിപക്ഷത്തിന്റെ ധർമ്മമാണ്. ആ ധർമ്മം ഞങ്ങൾ കഴിഞ്ഞ അഞ്ചുവർഷം നിർവ്വഹിച്ചിട്ടുണ്ട്. ഇപ്പോഴും അത് ശക്തമായി തുടരുന്നുണ്ട്. നാളെയും പ്രതിപക്ഷത്തിരിക്കുന്ന കാലത്തോളം അത് തുടരുകയും ചെയ്യും. അതിനർത്ഥം ഞങ്ങൾക്ക് വ്യക്തിപരമായ ഏതെങ്കിലും വിദ്വേഷമുണ്ട് എന്നല്ല. ഞാൻ ബഹുമാന്യനായ അംഗത്തോട് ചോദിക്കട്ടെ, നിങ്ങൾ നിരന്തരം തെറ്റ് ചെയ്ത ഒരാളായിരുന്നു. ഞങ്ങൾ നിരന്തരം നിങ്ങളെ കറക്ട് ചെയ്യാൻ ശ്രമിക്കുകയായിരുന്നു. ഒടുവിൽ ബഹുമാന്യനായ മുഖ്യമന്ത്രിക്കുതന്നെ താങ്കൾ കുറ്റക്കാരനാണെന്ന് ബോദ്ധ്യപ്പെട്ടു. അങ്ങനെയാണ് അദ്ദേഹം താങ്കളോട് രാജിവയ്ക്കാൻ ആവശ്യപ്പെട്ടത്. അതിന് ഞങ്ങളുടെ മെക്കിട്ട് കയറിയിട്ട് എന്താണ് കാര്യം? ഇവിടെ

മന്ത്രിയല്ലാതിരുന്ന കാലത്ത് വാർത്തയിൽ ഇടംനേടാൻ വലിയ ബുദ്ധിമുട്ടുണ്ടെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. വാർത്തയിൽ ഇടംനേടാൻ മാത്രം പ്രതിപക്ഷ ഉപനേതാവിനെ ആയുധമാക്കാനാണ് നിങ്ങൾ ആഗ്രഹിക്കുന്നതെങ്കിൽ അത് ചെറുക്കാൻ തന്നെയാണ് ഞങ്ങളുടെ തീരുമാനമെന്ന് ഞാൻ അറിയിക്കുകയാണ്. ഇതൊക്കെ ഒരു സ്പോർട്സ്മാൻ സ്പിരിറ്റിലെടുക്കണ്ടേ? എന്നും മന്ത്രിയാകാമെന്നും സ്പീക്കർ ആകാമെന്നും വിചാരിക്കുന്നതല്ലേ തെറ്റ്. ബന്ധുനിയമനമായാലും സ്വർണ്ണകള്ളക്കടത്തായാലും ശ്രീ. കെ. ടി. ജലീൽ സ്വന്തം കയ്യിലിരിപ്പുകൊണ്ട് ചെളിയിൽവീണ ആളാണ്. ആ ചെളി മേലാകെ പുരണ്ടയാളുടെ മാനസികാവസ്ഥ സ്വാഭാവികമായും ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും. അതിന് വഴിയേപോകുന്ന എല്ലാവരെയും ചെളിവാരി എറിയുക എന്നത് ഒരു മാനസികാസ്വാസ്ഥ്യമാണ്. അതിന് ചികിത്സ വേറെയാണെന്ന് ഞാൻ ഈ സഭയിൽ അറിയിക്കുകയാണ്. നിങ്ങൾ ഇനിയുള്ള അഞ്ചുവർഷം പ്രതിപക്ഷ ഉപനേതാവിനെ വേട്ടയാടുമെന്നാണ് പറയുന്നത്. ഇതിനാണോ ജനങ്ങളുടെ വോട്ട് വാങ്ങി നമ്മളൊക്കെ എം.എൽ.എ.-മാരായി വന്നത്. ഇതാണോ ഇടതുപക്ഷത്തിന്റെ

ജനസേവനത്തിന്റെ നിലപാട്. ഇതാണോ രണ്ടാം പിണറായി സർക്കാരിന്റെ നയം. ബഹുമാന്യനായ മുഖ്യമന്ത്രിയടക്കം 21 പേർ മന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്തവിവരം ഞങ്ങൾക്കറിയാം. പക്ഷേ നിങ്ങളുടെകൂടെ ഒരു ശിക്കാരിശംഭുവിനെക്കൂടി സത്യപ്രതിജ്ഞ ചെയ്യിപ്പിച്ചിട്ടുണ്ടായിരുന്നുവെന്ന് ഞങ്ങളറിയാൻ വൈകിപ്പോയി. (....ബഹളം...) ഇപ്പോൾ വേട്ടയാടാൻ ഒരാളെ ഏല്പിച്ചിരിക്കുകയാണ്. പാർട്ടിക്ക് പോലീസുണ്ട്, കോടതിയുണ്ട് എന്നെല്ലാമറിയാം. പക്ഷേ സി.ഐ.ഡി. കൂടിയുണ്ടെന്ന് ശ്രീ. കെ. ടി. ജലീൽ തെളിയിക്കുകയാണ്. (....ബഹളം....)

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ചെയർമാൻ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, സഭയിലുള്ള ഒരംഗം മാനസികാസ്വാസ്ഥ്യമുള്ള ആളാണെന്നും ശിക്കാരിശംഭു എന്നുള്ള രീതിയിലും വളരെ തരംതാഴ്ന്ന ഈ സഭയുടെ നിലവാരത്തിന് യോജിക്കാത്ത രീതിയിലുള്ള ആക്ഷേപങ്ങൾ പറഞ്ഞത് രേഖയിലുണ്ടാകാൻ പാടില്ല. (....ബഹളം...)

മി. ചെയർമാൻ: അത് പരിശോധിക്കാം.+

ശ്രീ. നജീബ് കാന്തപുരം: സർ, ശിക്കാരിശംഭു എന്നുപറയുന്നത് മോശം പദമാണെന്ന് എനിക്ക് തോന്നിയിട്ടില്ല. അത് ശ്രീ. മുഹമ്മദ് മുഹസിന് തോന്നിയിട്ടുണ്ടെങ്കിൽ ആ കഥ വായിച്ചാൽ മതിയെന്നുമാത്രം പറയുന്നു. സി.ഐ.ഡി.-യെ സാധാരണ പുറത്തുനിന്നാണല്ലോ വയ്ക്കുന്നത്. ഏതായാലും ഇപ്പോൾ വേറെ ചുമതലയൊന്നുമില്ലാത്ത വിഷമത്തിലിരിക്കുന്ന ഒരാൾക്ക് നിങ്ങൾ ഏതായാലും സി.ഐ.ഡി.-യുടെ ചുമതല നൽകിയത് നന്നായെന്നാണ് എന്റെ അഭിപ്രായം. ശ്രീ. കെ. ടി. ജലീലിന്റെ നാവ് ആരുടേതാണെന്ന് ഞങ്ങൾക്ക് വ്യക്തമായറിയാം. ഞാൻ ഒരു കാര്യം മാത്രം ഈ സഭയിൽ പറയാൻ ആഗ്രഹിക്കുന്നു, അത് ഭസ്മാസുരന് വരം നൽകിയതുപോലെയാകരുത് എന്നുമാത്രമേ നിങ്ങൾ ഓർമ്മിക്കേണ്ടതുള്ളൂ. വ്യക്തി വിദ്വേഷം തീർക്കാൻ ഈ പദവി ഉപയോഗിക്കുന്നവർ അവരുടെ പണി തുടരട്ടെ. നമ്മുടെ ജോലി ജനങ്ങളുടെ പ്രശ്നങ്ങൾ സർക്കാരിന്റെ മുന്നിലെത്തിക്കുക എന്നതാണ്. അതിനാണ് നാം തെരഞ്ഞെടുക്കപ്പെട്ടത്. ഈ ഓണത്തിന് കിറ്റ് കൊടുക്കാൻ തയ്യാറായ സർക്കാരിനെ ഞങ്ങൾ അനുമോദിച്ചുകഴിഞ്ഞിട്ടുണ്ട്. പക്ഷേ ഇന്നത്തെ ജനങ്ങളുടെ ജീവിതാവസ്ഥയെ

+ സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫ.നം.12836/ഇ.ബി./2021/നി.സെ. തീയതി 06.08.2021) സഭാ രേഖയിൽ നിലനിർത്തി.

നമുക്ക് കാണാതിരുന്നുകൂടാ. എത്രയോപേർ ഇതിനകം.... (...മൈക്ക് ഓഫ്...).

മി. ചെയർമാൻ: ബഹുമാനപ്പെട്ട സ്പീക്കർ ചെയറിൽ എഴുതിവച്ചിട്ട് പോയത് ഇന്ന് അപരാഹ്ന സമ്മേളനമുള്ളതുകൊണ്ട് കർശനമായി സമയ 09 പാലിക്കണമെന്നാണ്. അതനുസരിച്ച് ഇതുവരെ തുടർന്നുവന്നത് അങ്ങനെതന്നെയാണ്.

ശ്രീ. ജി. സ്റ്റീഫൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പരിപൂർണ്ണമായി പിന്തുണയ്ക്കുകയാണ്.

ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ഭക്ഷ്യരംഗത്ത് നടപ്പിലാക്കിയ നയങ്ങളുടെ പാത പിന്തുടർന്നാണ് രണ്ടാം പിണറായി സർക്കാരും ജനങ്ങളെ സഹായിക്കാനുള്ള നിലപാടുകൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. മനുഷ്യന്റെ ആരോഗ്യത്തിനായി ശുദ്ധവായുവും ശുദ്ധജലവും കഴിഞ്ഞാൽ ജീവിക്കാൻ അത്യാവശ്യമായ കാര്യം ഭക്ഷ്യസാധനങ്ങളാണ്. ഇത് ആവശ്യമായ തോതിൽ ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള നടപടികളാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഈ കാലയളവിൽ സ്വീകരിച്ചുവരുന്നത്. കേരളത്തിന്റെ

പൊതുവിതരണ ശൃംഖല എണ്ണയിട്ട് മിനുക്കിയ യന്ത്രം പോലെയാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. നഗ്നനേത്രങ്ങൾ കൊണ്ട് കാണാൻ കഴിയാത്ത കൊറോണ വൈറസിന്റെ ആക്രമണം ലോകത്താകെയുണ്ടായിരിക്കുന്ന സാഹചര്യത്തിൽ, ജനങ്ങൾക്ക് ലഭിച്ച സംരക്ഷണവും സുരക്ഷയും, പ്രത്യേകിച്ച് ഭക്ഷ്യരംഗത്ത് ലഭിച്ച സുരക്ഷ കേരളത്തെ സംബന്ധിച്ചിടത്തോളം ഉദാത്ത ഉദാഹരണമായി നമ്മുടെ മുന്നിൽ നിൽക്കുകയാണ്. ലോക്ഡൗൺ പ്രഖ്യാപിച്ച സമയത്ത് ഇന്ത്യയിൽ ആദ്യമായി ആശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ സംസ്ഥാനമാണ് കേരളം. പ്രസ്തുത നേട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് രണ്ടാം പിണറായി സർക്കാർ രൂപീകരിക്കുന്നതിനുവേണ്ടിയുള്ള ജനവിധി കേരളത്തിലെ ജനങ്ങൾ ഇടതുപക്ഷ ജനാധിപത്യമുന്നണിയ്ക്ക് നൽകിയതെന്നതാണ് യഥാർത്ഥ വസ്തുത. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പട്ടിണിയും പോഷകാഹാരക്കുറവുമൂലവും ജനങ്ങൾ മരണപ്പെടുമ്പോൾ, ഈ പ്രതികൂലമായ കാലയളവിൽ നമ്മുടെ സർക്കാർ ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്ത് ജനങ്ങളെ സഹായിക്കാൻ തയ്യാറായി. ലോക്ഡൗൺ കാലത്ത് വിതരണം ചെയ്ത ഭക്ഷ്യകിറ്റുകൾ ജനങ്ങൾക്ക്

ആശ്വാസക്കിറ്റുകളായി മാറുകയാണ് ചെയ്തത്. അതിഥി തൊഴിലാളികളടക്കമുള്ള ജനങ്ങൾക്ക് ഇതിന്റെ ഗുണം ലഭിച്ചുവെന്നുള്ളത് വസ്തുതയാണ്. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗം കേരളത്തിലെ ഭക്ഷ്യകിറ്റ് വിതരണത്തെ സംബന്ധിച്ച് അസംബന്ധമായ ഒരു പരാമർശം നടത്തുകയുണ്ടായി. 87,39,000 കാർഡുടമകൾക്കായി 17 ഇനം അവശ്യ സാധനങ്ങളടങ്ങിയ 10,13,44,322 കിറ്റുകളാണ് 2020 ഏപ്രിൽ മാസം മുതൽ ജൂൺ മാസം വരെയുള്ള കാലയളവിൽ കേരളത്തിലെ ജനങ്ങൾക്ക് നൽകാൻ സർക്കാർ തയ്യാറായത്. ഇത് പരാമർശിച്ച അംഗം അദ്ദേഹത്തിന്റെ മണ്ഡലത്തിലെ ഏതെങ്കിലും കവലയിൽ പോയി നിന്ന്, അവിടെയുള്ളവർക്ക് ഭക്ഷ്യ കിറ്റുകൾ ലഭിച്ചില്ലെന്നോ, സമയബന്ധിതമായി ലഭിച്ചില്ലെന്നോ പറയാൻ തയ്യാറുണ്ടോയെന്ന് അറിയാൻ താൽപ്പര്യപ്പെടുകയാണ്. ഇ-പോസ് മെഷീൻ വഴിയുള്ള റേഷൻ വിതരണം, വാതിൽപ്പടി റേഷൻ വിതരണം, റേഷൻ കടകളുടെ കമ്പ്യൂട്ടർവൽക്കരണം, പോർട്ടബിലിറ്റി എന്നിവ നടപ്പാക്കിയതിലൂടെ കേരളത്തിന്റെ പൊതുവിതരണരംഗം ആധുനികവൽക്കരിക്കാൻ കഴിഞ്ഞുവെന്നതാണ് വസ്തുത. ഓൺലൈൻ പരാതി പരിഹാരസംവിധാനം ഏർപ്പെടുത്തി. ജനങ്ങൾക്ക് റേഷൻ കടകളെ

സംബന്ധിച്ച് മുൻകാലങ്ങളിലുണ്ടായിരുന്ന ധാരണ തിരുത്തുന്നതിനുവേണ്ടി പല സംവിധാനങ്ങളും മുന്നോട്ടുവച്ചു. പരാതികളുണ്ടായാൽ അത് സമയബന്ധിതമായി പരിഹരിക്കുന്നതിന് 'ഓൺലൈൻ പരാതി പരിഹാര സെൽ' ഏർപ്പെടുത്തിയെന്നുള്ളതാണ് ഭക്ഷ്യവകുപ്പ് കൈക്കൊണ്ട സുപ്രധാന നടപടി. റേഷൻകടകൾ നവീകരിച്ച് ഏകീകൃത മാതൃകയാക്കുന്നതിനുവേണ്ടി ഓരോ റേഷൻകടയ്ക്കും 2,500 രൂപ നിരക്കിൽ 350 ലക്ഷം രൂപ സംസ്ഥാനത്ത് പൊതുവിതരണ വകുപ്പ് ചെലവഴിച്ചു. ഇത് നമ്മുടെ റേഷൻകടകളെ ഏകീകൃത സ്വഭാവമായി മാറ്റുന്നതിനുവേണ്ടിയുള്ള സാഹചര്യമുണ്ടാക്കിയെന്നതാണ് വസ്തുത.

സ്കൂൾ കിറ്റ് വിതരണം മറ്റൊരു നവസംരംഭമായിരുന്നു. പ്രീ പ്രൈമറി, പ്രൈമറി, അപ്പർ പ്രൈമറി എന്നീ വിഭാഗങ്ങളിലെ 27,20,000 വിദ്യാർത്ഥികൾക്ക് കഴിഞ്ഞ കാലയളവിൽ ഇതിന്റെ പ്രയോജനം ലഭിച്ചു. ഭക്ഷ്യവകുപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട നൂതന ആശയങ്ങളിലൊന്നാണ് 'സഞ്ചരിക്കുന്ന റേഷൻകടകൾ'. പട്ടികവർഗ്ഗ മേഖലയിലടക്കമുള്ള ജനവിഭാഗങ്ങൾക്ക് സമയബന്ധിതമായി റേഷൻ സാധനങ്ങൾ ലഭിക്കുന്നതിനായി സഞ്ചരിക്കുന്ന റേഷൻകടകൾ നടപ്പിലാക്കിയത്

വളരെയേറെ പ്രയോജനകരമായി. 'വിശപ്പുരഹിത കേരളം' പദ്ധതി നടപ്പിലാക്കിയതോടെ നിർദ്ധനർക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യമായി വിതരണം ചെയ്തതുമൂലം പട്ടിണി നിർമ്മാർജ്ജനമെന്ന ലക്ഷ്യം പ്രാവർത്തികമാക്കാൻ സർക്കാരിന് കഴിഞ്ഞു. കേരളത്തിൽ, മുൻകാലങ്ങളിൽ പ്രത്യേകിച്ച്, യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ റേഷൻ വ്യാപാരികളെ സംബന്ധിച്ച് പരാതികൾ ഉയർന്നുവന്നിരുന്നു. എന്നാൽ ഇപ്പോൾ 45 ക്വിന്റലിന് മുകളിൽ വിതരണം ചെയ്യുന്ന റേഷൻ വ്യാപാരികൾക്ക് കുറഞ്ഞത് 18,000 രൂപ പണമായി ലഭിക്കത്തക്ക രീതിയിലുള്ള ഒരു പാക്കേജ് സർക്കാർ നടപ്പിലാക്കി. 348 കോടി രൂപ നീക്കിവച്ചിരുന്ന സ്ഥാനത്ത് 428 കോടി രൂപ കമ്മീഷൻ നൽകുന്നതിന് സർക്കാർ തയ്യാറായി. റേഷൻ ഉപഭോക്താക്കളുടെ പെട്ടിയിൽ കയ്യിട്ടുവാരുന്ന, റേഷൻകട ഉടമകളുടെ സമീപനത്തിന് തടയിടാൻ സർക്കാരിന്റെ ഈ നിലപാടിലൂടെ കഴിഞ്ഞു. ഇതിന്റെ ഭാഗമായി റേഷൻ വിതരണത്തിലെ തിരിമറികൾ പൂർണ്ണമായും അവസാനിപ്പിക്കുന്നതിനുള്ള സാഹചര്യം ഉണ്ടായിയെന്നുള്ളതാണ് ജനങ്ങൾക്കുണ്ടായ വലിയ നേട്ടം. മുൻഗണനാ ലിസ്റ്റ് ശുദ്ധീകരിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചു.

'സപ്ലൈ ചെയ്ൻ' പദ്ധതി നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കി. ഇത് സുതാര്യത വർദ്ധിപ്പിച്ചുവെന്ന് മാത്രമല്ല റേഷൻ ഗോഡൗൺ മുതൽ റേഷൻകട വരെ റേഷൻ സാധനങ്ങളുടെ ചലനത്തെ ഓൺലൈനായി നിരീക്ഷിക്കുന്നതിനുള്ള സൗകര്യമൊരുക്കിയെന്നതാണ് സപ്ലൈ ചെയ്ൻ പദ്ധതിയിലൂടെയുണ്ടായ നേട്ടം. എ.എ.വൈ. വിഭാഗത്തിന് പ്രത്യേക പരിഗണന നൽകി. അവർക്ക് 30 കി.ഗ്രാം. അരിയും 5 കി.ഗ്രാം. ഗോതമ്പും സൗജന്യമായി പ്രതിമാസം നൽകുന്നു. ഇതിനുപുറമെ മുൻഗണനാ വിഭാഗത്തിലെ ഓരോ അംഗത്തിനും 4 കി.ഗ്രാം. അരി, 1 കി.ഗ്രാം. ഗോതമ്പ് എന്നിവയ്ക്ക് ഒരു കിലോ ഗ്രാമിന് 2 രൂപ നിരക്കിൽ നൽകിവരുന്നു. സംസ്ഥാനത്തെ മഠങ്ങൾ, ആശ്രമങ്ങൾ, എന്നിവിടങ്ങളിലെ അന്തേവാസികൾക്കായി നോൺപ്രയോരിറ്റി ഇൻസ്റ്റിറ്റ്യൂഷൻ കാർഡുകളുടെ വിതരണം ആരംഭിക്കാൻ കഴിഞ്ഞതും ഈ സർക്കാരിന്റെ നേട്ടമായി കരുതുന്നു. 2013-ലെ ദേശീയ 'ഭക്ഷ്യ ഭദ്രതാ നിയമം' കേരളത്തിൽ 2016 ഒക്ടോബറിലാണ് നടപ്പിലാക്കിയത്. സംസ്ഥാനത്ത്, പ്രസ്തുത നിയമം സമയബന്ധിതമായി നടപ്പിലാക്കാതെ നീട്ടിക്കൊണ്ടുപോയ സമീപനമാണ് യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചത്. എന്നാൽ 2016-ൽ എൽ.ഡി.എഫ്.

സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ നിയമം സംസ്ഥാനത്ത് നടപ്പിലാക്കി. സംസ്ഥാന ഭക്ഷ്യ കമ്മീഷൻ രൂപീകരിച്ച് അതിന്റെ പ്രവർത്തനങ്ങൾ ഏറ്റവും നന്നായി മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഭക്ഷ്യഭദ്രതാ നിയമത്തിന്റെ ഭാഗമായി, ജില്ലാതല ഉപഭോക്തൃ സഹായ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള തീരുമാനമെടുത്തു. സംസ്ഥാനത്ത് പുതുതായി 47 മാവേലി സ്റ്റോറുകളും 15 സൂപ്പർ മാർക്കറ്റുകളും 22 മാവേലി സൂപ്പർ സ്റ്റോറുകളും ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി. 13 ഇന നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധിപ്പിക്കില്ലെന്ന 2016-ലെ പ്രകടന പത്രിക, കഴിഞ്ഞ 5 വർഷക്കാലവും നടപ്പിലാക്കുന്നതിനും പ്രസ്തുത നിലപാട് പിന്തുടർന്ന് പോകുന്നതിനും ഇതിൽ 3 ഇനങ്ങളുടെ വില നിലവിലുണ്ടായിരുന്ന വിലയേക്കാൾ കുറയ്ക്കുന്നതിനും വേണ്ടിയുള്ള തീരുമാനം ഈ സർക്കാർ കൈക്കൊണ്ടു. മുൻഗണനാ കാർഡുകൾ സറണ്ടർ ചെയ്യുന്നതിന് കൃത്യമായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പൊതുസമൂഹത്തിൽ നിന്ന് വലിയ പിന്തുണയാണ് പ്രസ്തുത പദ്ധതിക്ക് ലഭിച്ചത്. 1,23,554 കാർഡുടമകൾ സ്വമേധയാ തങ്ങളുടെ റേഷൻ കാർഡുകൾ സറണ്ടർ ചെയ്തു കഴിഞ്ഞു. അനർഹരായവരുടെ

ഒഴിവിലേയ്ക്ക് അർഹരായവരെ ഉൾപ്പെടുത്താൻ ഇതിലൂടെ കഴിയും. കേരളത്തിനനുവദിച്ച മുൻഗണനാ ക്വാട്ടയെ സംബന്ധിച്ചുള്ള പരാതി കേരളത്തിലാകമാനം നിലനിൽക്കുകയാണ്. 1,54,84,040 ആണ് നമ്മുടെ ക്വാട്ട. നമ്മുടെ സംസ്ഥാനത്തിന് അർഹതപ്പെട്ട ക്വാട്ടയേക്കാൾ കുറവാണെന്നുള്ളതാണ് വസ്തുത. ഇതിനെതിരായി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ശബ്ദിച്ചപ്പോൾ ഒരു വാക്കുപോലും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കാൻ യു.ഡി.എഫ്./കോൺഗ്രസ്സോ തയ്യാറാകുന്നില്ലെന്ന ദു:ഖകരമായിട്ടുള്ള സത്യവും നമ്മുടെ മുന്നിലുണ്ട്. ഇത് വർദ്ധിപ്പിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിനാവശ്യമായ നടപടികൾ ഒറ്റക്കെട്ടായി സ്വീകരിക്കേണ്ടതാണ്. അർഹതപ്പെട്ടത് ലഭിക്കുന്നില്ലെന്ന് മാത്രമല്ല ജൈവ ഇന്ധന ഉല്പാദനത്തിനായി കേന്ദ്ര ഭക്ഷ്യ ധാന്യങ്ങൾ സ്വകാര്യ വ്യക്തികൾക്ക് മറിച്ചുവിൽക്കുന്ന സമീപനവും കേന്ദ്രസർക്കാർ സ്വീകരിക്കുകയാണ്. വിപണിയിൽ കാര്യക്ഷമമായി ഇടപെട്ട് ഗുണനിലവാരമുള്ള സാധനങ്ങൾ കുറഞ്ഞവിലയ്ക്ക് നൽകുന്നുവെന്നതാണ് ഈ സർക്കാരിന്റെ പ്രത്യേകത.

മി. ചെയർമാൻ: അങ്ങ്, ദയവായി പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. ജി. സ്റ്റീഫൻ: സർ, ഓണത്തിന് മുമ്പായി സംസ്ഥാനത്ത് മാവേലി സ്റ്റോറുകൾ തുറക്കുന്നതോടുകൂടി പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമായി ഭക്ഷ്യരംഗത്തെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിയും. കേന്ദ്രസർക്കാരിന്റെ തെറ്റായ സംഭരണ വിതരണ നയം ദോഷമുണ്ടാക്കിയ ഘട്ടത്തിൽ അതിനെതിരായി ശക്തമായി പ്രതിരോധിക്കാനും പരിഷ്കൃത ജനാധിപത്യ സമൂഹത്തിൽ 'ജനങ്ങൾക്ക് ഭക്ഷണം നല്കുക' എന്ന ഉത്തരവാദിത്തം ഏറ്റെടുക്കാനും കഴിയണം. റേഷൻ കാർഡില്ലാത്ത മുഴുവൻപേർക്കും റേഷൻകാർഡ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പ് മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. ട്രാൻസ്ജെൻഡേഴ്സ് ..... (മൈക്ക് ഓഫ്)... ഞാൻ ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനയെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. ജോബ് മൈക്കിൾ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുകയാണ്. ഒന്നാം പിണറായി സർക്കാരിന്റെ ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ ഫലമായി വിപ്ലവകരമായ മാറ്റമാണ് ഉണ്ടായിരിക്കുന്നത്. പൊതുജനങ്ങളെല്ലാം മറന്ന്

റേഷൻ കടകളെ ആശ്രയിക്കുകയാണ്. റേഷൻ കടകൾവഴി ഗുണനിലവാരമുള്ള സാധനങ്ങൾ വിതരണം ചെയ്യാൻ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പിന് സാധിക്കുന്നുവെന്ന് പറയുന്നത് വളരെ സന്തോഷകരമായ കാര്യമാണ്. അളവിലും തൂക്കത്തിലും കൃത്യത വരുത്തിക്കൊണ്ട് കേരളത്തിലെ ജനങ്ങൾക്ക് ആശ്രയിക്കാവുന്ന ഒരു സ്ഥലമായി റേഷൻ കടകൾ മാറിയിരിക്കുന്നു. നമ്മുടെ സംസ്ഥാനം നേരിട്ട ഓരോ ദുരന്തത്തിലും ജനങ്ങളുടെ പട്ടിണിമാറ്റാൻ ഏറ്റവും കൂടുതൽ നടപടി സ്വീകരിച്ചത് ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പാണ്. യാതൊരു ബുദ്ധിമുട്ടുമില്ലാതെ റേഷൻകടകൾ വഴി സാധനങ്ങൾ എത്തിച്ച് ജനങ്ങൾക്ക് കുറ്റമറ്റ രീതിയിൽ വിതരണം നടത്താൻ സാധിച്ചു.

കോവിഡ് മഹാമാരിയുടെ കാലത്ത് 87,39,000 റേഷൻ കാർഡുടമകൾക്ക് അവശ്യസാധനങ്ങളടങ്ങിയ പലവ്യഞ്ജനക്കിറ്റുകൾ റേഷൻ കടകൾവഴി ഈ സർക്കാർ വിതരണം ചെയ്തു. അതാണ് ഈ സർക്കാരിന്റെ ഏറ്റവും വലിയ നേട്ടമെന്ന് പറയാവുന്നത്. ഇന്ന് റേഷൻ വ്യാപാരികൾ വളരെ സന്തോഷത്തിലാണ്. റേഷൻകട നടത്താൻവേണ്ടി വ്യാപാരികൾക്ക് മാസംതോറും 18,000/- രൂപ സർക്കാർ വിതരണം ചെയ്തുകൊണ്ടിരിക്കുന്നു.

അതുകൊണ്ട് റേഷൻകടകൾ പരാതിയില്ലാതെ മുന്നോട്ടുപോകുന്നു. അതോടൊപ്പംതന്നെ കേന്ദ്രസർക്കാരിന്റെ 'ഒരു രാജ്യം ഒരു റേഷൻ' എന്ന പദ്ധതിയുടെ ഭാഗമായി പോർട്ടൽ സംവിധാനം നടപ്പിലാക്കി. അതുവഴി കേരളത്തിൽ ഇന്ന് റേഷൻകാർഡില്ലാത്ത ആരും ഇല്ലെന്ന അവസ്ഥയായി. റേഷൻ കാർഡിന് ആവശ്യപ്പെട്ടാൽ 24 മണിക്കൂറിനകം റേഷൻകാർഡ് നൽകാൻവേണ്ടിയുള്ള പുതിയ സംവിധാനം ഏർപ്പെടുത്തി. ഈ അടുത്തദിവസം ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രി ചങ്ങനാശ്ശേരിയിൽ വന്നപ്പോൾ സപ്ലൈകോയുടെ ഒരു കടയിൽ കയറി. ബഹുമാനപ്പെട്ട മന്ത്രി ആദ്യം, ഇവിടെ ഏതെങ്കിലും സാധനം മോശമായിട്ടുണ്ടെങ്കിൽ ആ സാധനങ്ങളെല്ലാം ഉടൻതന്നെ തിരിച്ചയയ്ക്കണം എന്നുപറഞ്ഞു. നല്ല സാധനങ്ങളല്ലാതെ ഒരു സാധനവും വിതരണം ചെയ്യാൻ പാടില്ലെന്ന് പറഞ്ഞ മിടുക്കനായ മന്ത്രിയാണ് കേരളത്തിലെ ഭക്ഷ്യ വകുപ്പുമന്ത്രി. ഇക്കാര്യത്തിൽ ഞാൻ ഭക്ഷ്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയാണ്.

നമുക്കറിയാം, കോവിഡ് മഹാമാരിയുടെ കാലത്ത് സ്കൂളുകളിൽ ഭക്ഷ്യ കിറ്റുകൾ എത്തിച്ചു. ആ ഭക്ഷ്യ കിറ്റുകൾ കൃത്യമായി വിദ്യാർത്ഥികൾക്ക് കൊടുക്കാൻ പദ്ധതികളാവിഷ്കരിച്ചു. അതും ഈ വകുപ്പിന്റെ നേട്ടമാണ്.

അതോടൊപ്പം, പുതിയ മന്ത്രിയായി ചാർജ്ജെടുത്തപ്പോൾ നമ്മുടെ സംസ്ഥാനത്ത് അടഞ്ഞുകിടന്ന 1,305 റേഷൻകടകൾ തുറന്നുപ്രവർത്തിപ്പിക്കാൻ ഈ മന്ത്രിക്കും വകുപ്പിനും സാധിച്ചു. അതൊരു നല്ല കാര്യമാണ്. അതോടൊപ്പംതന്നെ 82 വിൽപ്പനശാലകൾ, 47 മാവേലിസ്റ്റോറുകൾ, 11 സൂപ്പർമാർക്കറ്റുകൾ, 22 സൂപ്പർമാവേലി സ്റ്റോറുകൾ ഇവയെല്ലാം ഈ കാലത്ത് തുടങ്ങാൻ സാധിച്ചു. ഇന്ന് ഓണക്കിറ്റ് വിതരണം നടത്താൻ പോകുന്നു. ഓണക്കിറ്റിനകത്ത് ഏലം ഉൾപ്പെടുത്തിക്കൊണ്ട്...... (ഞാൻ ഒരു കർഷകപാർട്ടിയുടെ -കേരള കോൺഗ്രസ്സിന്റെ പ്രതിനിധിയാണ്) ഒരു കിലോ ഏലത്തിന് 300/- രൂപ വില വർദ്ധിപ്പിക്കാൻ ഈ സർക്കാരിന് സാധിച്ചു. അത് മലയോര കർഷകർക്ക് വലിയ നേട്ടമാണ്. അത് കണ്ടില്ലെന്ന് നടിക്കുന്നവരാണ് നമ്മുടെ പ്രതിപക്ഷം. ഓണക്കിറ്റിൽ മാക്സിമം 90 രൂപയെന്ന് എഴുതിയിരിക്കുന്നത് തെറ്റായ രീതിയിൽ ഇകഴ്ത്തിക്കാണിച്ചുകൊണ്ട് ഈ സർക്കാരിന്റെ നേട്ടത്തെ ചെറുതാക്കി കാണിക്കാൻ ശ്രമിക്കുന്നുണ്ട്. നമുക്കറിയാം, ഇടുക്കി ജില്ലയിലെ പട്ടം കോളനി സർവ്വീസ് ബാങ്കാണ് 10 ജില്ലകളിലേയ്ക്കും 200 ഗ്രാം തൂക്കമുള്ള ഈ പായ്ക്കറ്റുകൾ വിതരണം നടത്തുന്നത്. ഈ പായ്ക്കറ്റ് വിതരണം ചെയ്തതുമൂലം

കർഷകനും ഗവൺമെന്റിനുമുണ്ടായ നേട്ടം ഇല്ലാതാക്കാൻ ചിലർ നേതൃത്വം കൊടുക്കുന്ന കാര്യം ഞാൻ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി പ്രസംഗത്തിൽ അതിനെക്കുറിച്ച് പറയുമെന്ന് ഞാൻ വിചാരിക്കുന്നു. അതോടൊപ്പംതന്നെ സുരക്ഷിത കേരളം പദ്ധതി കേരളത്തിലെ എല്ലാ നിയോജകമണ്ഡലങ്ങളിലും ഉടൻ നടപ്പിലാക്കാനുള്ള നടപടിയെടുക്കണം.

അപ്പർ കുട്ടനാട്ടിലെ നെൽകർഷകർക്കുവേണ്ടി ഞാൻ ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നു. നെല്ല് സംഭരിക്കുന്ന സീസണിൽ മില്ലുടമകളുടെ ഏജന്റുമാരായി ചില ആളുകൾ രംഗത്തുവന്ന് നെൽകർഷകരെ ചൂഷണം ചെയ്യുന്ന പ്രവണതയുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി ഇടപെട്ട് അടുത്ത സീസണിലെങ്കിലും നെൽകർഷകരുടെ ഇടയിൽ പ്രവർത്തിക്കുന്ന മില്ലുടമകളുടെ ഏജന്റുമാരെ നിയന്ത്രിച്ചുകൊണ്ട് നെൽകർഷകർക്ക് കൃത്യമായ വില നൽകാനാവശ്യമായ നടപടി സ്വീകരിക്കണം.

അതോടൊപ്പംതന്നെ ഇവിടെ മുളകിന്റെ വില 160/- രൂപയാണെന്ന് ബഹുമാനപ്പെട്ട അംഗം എം. വിൻസെന്റ് പറയുകയുണ്ടായി. എന്നാൽ സപ്ലൈകോയിലെ മുളകിന്റെ വില വെറും 80/- രൂപയാണ്. അദ്ദേഹം

സപ്ലൈകോയിൽ പോയി അവിടെയുള്ള സാധനങ്ങളുടെ വിലകൾ പരിശോധിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. മഠങ്ങളിലും ആരാധനാലയങ്ങളിലും ഓണക്കിറ്റ് വിതരണം ചെയ്യാൻ സ്വീകരിച്ച തീരുമാനം എത്രയുംവേഗം നടപ്പാക്കാൻ മന്ത്രി അടിയന്തരമായി ഇടപെടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, എൽ.ഡി.എഫ്. എന്നാൽ മനുഷ്യസ്നേഹത്തിന്റെ പ്രതീകമാണ്. അപരസ്നേഹത്തിന്റെ ജീവവായുവാണ് എൽ.ഡി.എഫ്. 2021-ലെ ജനവിധി ഒരു സൂചകമാണ്. പതിതരുടെ ഇൻഡ്യ പടുത്തുയർത്താനുള്ള വഴികാട്ടിയായി കേരളം മാറുകയാണ്. 1957-ലും കേരളം മാതൃക കാണിച്ചിരുന്നു. ഒരു നവകേരള നിർമ്മാണം ഉറപ്പാക്കാനുള്ള ഈ ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുന്നു.

ഇന്നലെ സഹകരണ വകുപ്പുമന്ത്രി ധനാഭ്യർത്ഥനയ്ക്ക് മറുപടി പറയുമ്പോൾ വലതുപക്ഷം എന്ന് യു.ഡി.എഫ്.-നെ സംബോധന ചെയ്തു. ഞങ്ങൾ വലതുപക്ഷമല്ലായെന്ന് പ്രതിപക്ഷ ബഞ്ചിൽ നിന്ന് വിളിച്ചുപറയുന്നതുകേട്ടു. മന്ത്രി അത് പിൻവലിച്ചു. ഞാൻ പറയുന്നു, നിങ്ങൾ

വലതുപക്ഷം തന്നെയാണ്. പരിമിതമാണെങ്കിലും നെഹ്റുവിന്റെ സോഷ്യലിസ്റ്റ് നയങ്ങളും മതനിരപേക്ഷ നയങ്ങളും ഉപേക്ഷിച്ചതോടെ നിങ്ങൾ വലതുപക്ഷം തന്നെയാണ്. ആഗോളവൽക്കരണനയം അണ്ണാക്കിൽ തട്ടാതെ വിഴുങ്ങാൻ നിങ്ങൾ ആരംഭിച്ചപ്പോൾ വലതുപക്ഷമായി. നെഹ്റു പൂട്ടിയ ബാബ്റി മസ്ജിദ് പള്ളിയുടെ താക്കോൽ എടുത്ത് നിങ്ങൾ കൊടുത്തപ്പോൾ മൃദുഹിന്ദുത്വനയം സ്വീകരിച്ചപ്പോൾ അടിയന്തരാവസ്ഥയുടെ അർദ്ധഫാസിസ്റ്റ് വാഴ്ചയിലൂടെ നിങ്ങൾ വലതുപക്ഷമായി. നിങ്ങൾ അധികാരത്തിലിരുന്നുവെങ്കിൽ തീവ്രവലതുപക്ഷമാകുമായിരുന്നു. നേതാക്കൾ ബി.ജെ.പി.-യിൽ പോകാൻ മടിയില്ലാത്തവരാണ്. വലതുപക്ഷമായതുകൊണ്ടാണ് നിങ്ങൾ ബി.ജെ.പി.-യിൽ പോകാൻ തിടുക്കം കാണിക്കുന്നത്. നയം മാറ്റാൻ നിങ്ങൾ തയ്യാറല്ല, ബി.ജെ.പി.-യിൽ പോയാൽ നിങ്ങൾക്ക് എന്ത് ചെയ്യാൻ കഴിയും എന്നാണ് പുതിയ കെ.പി.സി.സി. പ്രസിഡന്റ് നേരത്തെ ചോദിച്ചത്. സംഘ്പരിവാറും വെൽഫെയർ പാർട്ടിയുമായുള്ള ബന്ധം അവസാനിപ്പിക്കണം. പ്രതിപക്ഷനേതാവ് ഇന്നലെ ഇറങ്ങിപ്പോകുന്നതിനുമുമ്പ് കോവിഡിനോടൊപ്പം ജീവിക്കണമെന്നാണ് ഉപദേശിച്ചത്. കോവിഡിനെ

പ്രതിരോധിച്ച്, കോവിഡിനോടൊപ്പം ജീവിക്കുകയാണ് കേരളം. ഒന്നാം തരംഗത്തിലും രണ്ടാം തരംഗത്തിലും എസ്.എസ്.എൽ.സി. പരീക്ഷയും പ്ലസ് ടു പരീക്ഷയും നടത്തി അതിന്റെ റിസൾട്ട് പ്രഖ്യാപിച്ച് പുതിയ ക്ലാസുകളിലേയ്ക്ക് പ്രവേശനം ആരംഭിച്ചു, കോവിഡിനോടൊപ്പം സഞ്ചരിച്ചു. ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തിനിതു കഴിഞ്ഞു. എല്ലാഘട്ടത്തിലും നിങ്ങൾ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ തുരങ്കംവയ്ക്കാൻ പരിശ്രമിച്ചു, അധ്യയന വർഷം നഷ്ടപ്പെടാതെ സംരക്ഷിച്ചു, ഉയർന്ന വിജയ ശതമാനമുണ്ടായപ്പോൾ അതിനെ പരിഹസിച്ചു, ആനയെ വാങ്ങാമെന്നുണ്ടെങ്കിൽ തോട്ടി വാങ്ങാൻ...... സീറ്റുണ്ടാക്കാൻ ഒരു വിഷമവുമില്ലെന്ന് ഇന്നലെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ പ്രഖ്യാപിച്ചു. ലോക്ഡൗൺ വരുന്നു, പടിപടിയായി അതില്ലാതാക്കുന്നു. വീണ്ടും മുന്നോട്ടുവരുന്നു. ഈ നടപടിക്രമങ്ങൾക്കിടയിലാണ് പ്രതിപക്ഷം തോക്കിനിടയിൽ കയറി വെടിവച്ച് ഞങ്ങൾ പറഞ്ഞത് നിങ്ങൾ ചെയ്തില്ലേ എന്ന് ഇടയ്ക്കിടെ പറഞ്ഞുകൊണ്ടിരിക്കുന്നത്. പ്രതിപക്ഷം പറഞ്ഞത് കേട്ടിരുന്നുവെങ്കിൽ കേരളത്തിന്റെ മരണസംഖ്യ അമേരിക്കയെ പോലെയാകുമായിരുന്നു എന്നുകൂടി ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്.

നികുതിരഹിത ബഡ്ജറ്റും പൊതുവിതരണ ശൃംഖലയുടെ വ്യാപനവും ദുരിതമനുഭവിക്കുന്നവർക്കുള്ള കൈതാങ്ങാണ്. എഫ്.സി.ഐ. ഗോഡൗണുകളിൽ കെട്ടിക്കിടന്ന് നശിച്ചുപോകുന്ന ഭക്ഷ്യധാന്യങ്ങൾ പട്ടിണി കിടക്കുന്നവർക്ക് കൊടുക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറല്ല. 2021 മാർച്ച് 1-ലെ കണക്കനുസരിച്ച് 92 കോടി ടൺ നെല്ലും ഗോതമ്പും ഉൾപ്പെടെയുള്ള ഭക്ഷ്യധാന്യങ്ങൾ കരുതൽ ശേഖരമായി എഫ്.സി.ഐ.-യുടെ ഗോഡൗണുകളിലുണ്ട്. എന്നിട്ടും ലോക വിശപ്പ് സൂചികയിൽ അയൽരാജ്യങ്ങളെക്കാൾ പിന്നിൽ നമുക്ക് നിൽക്കേണ്ടിവരുന്നത് എന്തുകൊണ്ടാണ്? ഭക്ഷണത്തിനുവേണ്ടി ലോണെടുക്കേണ്ടി വരുന്ന കുടുംബങ്ങളുടെ എണ്ണം ഈ മഹാമാരിക്കാലത്ത് വർദ്ധിച്ചിരിക്കുന്നു. നീതി ആയോഗിന്റെ നിർദ്ദേശമനുസരിച്ച് ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തിൽ കൂടുതൽ ജനങ്ങളെ വെട്ടിക്കുറയ്ക്കുന്നു. 10 കോടി ഗുണഭോക്താക്കളെയാണ് ഇതിന്റെ ഭാഗമായി വെട്ടിക്കുറച്ചിട്ടുള്ളത്. അവശ്യസാധനങ്ങളുടെ വില നിയന്ത്രിച്ചുനിർത്തുന്ന എല്ലാ നിയമങ്ങളും ബി.ജെ.പി. ഗവൺമെന്റ് പൊളിച്ചടുക്കുകയാണ്. നെല്ല്, ഗോതമ്പ്, പയറുവർഗ്ഗങ്ങൾ, എണ്ണക്കുരു, ഉള്ളി, ഉരുളക്കിഴങ്ങ് തുടങ്ങിയവയെല്ലാം

അവശ്യസാധന നിയമത്തിന്റെ പരിധിക്ക് പുറത്തായി. ഇത് പൂഴ്ത്തിവയ്പ്പിനും കരിഞ്ചന്തയ്ക്കും വൻവിലക്കയറ്റത്തിനും കാരണമാകുകയാണ്. കുത്തിത്തിരിപ്പും കച്ചവടവുമാണ് ബി.ജെ.പി. ഇന്ത്യയിൽ ചെയ്തുകൊണ്ടിരിക്കുന്നത്. ഈ നയങ്ങൾ ഞങ്ങളുടേതല്ല, കോൺഗ്രസിന്റേതാണെന്നാണ് ബി.ജെ.പി. പറയുന്നത്. കോൺഗ്രസ് പാർട്ടി പെട്രോളിന്റെ വില നിയന്ത്രണാധികാരം എടുത്തുകളഞ്ഞു. അപ്പോൾ ഞങ്ങൾ മോശക്കാരാകരുതല്ലോ? ഡീസലിന്റെ വില നിയന്ത്രണാധികാരം ബി.ജെ.പി.-യും എടുത്തുകളഞ്ഞു. ഇപ്പോൾ രണ്ടിന്റെയും വില സെഞ്ച്വറി അടിക്കുകയാണ്. പാചകവാതകത്തിന്റെ സബ്സിഡി നഷ്ടപ്പെടുത്തുന്ന, വില വർദ്ധിപ്പിക്കുന്ന, ആധാറുമായി ലിങ്ക് ചെയ്യുന്ന നടപടികളെല്ലാം ആരംഭിച്ചത് കോൺഗ്രസാണ്. ബി.ജെ.പി. ഇപ്പോൾ സബ്സിഡിതന്നെ ഇല്ലാതാക്കി. നയം തന്നെയാണ് പ്രശ്നം. ആഗോളവത്ക്കരണനയം തനി കാടനാണ്. മനുഷ്യത്വവും സ്നേഹവുമില്ല, കുത്തക മുതലാളിമാരുടെ ലാഭവും അവരുടെ ആർത്തി തീർക്കലുമാണ് അതിന്റെ അജണ്ട. ഇങ്ങനെയാണ് സാമ്പത്തിക അസമത്വം പെരുകുന്നത്. ഇന്ത്യയിൽ ഇതിനൊരു ബദൽ എന്നത് ഇടതുപക്ഷം മാത്രമാണ്. കിറ്റും പെൻഷനും ആനുകൂല്യങ്ങളും കൂലിവർദ്ധനവുമൊക്കെ

ദുരിതമനുഭവിക്കുന്നവരുടെ വിശപ്പും വേദനയും തിരിച്ചറിഞ്ഞ് സഹായമെത്തിക്കുന്ന മനുഷ്യസ്നേഹത്തിന്റെ വിളിപ്പേരാണ് ഇടതുപക്ഷം. വിശപ്പുരഹിത സംസ്ഥാനം, സാർവ്വത്രിക വിദ്യാഭ്യാസം എന്നീ രണ്ടിനങ്ങളിൽ കേരളത്തിന് എ പ്ലസ് മാത്രമല്ല, ഫുൾ മാർക്കാണ് ലഭിച്ചത്. ഈ നയങ്ങൾ ഞങ്ങളുടേതല്ല, കോൺഗ്രസിന്റേതാണെന്നാണ് ബി.ജെ.പി. പറയുന്നത്. ഇന്നലെ ആഗോളവത്ക്കരണം തെറ്റായിപ്പോയിയെന്ന് കോൺഗ്രസ് പറയണമെന്ന് ശ്രീ. വി. എം. സുധീരൻ ഒരു പ്രമുഖ പത്രത്തിൽ എഴുതി. ഇന്ത്യയിലെ പരമദരിദ്രരുടെ എണ്ണം 6 കോടിയായിരുന്നത് ഇക്കഴിഞ്ഞ കൊറോണ കാലം, 16 മാസം കൊണ്ട് 13.6 കോടിയായി ഉയർന്നു. ഇന്ത്യയിലെ ശതകോടീശ്വരന്മാരുടെ ആസ്തി 37 ശതമാനമാണ് വർദ്ധിച്ചത്. ദുരിതമനുഭവിക്കുന്ന ജനങ്ങളെ സംരക്ഷിക്കാൻ കേന്ദ്രത്തിന് ഒരു പാക്കേജുമില്ല. ഈ സാഹചര്യത്തിലാണ് ഇന്ത്യയിലെ ഇടതുപക്ഷ പാർട്ടികൾ ആദായനികുതി പരിധിയിൽപ്പെടാത്ത മുഴുവൻ കുടുംബങ്ങൾക്കും 7,500 രൂപ പ്രതിമാസം നൽകണമെന്ന് ആവശ്യപ്പെടുന്നത്. ഇന്ന് കേരളത്തിലെ തൊഴിലുറപ്പ് തൊഴിലാളികൾ തൊഴിലിടങ്ങളിൽ പ്രക്ഷോഭം നടത്തിക്കൊണ്ടിരിക്കുകയാണ്. പ്രകൃതിദുരന്തവും മഹാമാരിയുംപോലുള്ള

ദുരന്തങ്ങളുണ്ടായാൽ അവർക്ക് 50 ദിവസത്തെ പണി കൂടുതൽ നൽകണമെന്നാണ് അവർ ആവശ്യപ്പെടുന്നത്. ആ നിയമം നടപ്പാക്കാൻ ബി.ജെ.പി. തയ്യാറാകുന്നില്ല. കേരളത്തിലെ തൊഴിലുറപ്പ് തൊഴിലാളികൾക്ക് കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷമായി കൂലി കൂട്ടിക്കൊടുക്കാൻ കേന്ദ്രഗവൺമെന്റ് തയ്യാറാകുന്നില്ല. തൊഴിലുറപ്പ് തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് 7,500 രൂപ നിങ്ങൾ നിക്ഷേപിക്കണം. അങ്ങനെ ജനങ്ങളിലേയ്ക്ക് പണമെത്തിക്കണമെന്ന ആവശ്യം പാർലമെന്റിൽ ഉന്നയിക്കാൻ കെ.പി.സി.സി. പ്രസിഡന്റിനും കോൺഗ്രസിന്റെ എം.പി.-മാർക്കും സമയമില്ല. കേരളത്തിൽ എന്താണ് നടക്കുന്നത്? കേരളത്തിൽ ഒന്നും നടക്കുന്നില്ല എന്നുപറയാനുള്ള പരിശ്രമത്തിലാണ്. എല്ലാം കേന്ദ്രം തരുന്നതാണെന്ന് പറഞ്ഞുപ്രചരിപ്പിക്കുന്ന ജോലിയല്ലാതെ പാർലമെന്റിൽ കാര്യങ്ങൾ പറഞ്ഞ് അവ നേടിയെടുക്കാനുള്ള ഇടപെടൽ നടത്താൻ പരിശ്രമിക്കുന്നില്ല. അവിടെ സായിപ്പിനെ കണ്ടതുപോലെ കവാത്ത് മറന്ന അവസ്ഥയാണ്. ഇപ്പോൾ എ.ഐ.സി.സി.യുടെ മുൻ അദ്ധ്യക്ഷൻ സൈക്കിളിൽ പോകുന്നു, ട്രാക്ടറിൽ പോകുന്ന മോദി ഗവൺമെന്റിനെതിരായ സമരം ഞങ്ങൾ

അംഗീകരിക്കുന്നു. നേരത്തെ ബി.ജെ.പി.ക്കാർ കാളവണ്ടിയിൽ കയറിയതിന് സമാനമാണ് ഈ യാത്രകൾ എന്നുകൂടി മനസ്സിലാക്കണം. ഇവിടെ കോർപ്പറേറ്റുകളുടെ ലാഭം അധികമായി വർദ്ധിച്ചുകൊണ്ടിരിക്കുകയും തൊഴിലാളികൾ അർദ്ധപട്ടിണിയിലേയ്ക്ക് പോകുകയുമാണ്. അവർക്ക് കൊടുക്കാനുള്ള പണം കോർപ്പറേറ്റുകൾക്ക് അനുകൂലമായ നികുതി വ്യവസ്ഥയിൽ ഒരു മാറ്റം വരുത്തിയാൽ ഉണ്ടാക്കാൻ കഴിയും. ആ നികുതി വ്യവസ്ഥയിൽ മാറ്റം വരുത്താൻ കേന്ദ്ര ഗവൺമെന്റ് തയ്യാറല്ല. ഇവിടെ കേന്ദ്രഗവൺമെന്റ് തയ്യാറല്ലെങ്കിൽപോലും കേരളത്തിൽ കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനവുമായി ബന്ധപ്പെട്ട് 2 ലക്ഷം രൂപ വരെ ലോണെടുക്കുന്നവർക്ക് 4 ശതമാനം പലിശ ഇളവുനൽകാനാണ് ഈ ഗവൺമെന്റ് തീരുമാനിച്ചത്. ഇങ്ങനെ പൊതുവിതരണരംഗം ശക്തിപ്പെടുത്തി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടപ്പാക്കുന്ന പ്രവർത്തനങ്ങളെ എല്ലാം കരിവാരിത്തേച്ച് കാണിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങളിൽനിന്നും പ്രതിപക്ഷം പിന്മാറണമെന്നും ഈ ധനാഭ്യർത്ഥനയെ പിന്തുണച്ചുകൊണ്ട് ഞാൻ ആവശ്യപ്പെടുന്നു. ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീമതി കാനത്തിൽ ജമീല</u>: സർ, മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായ പൊതുവിതരണ സംവിധാനമാണ് കേരളത്തിൽ ശക്തിപ്പെട്ടിട്ടുള്ളത്. കേരളത്തിന്റെ ഇടതുപക്ഷ ഗവൺമെന്റുകൾ നടപ്പിലാക്കിയിട്ടുള്ള പൊതുവിതരണ സമ്പ്രദായവും പൊതുവിദ്യാഭ്യാസവും പൊതുജനാരോഗ്യവും എന്നിവയാണ് മറ്റ് സംസ്ഥാനങ്ങളിൽനിന്നും കേരളത്തെ വ്യത്യസ്തമാക്കിയിട്ടുള്ളത്. 2013-ലെ യു.പി.എ. സർക്കാർ നടപ്പിലാക്കിയ ഭക്ഷ്യസുരക്ഷാ നയം കേരളത്തിന്റെ സാർവ്വത്രികമായ പൊതുവിതരണ സമ്പ്രദായത്തെയാണ് ഇല്ലാതാക്കിയിട്ടുള്ളത്. മുമ്പ് മുഴുവൻപേർക്കും ലഭ്യമാക്കിയിരുന്ന റേഷൻ വിതരണ സമ്പ്രദായം വ്യത്യസ്തമായ വിഭാഗക്കാർക്കുമാത്രം കൊടുത്തുകൊണ്ടാണ് കേരള ഭക്ഷ്യ സമ്പ്രദായത്തെ ഇല്ലാതാക്കിയിട്ടുള്ളത്. 1994-ലെ കോൺഗ്രസ് സർക്കാരാണ് എ.പി.എൽ., ബി.പി.എൽ എന്നീ രണ്ട് വിഭാഗങ്ങളാക്കി തിരിച്ചത്. നേരത്തെ ഇവിടെ പ്രസംഗിച്ച ഒരംഗം പറഞ്ഞത് എ.പി.എൽ.-ഉം ബി.പി.എൽ.-ഉം ആയി മാറ്റിയതിന്റെ പേരിൽ എല്ലാവർക്കും ഭക്ഷണം ലഭിക്കുന്നില്ലെന്നാണ്. എന്നാൽ എ.പി.എൽ.-ബി.പി.എൽ. വ്യത്യാസമില്ലാതെയാണ് ഇന്ന് ഇടതുപക്ഷ ഗവൺമെന്റ് ഭക്ഷണം

കൊടുത്തുകൊണ്ടിരിക്കുന്നത്. ഭക്ഷ്യസുരക്ഷാ നിയമം യു.ഡി.എഫ്.-ന്റെ കാലത്ത് നടപ്പാക്കിയിട്ടില്ലായിരുന്നു. എല്ലാം നിഷ്ക്രീയമാക്കിയ ഭരണമായിരുന്നു യു.ഡി.എഫ്.-ന്റെ കാലം. സ്കൂളുകളും ആശുപത്രികളും സജീവമായതുപോലെതന്നെ റേഷൻ ഷോപ്പുകളും എൽ.ഡി.എഫ്-ന്റെ ഭരണകാലത്ത് സജീവമായിരുന്നു. പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിന് നടപടിയെടുക്കാൻ എൽ.ഡി.എഫ്.-ഉം അതിനെ തകർക്കാൻ യു.ഡി.എഫ്.-ഉം ആയിരുന്നു എക്കാലത്തുമുണ്ടായിരുന്നത്. നായനാർ ഗവൺമെന്റിന്റെ കാലത്ത് ചന്ദ്രശേഖരൻ നായർ ഭക്ഷ്യ വകുപ്പുമന്ത്രിയായായിരുന്നപ്പോളായിരുന്നു മാവേലി സ്റ്റോർ തുടങ്ങിയത്. അതിനുപകരമായി വാമന സ്റ്റോർ തുടങ്ങിയ ആളുകളാണ് യു.ഡി.എഫ്. അങ്ങനെ ചെയ്തുവെന്നതല്ല അതുപോലും മര്യാദയ്ക്ക് നടത്തിക്കൊണ്ടുപോകാൻ അവർക്ക് കഴിഞ്ഞില്ല. കള്ളവും ചതിയും പൊളിവചനങ്ങളുമില്ലാത്ത ഏറ്റവും നല്ല കാലത്തിന്റെ പ്രതീകമായിരുന്ന മാവേലിയെ ചവിട്ടിത്താഴ്ത്തിയ വാമനന്റെ പ്രതീകമായാണ് യു.ഡി.എഫ്. കേരള ജനതയുടെ മുന്നിൽ പ്രതിനിധാനം ചെയ്തിട്ടുള്ളത്. അതുകൊണ്ടാണ് 41 പേർ മാത്രമായി ഇപ്പോൾ പ്രതിപക്ഷ സീറ്റിൽ ഇരിക്കേണ്ടിവന്നത്. റേഷൻ കാർഡ് കൊടുത്തത്

പരിമിതപ്പെടുത്തിയവരാണ് ഇന്ന് കിറ്റ് കൊടുക്കുന്നതിനെയെല്ലാം പരിഹസിക്കുന്നത്. എന്നും പരിഹാസമാണ്. പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് കൊടുത്തുകൊണ്ടിരിക്കുന്ന കിറ്റിനെയാണ് ഇവർ കളിയാക്കി പറയുന്നത്. ഇവിടെ ചർച്ചയ്ക്ക് വരുന്ന ദിവസങ്ങളിലെല്ലാംതന്നെ ഇത് ആവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇത് ജനങ്ങൾ കാണുകയാണ്. കോവിഡ് മഹാമാരിക്കാലത്തും മനുഷ്യന്റെ ആദ്യത്തെ കരുതൽ ആഹാരമാണ് എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ നയം. അതുകൊണ്ടാണ് എല്ലാ ഭാഗങ്ങളിലും എ.പി.എൽ., ബി.പി.എൽ. നോക്കാതെ ഭക്ഷണം കൊടുത്തുകൊണ്ടിരിക്കുന്നത്. Food is the Primary medicine എന്നാണ് കണ്ടിട്ടുള്ളത്. ആ രീതിയിൽ എല്ലാ ഭാഗങ്ങളിലും എല്ലാവർക്കും ഭക്ഷണം കൊടുക്കുക എന്നതാണ് ഈ ഗവൺമെന്റിന്റെ നയം.

കോവിഡ് മഹാമാരിയും അടച്ചുപൂട്ടലും രാജ്യത്ത് വരുത്തിയിട്ടുള്ള സാമ്പത്തിക തകർച്ചയെ നേരിടാൻ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച നയമെന്തായിരുന്നു? ഒരുപാട് കാര്യങ്ങൾ പ്രഖ്യാപിച്ചു. പക്ഷേ എല്ലാം കോർപ്പറേറ്റുകളെ പരിപാലിക്കാനായിരുന്നു. ആത്മനിർഭയ പാക്കേജുകൾ സർവ്വ മേഖലയേയും സ്വകാര്യവൽക്കരിക്കുന്നതിന് ഊന്നൽ

നൽകിയിരുന്നതാണ്. ഒരു നാണയത്തിന്റെ രണ്ട് വശമാണ് ബി.ജെ.പി.-യും യു.ഡി.എഫ്.-ഉം. എക്കാലത്തും ഇവർ മുന്നോട്ട് പോകുന്നത് ഈ രീതിയിൽത്തന്നെയാണ്. ആദ്യമായി ഭക്ഷ്യസമ്പ്രദായം ഇല്ലാതാക്കിയതുപോലെ, പൊതുവിതരണ സമ്പ്രദായത്തിൽ മാറ്റം വരുത്തിയതുപോലെ പെട്രോളിന്റെയും ഡീസലിന്റെയും വില സ്വകാര്യവൽക്കരിച്ചത് ആരായിരുന്നു; യു.ഡി.എഫ്.-ന്റെ ആളുകളല്ലേ? ഇന്ന് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ചതിനെക്കുറിച്ച് വലിയ രീതിയിൽ എതിർക്കുന്നവരോടും പരാതി പറയുന്നവരോടും നമുക്ക് ചോദിക്കാനുള്ളതും അതാണ്. കേരള നാട്ടിൽ 50 രൂപയായിരുന്ന പെട്രോൾ 50 രൂപയിൽത്തന്നെ ഒതുക്കുമെന്ന് പറഞ്ഞ് കേന്ദ്രത്തിൽ ബി.ജെ.പി. അധികാരത്തിൽ വന്നു. അതിനുമുൻപ് യു.ഡി.എഫ്. ചെയ്തത് എന്തായിരുന്നു; അവരാണ് സ്വകാര്യവൽക്കരിച്ചിട്ടുള്ളത്. പൊതുമേഖലയിൽനിന്നും പ്രൈവറ്റ് മേഖലയിലേയ്ക്ക് എത്തിച്ചത് അവരായിരുന്നില്ലേ; പെട്രോളിന്റെയും ഡീസലിന്റെയും പരിധി ഒഴിവാക്കിയത് അവരായിരുന്നില്ലേ?

ശക്തമായ പൊതുവിതരണ സംവിധാനത്തിലൂടെയും കൃത്യമായ വിപണി ഇടപെടലുകളിലൂടെയും പൊതുജന ബോധവൽക്കരണത്തിലൂടെയും

കേരളം ആരോഗ്യപരമായ ഭക്ഷ്യസമ്പ്രദായം മുന്നോട്ട് കൊണ്ടുപോകുകയാണ്. കോവിഡ് മഹാമാരി പശ്ചാത്തലത്തിൽ 87.39 ലക്ഷം കാർഡുടമകൾക്കാണ് 17 ഇനം അവശ്യ സാധനങ്ങൾ അടങ്ങിയ പലവ്യഞ്ജന കിറ്റ് കൊടുത്തത്.

കേന്ദ്ര ഗവൺമെന്റ് ഒരു മുൻകരുതലുമില്ലാതെയാണ് ലോക്ഡൗൺ പ്രഖ്യാപിച്ചത്. ലോക്ഡൗൺ പ്രഖ്യാപിച്ച കാലത്ത് ഉത്തർപ്രദേശ് പോലുള്ള സംസ്ഥാനങ്ങളിലെല്ലാംതന്നെ അന്യദേശ തൊഴിലാളികൾ ഭക്ഷണവും വെള്ളവും കിട്ടാതെ സ്വന്തം വീട്ടിലേയ്ക്ക് നടന്നുപോകുന്നത് നമ്മൾ കണ്ടതാണ്. മൈലുകൾ താണ്ടിയിട്ട് തളർന്നുവീണത്, റെയിൽപ്പാളത്തിൽ കിടക്കേണ്ടി വന്നത് എല്ലാം നമ്മൾ കണ്ടതാണ്. അതിനും സാക്ഷ്യം വഹിക്കേണ്ടിവന്നു. 15 ജീവനുകളാണ് നഷ്ടപ്പെട്ടത്. എന്നാൽ രാജ്യത്തിനും ലോകത്തിനും മാതൃകയായിക്കൊണ്ടാണ് കേരളത്തിൽ ലോക്ഡൗണിന്റെ സമയത്ത് അതിഥിത്തൊഴിലാളികളെ അതിഥിയായി കണ്ടുകൊണ്ടുതന്നെ നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രി പ്രഖ്യാപിച്ചത്, "ഒരാൾപോലും പട്ടിണി കിടക്കാൻ പാടില്ല. അതുകൊണ്ട് എല്ലാവർക്കും ഭക്ഷണം കൊടുക്കാൻ കഴിയണം" എന്നുള്ളത്. എല്ലാ ഭാഗങ്ങളിലും ഇക്കാര്യം

അറിയിച്ചതിനെത്തുടർന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ കമ്മ്യൂണിറ്റി കിച്ചൺ തുടങ്ങി. പാകം ചെയ്ത ഭക്ഷണം അതിഥിത്തൊഴിലാളികൾക്കടക്കം എത്തിച്ചുകൊടുത്തു. ഈ ഗവൺമെന്റിനല്ലാതെ ആർക്കാണ് അത് സാധിക്കുക; ലോകത്തിനുതന്നെ മാതൃകയായ കാര്യമല്ലേ? ജോലിയും കൂലിയും നഷ്ടപ്പെട്ട് വീട്ടിൽ ഇരിക്കുന്ന ആളുകൾക്ക് ഭക്ഷണം എത്തിക്കുവാൻകൂടി അതിലൂടെ കഴിഞ്ഞു. ആ കമ്മ്യൂണിറ്റി കിച്ചൺ ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. 20 രൂപയ്ക്ക് ഭക്ഷണം കൊടുക്കുന്നു. ഈ കേരളത്തിൽ ലക്ഷക്കണക്കിനാളുകൾ ഇന്നും ഉച്ചഭക്ഷണം അങ്ങനെയാണ് കഴിക്കുന്നത്. ആ രീതിയിലേയ്ക്കുള്ള സഹായം ഇവിടെ ഇടതുപക്ഷമല്ലേ ചെയ്തിട്ടുള്ളത്.

കുട്ടികൾക്കുള്ള ഭക്ഷണക്കിറ്റ്. നമുക്ക് ഓർമ്മയില്ലേ, ഉച്ചക്കഞ്ഞി എന്നായിരുന്നു കുട്ടികൾക്ക് കൊടുക്കുന്ന ഭക്ഷണത്തിന്റെ പേര്. ഗവൺമെന്റ് ഉച്ചക്കഞ്ഞി കൊടുക്കുന്നു. അതുപോലും മര്യാദയ്ക്ക് ഇവർ കൊടുത്തിരുന്നില്ല. ഉച്ചക്കഞ്ഞിയുടെ കടം ബാക്കിയാണ്. ഞങ്ങൾക്കിനി പോക്കറ്റിൽനിന്നും എടുത്തുകൊടുക്കുവാൻ കഴിയില്ലായെന്ന് പ്രഥമാദ്ധ്യാപകർ പഞ്ചായത്തുകളിൽ വന്ന് പറയുമായിരുന്നു. നല്ല ഭക്ഷണം കുഞ്ഞുങ്ങൾക്ക് നൽകണം, നമ്മുടെ

വിദ്യാർത്ഥികൾക്ക് നൽകണം. അവർക്ക് പഠിക്കാൻ ഭക്ഷണംകൂടി ആവശ്യമാണ്. അതുകൊണ്ടുതന്നെ നല്ല ഭക്ഷണം കൊടുക്കണം. അങ്ങനെയൊരു നിർദ്ദേശം വച്ചത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സഖാവ് വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന സമയത്തായിരുന്നു. വിദ്യാലയങ്ങൾ അടച്ചതിനാൽ ഇന്ന് ഉച്ചഭക്ഷണം കൊടുക്കാൻ കഴിയുന്നില്ല. വിദ്യാലയങ്ങൾ അടച്ചപ്പോൾ ആ ഭക്ഷണം വീട്ടിലെത്തിക്കുന്ന രീതിയിൽ, അരിയും സാധനങ്ങളും കുഞ്ഞുവിദ്യാർത്ഥികളുടെ വീട്ടിലെത്തിക്കാൻ കഴിഞ്ഞു. എന്നാൽ തെരഞ്ഞെടുപ്പ് കാലങ്ങളിലും ഇത് തുടർന്നപ്പോൾ ഇവർ പറഞ്ഞതെന്തായിരുന്നു; ഇത് തെരഞ്ഞെടുപ്പ് തട്ടിപ്പാണ്. അങ്ങനെ കോടതിയിൽ പോയതാണ്. കുട്ടികൾക്കും പാവപ്പെട്ട ജനവിഭാഗങ്ങൾക്കും ഭക്ഷണം കൊടുക്കുമ്പോൾ അതിനെതിരായി കോടതിയിൽ പോയ ആളുകളാണ് ഇന്ന് കിറ്റ് കൊടുക്കുന്നതിനെ കളിയാക്കിക്കൊണ്ടിരിക്കുന്നത്. ഇവർക്ക് പാവപ്പെട്ട ജനങ്ങളോട് എന്ത് ഉത്തരവാദിത്വമാണുള്ളത്.

17 ഇനം പലവ്യഞ്ജന കിറ്റുകൾ കൊടുക്കുന്നു എന്നുമാത്രമല്ല, ഈ ഗവൺമെന്റ് വന്നതിനുശേഷം പുതിയ മന്ത്രി എല്ലാ രീതിയിലും വീണ്ടും

മാവേലി സ്റ്റോറുകളെ സജീവമാക്കി. മാവേലി സ്റ്റോറുകൾ പുനഃസ്ഥാപിക്കേണ്ടിടത്ത് പുനഃസ്ഥാപിച്ചു. വാതിൽപ്പടി വിതരണം ചെയ്തു. റേഷൻ കടകൾ കമ്പ്യൂട്ടർവൽക്കരിച്ചു. ആധാർ സീഡിംഗ്, പോർട്ടബിലിറ്റി തുടങ്ങിയ പരിഷ്കാരങ്ങൾ വരുത്തി വിജയകരമായി മുന്നോട്ട് പോകുന്നു. ഓരോ കാർഡുടമകൾക്കും അവർക്ക് ഇഷ്ടമുള്ള റേഷൻ കടയിൽനിന്നും സാധനങ്ങൾ വാങ്ങുവാൻ കഴിയുന്നു. ഇത് ഇവിടെയല്ലാതെ മറ്റെവിടെയാണുള്ളത്? അതുപോലെത്തന്നെ പട്ടികജാതി ഊരുകളിലേയ്ക്ക് സഞ്ചരിക്കുന്ന റേഷൻ കടകൾ എത്തുകയാണ്. ഗതാഗത യോഗ്യമല്ലാത്ത സ്ഥലങ്ങളിലേയ്ക്കെല്ലാം ഭക്ഷണം കൊണ്ടെത്തിക്കുന്ന രീതിയിലേയ്ക്കാണ് ഈ ഗവൺമെന്റ് പൊയ്ക്കൊണ്ടിരിക്കുന്നത്. ഇതെല്ലാം സാധ്യമായത് എൽ.ഡി.എഫ്. ഗവൺമെന്റ് ഭരിക്കുന്നതുകൊണ്ടല്ലേ.

സപ്ലൈകോ വിപണനങ്ങളിലൂടെ 40 ശതമാനം വിലക്കുറവിലാണ് ഇന്നും ഭക്ഷണസാധനങ്ങൾ ലഭിക്കുന്നത്. നിത്യോപയോഗ സാധനങ്ങളുടെ വില കൂട്ടില്ല എന്നത് എൽ.ഡി.എഫ്.-ന്റെ പ്രകടന പത്രികയിൽ പറഞ്ഞിട്ടുള്ളതായിരുന്നു. 13 ഇനം സാധനങ്ങൾ ഇന്നും അതേ വിലയിലാണ് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. നിത്യോപയോഗ സാധനങ്ങളുടെ വില

വർദ്ധിക്കുന്നു എന്ന് നേരത്തെ ഇവിടെ പറഞ്ഞു. തുടക്കത്തിൽ അതുസംബന്ധിച്ച് പറഞ്ഞതിനാൽ ഇനിയും അതിലേയ്ക്ക് പോകുന്നില്ല. 13 ഇനം സാധനങ്ങൾക്ക് ഒരു പൈസ പോലും ഈ ഗവൺമെന്റിന്റെ കാലത്ത് കൂട്ടിയിട്ടില്ല. ഈ ഗവൺമെന്റ് വന്നശേഷവും പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുകയും അതിനുവേണ്ടിയുള്ള എല്ലാ കാര്യവും ചെയ്തു. മാവേലി സ്റ്റോറുകളിൽ സാധനങ്ങൾക്ക് 40 ശതമാനം കിഴിവാണ്. റേഷൻ ഡീലേഴ്സിന് ഇൻഷ്വറൻസ് ഏർപ്പെടുത്തി. കോവിഡ് കാലത്ത് വലിയ രീതിയിൽ പ്രവർത്തിച്ചിരുന്ന റേഷൻ കടകൾ ഒരു ദിവസംപോലും പൂട്ടിയില്ല.

കഴിഞ്ഞ ദിവസം ഡോ. കെ. ടി. ജലീൽ പറഞ്ഞ കാര്യത്തിൽ വല്ലാതെ വേദനിച്ചു എന്നുള്ളത് നമുക്ക് മനസ്സിലായി. അപ്പോൾ കൊള്ളേണ്ടയിടത്തിൽ കൊണ്ടുയെന്നുള്ളതാണ് ഇവിടെ കാണിച്ചിട്ടുള്ള ഈ വാക്കുകളിലെല്ലാം തന്നെ നമ്മൾ കേട്ടിരുന്നത്. അതുകൊണ്ട് ഈ ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. നമ്മുടെ രാജ്യം മാത്രമല്ല, ലോകം ഏറ്റവും ബഹുമാനത്തോടും ആദരവോടുംകൂടി കാണുന്ന, മതേതര ഇന്ത്യയുടെ

കാവലാൾ എന്ന് നമ്മൾ വിശേഷിപ്പിക്കുന്ന ശ്രീ. രാഹുൽ ഗാന്ധിയെക്കുറിച്ച്, അദ്ദേഹം നടത്തിയ സമരത്തെ കുറിച്ചുപോലും ഒന്ന് പ്രശംസിക്കാൻ തയ്യാറാകാതെ അതിനെപോലും വടക്കാഞ്ചേരി അംഗം ഇവിടെ വിമർശിക്കുന്നത് കേട്ടു. ഇവിടെ അദ്ദേഹം മനസ്സിലാക്കേണ്ടൊരു കാര്യം, ശ്രീ. രാഹുൽ ഗാന്ധി അന്ന് പ്രാതൽ കഴിക്കാൻവേണ്ടി ഇടതുപക്ഷ പ്രതിപക്ഷ എം.പി.-മാരെ ക്ഷണിച്ചപ്പോൾ അതിന്റെ മുൻനിരയിലുണ്ടായിരുന്നത് താങ്കളുടെ എം.പി. ആയിരുന്നു എന്നുള്ളത് താങ്കൾ ഓർമ്മിക്കുമോ; താങ്കളുടെ പാർട്ടിയുടെ എം.പി.-മാർ ഉണ്ടായിരുന്നു. ശ്രീ. രാഹുൽ ഗാന്ധി സമരം നടത്തിയത്, സൈക്കിൾ ചവിട്ടി പാർലമെന്റിൽ എത്തിയത് ഈ രാജ്യത്തെ പാവപ്പെട്ട ആളുകൾക്ക് വേണ്ടിയാണ്. ഇവിടെ പെട്രോളിന്റെയും ഡീസലിന്റെയും വില പ്രതിദിനം വർദ്ധിക്കുമ്പോൾ അതിനെതിരെ പ്രതികരിക്കേണ്ട നിങ്ങൾ അതിനെ അനുകൂലിക്കുന്നത് എന്തുകൊണ്ടാണെന്ന് ഞങ്ങൾക്കറിയാം. നിങ്ങളുടെ ബി.ജെ.പി. പ്രേമം. അതോടൊപ്പംതന്നെ വലിയ തോതിലുള്ള കൊള്ള, ടാക്സ് ഇനത്തിൽ ജനങ്ങളിൽനിന്ന് പിഴിഞ്ഞുകൊണ്ടിരിക്കുകയാണ്. നിങ്ങൾക്ക് എന്തെങ്കിലും സബ്സിഡി കൊടുക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഏതെങ്കിലും നിർദ്ദേശം

വച്ചിട്ടുണ്ടോ; സ്വാഭാവികമായും ഈ സന്ദർഭത്തിൽ അത്തരം കാര്യംകൂടി പറയുവാൻ തയ്യാറാകണം എന്നുള്ളതാണ് എന്റെ അപേക്ഷ. ഇവിടെ ആ അംഗം തന്നെ ഒരു കാര്യംകൂടി സൂചിപ്പിച്ചു. പ്രതിപക്ഷം വലതുപക്ഷമാണ് എന്ന് സ്ഥാപിക്കുവാൻവേണ്ടി മ്ലേച്ഛമായ ഭാഷയിൽ അദ്ദേഹം ഇവിടെ യു.ഡി.എഫ്.-നെ ആക്ഷേപിക്കുകയുണ്ടായി. അദ്ദേഹം ചോദിച്ചത്, 'ആഗോളവൽക്കരണ നയങ്ങളെ അണ്ണാക്കിൽതൊടാതെ വിഴുങ്ങിയില്ലേ' എന്നാണ്. എന്റെ സംശയം, ഇതേ അംഗം അപ്പോൾ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ മണിയടിച്ചത് ശ്രീ. പിണറായി വിജയൻ സഖാവ് ആഗോളവൽക്കരണത്തെ അണ്ണാക്കിൽതൊടാതെ വിഴുങ്ങിയതുകൊണ്ടാണോ എന്നുള്ളതാണ്. അങ്ങ് അതാണോ ഉദ്ദേശിക്കുന്നത് എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ഇവിടെ ആരാണ് ഏറ്റവും പാവപ്പെട്ടവൻ; ശ്രീ. എ. എൻ. ഷംസീർ, കേരളത്തിൽ ആരാണ് ഏറ്റവും പാവപ്പെട്ടവൻ മറുപടി പറയൂ. മുഖ്യമന്ത്രിയോട് ചോദിച്ചാൽ എന്താണ് പറയുന്നത്, 'വിവരം ശേഖരിച്ചു വരുന്നു' എന്നാണ്. ഇതാണ് നിങ്ങളുടെ മറുപടി. പക്ഷേ ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രി ശ്രീ. ജി. ആർ. അനിലിന്റെ കയ്യിൽ കൃത്യമായ ഉത്തരമുണ്ട്. അദ്ദേഹം പറഞ്ഞത്

കേരളത്തിലെ ഏറ്റവും പാവപ്പെട്ടവൻ സിനിമാനടൻ മണിയൻപിള്ള രാജു എന്നാണ്. സംസ്ഥാനത്തെ ഏറ്റവും പാവപ്പെട്ടവനെന്ന് അദ്ദേഹം കണ്ടെത്തി. ഇവിടെ മുൻ പ്രസംഗങ്ങളിൽ ശ്രീ. എം. വിൻസെന്റ് സൂചിപ്പിച്ചു, ഈ കാര്യം നിങ്ങൾക്കറിയാം, ഒരുപക്ഷേ പാവപ്പെട്ടവനെ ചെന്നു കാണേണ്ട മന്ത്രി, പാവപ്പെട്ടവന്റെ കൂടെ നിൽക്കേണ്ട മന്ത്രി, ഈ രീതിയിൽ വിവാദമുണ്ടായപ്പോൾ അതിൽ നിന്നു മാറിയെന്നുള്ളത് ഞാൻ വിസ്മരിക്കുന്നില്ല. ഇവിടെ കാതലായ മാറ്റങ്ങൾ ഉണ്ടാകണം, ഈ മേഖലയിൽ ഉണ്ടാകേണ്ട മാറ്റങ്ങൾ എന്താണ്? കിറ്റ് നൽകുന്നതുമായി ബന്ധപ്പെട്ടൊന്നും ഞാൻ പറയുന്നില്ല. കിറ്റിൽ രാഷ്ട്രീയമുണ്ടോയെന്ന് ചോദിച്ചാൽ കിറ്റിൽ വ്യക്തമായ രാഷ്ട്രീയമുണ്ട്. ആ രാഷ്ട്രീയത്തിന്റെ ഗുണഭോക്താക്കളാണ് നിങ്ങൾ എന്നുള്ളത് ഞങ്ങൾക്കറിയാം. ദാരിദ്ര്യമില്ലാത്തൊരു സമൂഹത്തെ സൃഷ്ടിക്കുകയെന്നുള്ളതാണ് നമ്മുടെ ലക്ഷ്യം. പക്ഷേ കമ്മ്യൂണിസ്റ്റുകാർ അങ്ങനെയല്ല, കമ്മ്യൂണിസ്റ്റുകാർക്ക് ദാരിദ്ര്യവും പട്ടിണിയും വേണം. ജോലി ഉണ്ടാകാൻ പാടില്ല, ദാരിദ്ര്യം ഉണ്ടെങ്കിലേ കമ്മ്യൂണിസം ഉണ്ടാകൂ, എന്താണ് കമ്മ്യൂണിസം? എന്താണ് കമ്മ്യൂണിസമെന്ന് ഒരിക്കൽ ഞാൻ ഒരാളോട് ചോദിച്ചു, അദ്ദേഹം പറഞ്ഞു,

'മ്ലേച്ഛഘടകങ്ങളുടെ ആവിഷ്കാര വിലാസ ലോലഭാവങ്ങളിൽ ഉതിർന്നുവീഴുന്ന ആത്മ സാന്ദ്രീകരണത്തിന്റെ ആന്തോളനമാണ് കമ്മ്യൂണിസം" എന്നാണ്. ആർക്കെങ്കിലും മനസ്സിലായോ; മനസ്സിലായില്ല. അതുകൊണ്ട് ആർക്കും മനസ്സിലാക്കാൻ പറ്റാത്ത ഒന്നാണ് കമ്മ്യൂണിസമെന്നുള്ളത് ഇവിടെ സൂചിപ്പിക്കുകയാണ്. ഇവിടെ കിറ്റ് കൊടുക്കുന്നു, ഞങ്ങൾക്ക് കഴിക്കാനുള്ള കാര്യങ്ങൾ നിങ്ങൾ തരുമ്പോൾ എന്നും ഈ സാധനം തന്നെ തന്നാൽ മതിയോ? എന്തൊക്കെയാണ് നൽകുന്നത്; മിഠായി, ഗോതമ്പ്, വെളിച്ചെണ്ണ, പഞ്ചസാര, തേയില, സാമ്പാർപൊടി, മുളക്, മല്ലിപ്പൊടി, മഞ്ഞൾപ്പൊടി.... 440 രൂപയുടെ സാധനങ്ങളാണ് കൊടുക്കുന്നത്. അതിൽ 150 രൂപയോളം കുറവ് വരും, ഏകദേശം 300 രൂപയുടെ സാധനം കൊടുക്കും. ഞാൻ സൂചിപ്പിക്കട്ടേ, ഈ ഓണത്തിന് ഇതിനോടൊപ്പം 2000 രൂപകൂടി കൊടുക്കേണ്ടതല്ലേ; സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് പണം കൊടുക്കാൻ തയ്യാറാകണം. ഞങ്ങൾക്ക് കിറ്റ് മാത്രമല്ല വേണ്ടത്, ഞങ്ങൾക്ക് ജോലിയും കൂലിയുമാണ് വേണ്ടത്. ഇവിടത്തെ പാവപ്പെട്ട ആളുകൾക്ക്, ചെറുപ്പക്കാർക്ക് കിറ്റ് കൊടുത്ത് നിങ്ങൾ എത്രനാൾ മുന്നോട്ട് പോകും? ഇവിടെ സ്വാഭാവികമായും വരുമാനം ഉണ്ടാകണം, ഞങ്ങൾക്ക് ദാരിദ്ര്യമല്ല

വേണ്ടത്, ഞങ്ങൾക്ക് സമ്പന്നതയാണ് വേണ്ടത്. നിങ്ങൾക്ക് ദാരിദ്ര്യം വേണമായിരിക്കാം, തൊഴിലാളികളെയും മുതലാളികളെയും വേണം. ഇവിടെ സമ്പന്നത ഉണ്ടാകണമെന്നുണ്ടെങ്കിൽ നിങ്ങൾ ജോലി കൊടുക്കൂ. നിങ്ങൾ ഓരോ ദിവസവും ലിസ്റ്റ് ക്യാൻസൽ ചെയ്തുകൊണ്ടിരിക്കുകയാണ്. ഞങ്ങൾക്ക് ജോലി എവിടെയെന്ന് ഇവിടുത്തെ പാവപ്പെട്ടവൻ ചോദിക്കുകയാണ്. അല്ലാതെ നിങ്ങളുടെ കിറ്റ് എന്നുമെന്നും വാങ്ങി മുന്നോട്ട് പോകാമെന്ന വ്യാമോഹമൊന്നും ഞങ്ങൾക്കില്ല, കേരളത്തിലെ ജനങ്ങൾക്കില്ല. അതുകൊണ്ട് പ്രിയപ്പെട്ട പിണറായി വിജയൻ സഖാവേ, നിങ്ങൾ ഞങ്ങളുടെ ചെറുപ്പക്കാർക്ക് ജോലി നൽകൂ. ബി.പി.എൽ. കാർഡും എ.പി.എൽ. കാർഡും മുൻപും ഉണ്ടായിരുന്നുവെന്ന് നമുക്കറിയാം. അന്ന് ആ കാർഡുകളിലൊന്നും കളർ വ്യത്യാസമില്ല. ഇപ്പോൾ കളർ വ്യത്യാസമാണ്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് ഒരു കളർ, അതിനുമുകളിൽ മറ്റൊരു കളർ, അങ്ങനെ വ്യത്യസ്തമായ രീതിയിൽ ആളുകളെ വേർതിരിക്കുന്ന റേഷൻ കാർഡിന്റെ കളർമാറ്റ പരിഷ്കാരമുണ്ടല്ലോ, അതിൽ നിന്നും മുൻപോട്ട് പോകണം. നിങ്ങൾ കാർഡിൽ എഴുതി വച്ചാൽ മതി, പണ്ട് ബി.പി.എൽ., എ.പി.എൽ. എന്ന് എഴുതുമായിരുന്നു. ഇന്ത്യയിൽ കൊടുക്കുന്ന

പാസ്പോർട്ടിന്റെയെല്ലാം നിറം ഡാർക്ക് ബ്ലൂ ആണ്. സമ്പന്നർക്ക് ഒരു നിറം, അല്ലെങ്കിൽ ഒരു മതത്തിൽപ്പെട്ടവന് മറ്റൊരു നിറം എന്നുള്ള രീതിയല്ല ഉള്ളത്. അതുകൊണ്ട് റേഷൻ കാർഡ് വ്യത്യസ്ത നിറത്തിൽ നൽകുന്ന രീതിയിൽ മുന്നോട്ട് പോകുന്നത് ശരിയായൊരു നടപടിയല്ല എന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. എല്ലാ കാര്യങ്ങളിലും അഴിമതി മാത്രം ലക്ഷ്യം വച്ച് മുന്നോട്ട് പോകുന്നവരാണ് നിങ്ങൾ. കിറ്റ് കൊടുക്കുന്ന ആ തുണി സഞ്ചിയിൽപോലും അഴിമതി നടത്തി. നിങ്ങൾ എത്രയാണ് അഴിമതി നടത്തിയത്; 19 രൂപ അടിച്ചുമാറ്റിക്കൊണ്ടു പോയി. സ്വാഭാവികമായും ഈ അഴിമതിയെ നിങ്ങൾ പ്രോത്സാഹിപ്പിക്കരുത്. സമയം അവസാനിച്ചുവെന്നതുകൊണ്ട് ഒരു മിനിറ്റുകൊണ്ട് ഞാൻ അവസാനിപ്പിക്കും. കിറ്റുകൊടുക്കുന്നതുമായി ബന്ധപ്പെട്ട് ഒരു കാര്യം കൂടി ഞാൻ സൂചിപ്പിക്കട്ടേ, രണ്ടരലക്ഷം രൂപ മാസശമ്പളമുള്ള ചീഫ് സെക്രട്ടറിക്ക് കിറ്റ് കൊടുക്കേണ്ട ആവശ്യമുണ്ടോ? 3 ലക്ഷം രൂപ മാസശമ്പളമുള്ള കെ.പി.എം.ജി.-യിലെ ഉദ്യോഗസ്ഥന് ഭക്ഷ്യക്കിറ്റ് വേണോ? അർഹതയുള്ളവന് കൊടുക്കൂ, അർഹതയില്ലാത്തവന് കൊടുക്കേണ്ട കാര്യമില്ല. പല വീടുകളിലും ഇത് വേണ്ട രീതിയിൽ വിനിയോഗിക്കുന്നില്ല. സ്വാഭാവികമായും നമ്മുടെ

ഖജനാവിലെ പണം അർഹതപ്പെട്ടവന്റെ കൈകളിലേയ്ക്ക് എത്തണം. ആ രീതിയിൽ ഈ കാര്യങ്ങൾ മാറ്റണം. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്കുള്ള ചെറിയ ഉപദേശം, ഉപദേശിക്കാനൊന്നും ഞാൻ ആളല്ല, അങ്ങൊരു മഹാനാണ്. അത് തിരുത്തുമെന്നൊന്നും എനിക്കറിയില്ല. മുൻ ഭക്ഷ്യമന്ത്രി ശ്രീ. പി. തിലോത്തമന്റെ ഗതി അങ്ങേയ്ക്ക് ഉണ്ടാകരുത്. സപ്ലൈകോ എം.ഡി. അലി അസ്കർ പാഷ സപ്ലൈകോയിൽ നടത്തുന്ന കുംഭകോണം നമുക്കെല്ലാപേർക്കും അറിയാവുന്ന കാര്യമാണ്. വലിയ അഴിമതിയുണ്ട്, മുൻമന്ത്രി ബഹുമാനപ്പെട്ട പി. തിലോത്തമൻ ഇതുമായി ബന്ധപ്പെട്ട പരാതി മുഖ്യമന്ത്രിക്ക് കൊടുത്തു, മുഖ്യമന്ത്രി അത് പൂഴ്ത്തി. അതിൽ തീരുമാനമുണ്ടായില്ല, എന്നു മാത്രമല്ല പരാതികൊടുത്ത അദ്ദേഹത്തിന് സിറ്റിംഗ് സീറ്റുപോലും നഷ്ടപ്പെട്ടു. സ്വാഭാവികമായിട്ടും ജനത്തിന്റെ പണം സംരക്ഷിക്കേണ്ട നിങ്ങൾ അഴിമതിക്കാരായ ഉദ്യോഗസ്ഥർക്ക് കൂട്ട് നിൽക്കരുതെന്ന കാര്യംകൂടി ഞാൻ സൂചിപ്പിക്കുകയാണ്. ഒരുപക്ഷേ, 6 രൂപയ്ക്ക് കിട്ടുന്ന തുണി സഞ്ചി 17 രൂപയ്ക്ക് വാങ്ങാൻ അദ്ദേഹം കാണിച്ച താൽപ്പര്യമുണ്ടല്ലോ, ശർക്കര അഴിമതി, പപ്പട അഴിമതി തുടങ്ങി നിരവധി അഴിമതിക്കൊള്ള നടത്തിയ അദ്ദേഹത്തിനെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ

ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഭക്ഷ്യവിതരണ വകുപ്പുമായി ബന്ധപ്പെട്ട് അവതരിപ്പിക്കപ്പെട്ട ധനകാര്യ നിർദ്ദേശങ്ങളെ, ബഡ്ജറ്റിനെ ഞാൻ അനുകൂലിക്കുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണിക്കാരായ ഞങ്ങൾക്ക് ഇത്തരം ബഡ്ജറ്റുകളെ അനുകൂലിക്കാതെയിരിക്കാൻ നിർവ്വാഹമില്ല. ഇത്തരം ബഡ്ജറ്റുകൾ കഴിഞ്ഞ കാലത്ത് പ്രാവർത്തികമാക്കിയതിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് വീണ്ടും ഇടതുപക്ഷ ജനാധിപത്യമുന്നണിയെ കേരളത്തിൽ അധികാരത്തിൽ കയറ്റിയത്. ആ നയം വീണ്ടും നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചുകൊണ്ടുള്ള ഒരു മുന്നണിയുടെ പ്രതിനിധിയെന്ന നിലയിൽ ഈ ധനകാര്യ ബില്ലിനേയും അതിലെ നിർദ്ദേശങ്ങളേയും സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. ഞാൻ കൂടുതൽ വിശദീകരണത്തിലേയ്ക്ക് കടക്കുന്നില്ല. യു.ഡി.എഫ്-ലെ ബഹുമാന്യരായ സുഹൃത്തുക്കൾ ആരെങ്കിലും ഇവിടെ ഇരിക്കുന്നുണ്ടെങ്കിൽ അവർ കേരളത്തിന്റെ ഇന്നത്തെ പൊതുവിതരണ സമ്പ്രദായത്തേയും അതുപോലെ റേഷൻ സംവിധാനത്തേയും വിലക്കയറ്റം പിടിച്ചു നിർത്താൻ നടപ്പിലാക്കിയ സംവിധാനങ്ങളുടേയും ഒരു കണക്ക് എഴുതി വയ്ക്കുന്നത് നല്ലതാണ്. ആകെ

റേഷൻ കടകൾ 14237, മാവേലി സ്റ്റോറുകൾ 857, സിവിൽ സപ്ലൈസ് സൂപ്പർ മാർക്കറ്റുകൾ 511, മാവേലി സൂപ്പർ സ്റ്റോർ 72, മൊബൈൽ മാവേലി സ്റ്റോർ 21, വിലകുറച്ച് മരുന്നുകൾ കൊടുക്കാൻ മെഡിക്കൽ സ്റ്റോറുകൾ 96, പെട്രോൾ ബങ്കുകൾ 11, എൽ.പി.ജി. ഗ്യാസ് വിതരണ കേന്ദ്രം 3, ഇതിനു പുറമേ കൺസ്യൂമർ ഫെഡറേഷനുമായി ബന്ധപ്പെട്ടുകൊണ്ട് നൂറുകണക്കിന് സ്റ്റോറുകളും പ്രവർത്തിക്കുന്നു. സഹകരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഓണം, പെരുന്നാൾ, ഉത്സവ കാലഘട്ടത്തിൽ പതിനായിരക്കണക്കിന് സംവിധാനങ്ങൾ പ്രവർത്തിക്കുന്നു. കേരളത്തിലെ പൊതുവിതരണ സംവിധാനവുമായി ബന്ധപ്പെട്ട് വില പിടിച്ചു നിർത്താൻ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് പ്ലാൻ ചെയ്തത് ഇത്തരം സ്ഥാപനങ്ങൾ മുഖേനയാണ്. കേരളീയ സമൂഹം ആകെത്തന്നെ ഇടതുപക്ഷ ജനാധിപത്യമുന്നണിയിൽ വിശ്വാസമർപ്പിച്ച് നിൽക്കുകയാണ്. ഞാൻ കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല, ഇവിടെ ചില വെല്ലുവിളികൾ നടത്തി, അതുപോലെ ചില ആളുകൾ പറഞ്ഞു, കിറ്റ് കൊടുക്കുന്നതുകൊണ്ട് ഞങ്ങൾക്ക് കുഴപ്പമില്ലായെന്ന്. നിങ്ങൾക്ക് കുഴപ്പമുണ്ടെങ്കിലും പ്രശ്നമില്ല, മനസ്സിലായില്ലേ; തീവണ്ടി യാത്ര ചെയ്യാത്ത ഒരാൾ ആദ്യമായി തീവണ്ടി

കയറാൻ പോയി. അവിടെ ചെന്നപ്പോൾ അദ്ദേഹത്തിന്റെ മുൻപിൽ വന്ന കമ്പാർട്ടുമെന്റ് സ്ത്രീകളുടെ കമ്പാർട്ടുമെന്റാണ്. അയാൾക്ക് അത് അറിയില്ലായിരുന്നു. വണ്ടി പുറപ്പെടാൻ നേരത്ത് ഇദ്ദേഹം സ്ത്രീകളുടെ കമ്പാർട്ടുമെന്റിൽ കയറി. അപ്പോൾ അതിലെ ടി.ടി.ഇ. പറഞ്ഞു, 'ഇത് സ്ത്രീകളുടെ കമ്പാർട്ടുമെന്റാണ്, നിങ്ങൾക്ക് കയറാൻ പറ്റുകയില്ല.' അദ്ദേഹം പറഞ്ഞു 'കുഴപ്പമില്ല, കുഴപ്പമില്ല.' അപ്പോൾ ടി.ടി.ഇ പറഞ്ഞത്, 'നിങ്ങൾക്കല്ല കുഴപ്പം നിങ്ങൾ കയറിയാൽ ഇതിലിരിക്കുന്ന സ്ത്രീകൾക്കാണ് കുഴപ്പം, അതുകൊണ്ട് ഇറങ്ങണം' എന്നാണ്...... അതുകൊണ്ട് നിങ്ങൾക്ക് കുഴപ്പമുണ്ടെങ്കിലും ഞങ്ങൾക്ക് പ്രശ്നമില്ല. ഇപ്പോൾ പറയുകയാണ് പച്ചക്കറികൂടി കൊടുക്കണമെന്ന്, അതൊക്ക ഞങ്ങൾ കൊടുത്തുകൊള്ളാം. ഓണക്കിറ്റിന്റെ കൂടെ ധാരാളം പച്ചക്കറി കൊടുക്കുന്നുണ്ട്. വേറെ ചില ആളുകൾ പറഞ്ഞു, 6000 രൂപ കൊടുക്കണമെന്ന്, സ്വപ്നം കാണുമ്പോൾ എന്തിനാണ് 6000 രൂപ ആക്കുന്നത് 12000 രൂപ വേണമെങ്കിലും കാണാം. സ്വപ്നത്തിന് പരിമിതി ഇല്ലല്ലോ, ആറായിരമെന്ന് പറഞ്ഞ് കുറേക്കാലമായി നടക്കുന്നു. നിങ്ങൾ കഴിഞ്ഞ തെരഞ്ഞെടുപ്പ് സമയത്ത് ഇത് പറഞ്ഞതല്ലേ; കോൺഗ്രസ്സുകാരും യു.ഡി.എഫ്.-കാരും സ്വപ്നം കാണുകയാണെങ്കിൽ

ആറായിരമാക്കേണ്ട, അതിനേക്കാൾ കൂടുതൽ കാണണം. നിങ്ങൾ വന്നാൽ 6000 രൂപയും ഇടതുപക്ഷം വന്നാൽ 2500 രൂപയും കൊടുക്കുമെന്ന് പറഞ്ഞപ്പോൾ, നിങ്ങൾ പറഞ്ഞ 6000 രൂപ പാഴ്വാക്കാണ് അത് ലഭിക്കില്ല, അതുകൊണ്ട് 2500 രൂപ മതിയെന്നാണ് ജനങ്ങൾ പറഞ്ഞത്. ഞാൻ ചോദിക്കട്ടേ, മൂന്നാൾക്ക് പെൻഷൻ കിട്ടുന്ന ഒരു വീട്ടിൽ ഇപ്പോൾ 7500 രൂപ കിട്ടും. ബാക്കി 1500 രൂപ തിരികെ കൊടുക്കണമോ? നിങ്ങൾ പറയുന്നതിന് വല്ല അർത്ഥവുമുണ്ടോ, ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. 1957-ലെ ഇടതുപക്ഷ ഗവൺമെന്റ് വന്ന കാലംമുതൽതന്നെ നിങ്ങളുടെ നിലപാട് ഇങ്ങനെതന്നെയാണ്. നിങ്ങളുടെ പൂർവ്വികരായ ആളുകളും അങ്ങനെയാണ് ചെയ്തത്. അന്ന് മുക്കൂട്ട് മുന്നണിയായിരുന്നു. ഇ.എം.എസ്. -ന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിൽ വന്നത് വലിയ പഞ്ഞകാലത്തായിരുന്നു. ഭക്ഷണം കിട്ടാൻതന്നെ മാർഗ്ഗമുണ്ടായിരുന്നില്ല. കരിഞ്ചന്തയും പൂഴ്ത്തിവയ്പും നടക്കുന്ന കാലമായിരുന്നു. കേന്ദ്രഗവൺമെന്റാണെങ്കിൽ സംസ്ഥാനത്തിന് അരി തരുന്നുമില്ല. 'മൂന്ന് ഔൺസ് അരിയുടെ കാലമാണ്. ആ സമയത്ത് ഇ.എം.എസ്.-ഉം അന്നത്തെ ഭക്ഷ്യ വകുപ്പുമന്ത്രിയായിരുന്ന കെ. സി. ജോർജ്ജും

ഉൾപ്പെടെയുള്ള ഗവൺമെന്റ് ആലോചിച്ച് ആന്ധ്രയിൽനിന്നും വലിയ വില കൊടുത്ത് അരി കൊണ്ടുവന്ന് കേരളത്തിലെ പട്ടിണി കിടക്കുന്ന ആളുകളെ രക്ഷിക്കാൻ തീരുമാനിച്ചു. ആന്ധ്രയിലെ പൊതുമാർക്കറ്റിൽ പോയി അരി ശേഖരിച്ച് കേരളക്കാരുടെ പട്ടിണിയെ പ്രതിരോധിച്ച അന്നത്തെ ഗവൺമെന്റിന്റെ നടപടിയെപ്പോലും നിങ്ങൾ ചോദ്യംചെയ്തു. ഇ.എം.എസ്.-ന്റെ ഗവൺമെന്റ് അഴിമതിയുടെ ഗവൺമെന്റാണെന്നും വെട്ടിപ്പ് നടത്തിയെന്നും പറഞ്ഞ് അന്നും ഹൈക്കോടതിയിൽ പോയവരാണ്. അക്കാര്യത്തിൽ ഹൈക്കോടതിയുടെ പരാമർശംതന്നെയുണ്ട്. കേന്ദ്രം അരി തരാതിരുന്ന സമയമായതിനാൽ ഇവിടെ അരിയില്ലാതെ വന്നു. കേരളത്തിലെ പാവപ്പെട്ട മനുഷ്യർ പട്ടിണി കിടന്ന് മരിക്കുന്നത് ഒഴിവാക്കാനായി ആന്ധ്രയിൽ പോയി അരി വാങ്ങിക്കൊണ്ടുവന്ന് കേരളക്കാർക്ക് കൊടുത്തതിന് 1957-ലും നിങ്ങൾ കേസിന് പോയവരാണ്. ഇപ്പോഴും നിങ്ങൾ തുടരുന്നത് അതുതന്നെയല്ലേ?കോവിഡ് കാലമായതിനാൽ സ്കൂളുകൾ പ്രവർത്തിക്കുന്നില്ല, കുട്ടികൾക്ക് കൊടുക്കാനുള്ള ഭക്ഷ്യധാന്യം നമ്മുടെ പക്കലുണ്ട്. ഈ സ്ഥിതിയിലാണ് അരി കുട്ടികളുടെ വീട്ടിൽ എത്തിച്ചുനൽകണമെന്ന് ഗവൺമെന്റ് പറഞ്ഞത്. അപ്പോൾ നിങ്ങൾ

കോടതിയിൽ കേസിന് പോയില്ലേ? പ്രീപ്രൈമറി മുതൽ അഞ്ചാം ക്ലാസ് വരെയുള്ള ഓരോ കുട്ടിക്കും 15 കിലോയും ആറുമുതൽ എട്ടാംക്ലാസ് വരെയുള്ള ഓരോ കുട്ടിക്കും 25 കിലോയും അരി വീതമാണ് നൽകുന്നത്. തെരഞ്ഞെടുപ്പുകാലത്ത് വീടുകൾ കയറി വോട്ടഭ്യർത്ഥിക്കുമ്പോൾ, ഓട്ടോറിക്ഷയിൽ ഒരുചാക്കും രണ്ടുചാക്കുമൊക്കെ അരിയുമായി രക്ഷിതാക്കൾ വരുന്നതാണ് കാണുന്നത്. ഒരു സഹോദരി സ്കൂളിൽ പഠിക്കുന്ന അവരുടെ കുട്ടിക്കുള്ള 15 കിലോ അരി വാങ്ങാൻ സഞ്ചിയുമായി പോകുകയാണ്, അപ്പോഴാണ് മൂന്ന് കുട്ടികളുള്ള ഒരമ്മ എഴുപത്തിയഞ്ച് കിലോ അരി ഓട്ടോറിക്ഷയിൽവച്ച് കൊണ്ടുവരുന്നത്. 15 കിലോ മാത്രമല്ലേയുള്ളൂവെന്ന ധാരണയിൽ 'ഏടത്ത്യേയ്, നിങ്ങൾക്കെന്താ ഇത്രേം കൂടുതൽ അരി കിട്ടിയത്" എന്ന് ചോദിച്ച സഹോദരിയോട് ആ അമ്മ പറഞ്ഞു, 'ലക്ഷ്മ്യേ എനിക്കേ, മൂന്ന് കുട്ടികളുണ്ട്, ആ മൂന്നുകുട്ടികൾക്കും കൂടി 25 കിലോ വച്ച് 75 കിലോ കിട്ടിയതുകൊണ്ടാണ് ഇത്രയും അരി'. അപ്പോഴാണ്, കുട്ടികൾ രണ്ടെണ്ണംകൂടി ഉണ്ടായിരുന്നാൽ നന്നായിരുന്നു ഭഗവാനേ, ഈ പിണറായിയുടെ കാലത്ത് കുട്ടികൾ കുറഞ്ഞു പോയതാണല്ലോ ബുദ്ധിമുട്ട് എന്നിങ്ങനെ ലക്ഷ്മി ആലോചിച്ചത്. എന്നാൽ യു.ഡി.എഫ് -ന്റെ കാലത്ത്

കുട്ടികൾ ഉണ്ടാവരുതേയെന്നാണ് ആലോചിച്ചത്. കാരണം ഈ കുട്ടികളെ എങ്ങനെ സംരക്ഷിക്കും; എങ്ങനെ പോറ്റും എന്നായിരുന്നു ചിന്ത. റേഷൻ പീടികയിൽ സഞ്ചിയുമായി പോയാൽമതിയെന്ന് ആരോ പറഞ്ഞു. നിങ്ങളുടെ കാലത്തും സഞ്ചിയുമായിത്തന്നെയായിരുന്നു റേഷൻ പീടികയിൽ പോയിരുന്നത്, മടങ്ങി വന്നതും ആ സഞ്ചിയുമായിത്തന്നെയായിരുന്നു, റേഷൻ പീടിക മാറാല കെട്ടിക്കിടക്കുകയായിരുന്നു. ബി.പി.എൽ. കാർഡ് ഇല്ലാത്തവരുടെ കൈയിൽ നിന്നും കൈകാര്യച്ചെലവിനായി ഒരു രൂപ വാങ്ങുന്നത് വലിയ പ്രശ്നമാണല്ലേ? ഇതൊന്നുംതന്നെ നാട്ടിലെ ആളുകൾ വിശ്വാസത്തിലെടുക്കുന്നില്ല. ഇത്തരത്തിലുള്ള സംവിധാനങ്ങൾ എപ്പോൾ കൊണ്ടുവന്നാലും നിങ്ങൾ കോടതിയിൽപ്പോകും. വടക്കാഞ്ചേരി എം.എൽ.എ. അക്കാര്യം പറഞ്ഞല്ലോ, ലൈഫ് പദ്ധതി കൊണ്ടുവന്നപ്പോഴും നിങ്ങൾ കോടതിയിൽ പോയി. ലൈഫ് പദ്ധതി അടച്ച് പൂട്ടും, കിഫ്ബി അടച്ച് പൂട്ടും എന്നൊക്കെപ്പറഞ്ഞ് എല്ലാ കാര്യങ്ങൾക്കും കേസിന് പോയവരല്ലേ? 1957 മുതൽ കേസിനുപോയ പാരമ്പര്യമുണ്ടെന്ന് അതാണ് ഞാൻ പറഞ്ഞത്. 1957 മുതൽ ഇടയ്ക്കെല്ലാം കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് കേരളത്തിൽ വന്നില്ലായിരുന്നുവെങ്കിൽ ഉത്തർപ്രദേശിനെപോലെയോ

ബീഹാറിനേയും ഗുജറാത്തിനെയുംപോലെയോ ആകുമായിരിന്നു നമ്മുടെ സംസ്ഥാനത്തിന്റെയും സ്ഥിതി. ഇപ്പോൾ NFSA (National Food Security Act)-യെക്കുറിച്ച് പറഞ്ഞല്ലോ, അതുമായി ബന്ധപ്പെട്ട് അന്നത്തെ യു.പി.എ. ഗവൺമെന്റ് കൊണ്ടുവന്ന പദ്ധതിയനുസരിച്ചാണ് കേരളത്തിലെ മഹാഭൂരിപക്ഷം വരുന്നയാളുകളും റേഷൻ മാനദണ്ഡങ്ങളിൽനിന്നും പുറത്തുപോയത്. അതിനുകാരണം, ഇവരുണ്ടാക്കിയ മാനദണ്ഡം നമുക്ക് ചേർന്നതായിരുന്നില്ല, അത് ഉത്തർപ്രദേശിന് ചേർന്നതായിരുന്നു എന്നതുകൊണ്ടാണ്. മാനദണ്ഡം കണക്കാക്കുന്നതിനായുള്ള ആദ്യത്തെ ചോദ്യമെന്തായിരുന്നു; നിങ്ങൾ പല്ലുതേയ്ക്കുന്നുണ്ടോ; പല്ലുതേയ്ക്കുന്നത് ബ്രഷുകൊണ്ടാണോ; പേസ്റ്റ് ഉപയോഗിക്കുന്നുണ്ടോ? ഉത്തരം 'അതെ' എന്നാണെങ്കിൽ നിങ്ങൾക്ക് മാർക്ക് കൂടുതലായിരിക്കും. അടുത്ത ചോദ്യം, ചായകുടിക്കാറുണ്ടോ, എത്ര ചായ കുടിക്കും, ഭക്ഷണം എത്രനേരം കഴിക്കും തുടങ്ങിയതായിരുന്നു. അതുപോലെതന്നെ സ്ത്രീകളോടുള്ള ചോദ്യം, നിങ്ങൾ സാരിയാണോ ഉടുക്കാറുള്ളത്, എത്ര സാരിയുടുക്കും; വീട് ഓടിട്ടതാണോ, കക്കൂസുണ്ടോ, വീടിന് വെളിയിലാണോ കക്കൂസിൽ പോകുന്നത്, അതോ അകത്താണോ തുടങ്ങിയ ഇജ്ജാതി ചോദ്യങ്ങൾ ചോദിക്കുമ്പോൾ അത്

അൻപത് കൊല്ലംമുമ്പ് കേരളത്തിലെ ആളുകളോട് ചോദിക്കേണ്ട ചോദ്യമായിരുന്നു. ആ ചോദ്യങ്ങൾ ഒരു മാനദണ്ഡമാക്കി, പാരാമീറ്ററാക്കിക്കൊണ്ട് എൻ.എഫ്.എസ്.എ. -യുടെ നിബന്ധന വന്നതിന്റെ ഭാഗമായി ഉത്തർപ്രദേശിൽ എൺപത്തഞ്ച് ശതമാനവും മദ്ധ്യപ്രദേശിൽ എൺപത്തിമൂന്നും ബീഹാറിൽ എൺപത്തിരണ്ടും ശതമാനം ആളുകൾ റേഷന് അർഹരായപ്പോൾ നമ്മുടെ നാട്ടിൽ നാൽപ്പത്തിമൂന്ന് ശതമാനം മാത്രമേയുള്ളൂ. അത് നമ്മുടെ ദോഷമല്ല, ഇടതുപക്ഷ ഗവൺമെന്റുകൾ ഇടയ്ക്കിടയ്ക്ക് വന്നതിന്റെ ഭാഗമായി സംഭവിച്ചതാണ്. അതുകൊണ്ട് ഈ മാനദണ്ഡം നമുക്ക് യോജിച്ചതല്ലെന്നും മാറ്റണമെന്നും ബാധകമാക്കരുതെന്നുമുള്ള അഭിപ്രായം നമ്മൾ രേഖപ്പെടുത്തിയിട്ടുണ്ട്. അതിനനുസരിച്ച് നമുക്ക് അർഹതപ്പെട്ട റേഷൻ വിഹിതം അനുവദിച്ചുതരണമെന്നാണ് നമ്മൾ ആവശ്യപ്പെട്ടത്. ബഹുമാനപ്പെട്ട വടക്കാഞ്ചേരി അംഗത്തോട് നിങ്ങൾ ചോദിച്ചതിന് 'അണ്ണാക്കിൽത്തൊടാതെ വിഴുങ്ങുകയാണ് എന്നാണ് പറഞ്ഞത്. അദ്ദേഹം പറയുന്നതിന് അടിസ്ഥാനമുണ്ട്, ഞാൻ കൂടുതൽ വാദിക്കുന്നില്ല. ആഗസ്റ്റ് മാസം മൂന്നാം തീയതി ഇറങ്ങിയ ഒരു പ്രമുഖപത്രത്തിൽ നിങ്ങളുടെ മുൻ

കെ.പി.സി.സി. പ്രസിഡന്റും കേരളത്തിലെ പ്രാമാണികരായ നേതാക്കന്മാരിൽ ഒരാളുമായ ശ്രീ. വി. എം. സുധീരന്റെ ഒരു പ്രസ്താവനയുണ്ടായിരുന്നു, അതിൽ പറയുന്നത് 'നിർഭാഗ്യവശാൽ പിൽക്കാലത്ത് നെഹ്റു-ഇന്ദിര സാമ്പത്തിക നയങ്ങളിൽനിന്നും വ്യതിചലിച്ചുകൊണ്ട് നവലിബറൽ സാമ്പത്തിക നയങ്ങളുമായി കോൺഗ്രസ് മുന്നോട്ടുപോയത് രാജ്യത്തിനും കോൺഗ്രസിനും ദോഷകരമായി എന്നാണ് അനുഭവങ്ങളിലൂടെ ബോദ്ധ്യമായത് ' എന്നാണ്. ശ്രീ. വി. എം. സുധീരന്റെ പ്രസ്താവന നിങ്ങൾ അണ്ണാക്കിൽത്തൊടാതെ വിഴുങ്ങുമോ? നിങ്ങളാണതിന് മറുപടി പറയേണ്ടത്, വിശദീകരിക്കുമോ? ഒന്നുരണ്ട് കാര്യങ്ങൾ കൂടിയുണ്ട്, നമ്മുടെ റേഷൻ സംവിധാനത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന റേഷൻ ഡീലർമാരെ സഹായിക്കാനായി പെൻഷൻ, ക്ഷേമനിധി, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ ഏർപ്പെടുത്തി, കൂടാതെ മാസത്തിൽ പതിനെട്ടായിരം രൂപയുൾപ്പെടെയുള്ള ശമ്പള വർദ്ധനവ് നൽകി അവരെയും ചേർത്ത് നിർത്തിയിരിക്കുന്നു. 14237 റേഷൻ ഷോപ്പുകളിലെ ഡീലർമാരും അവരുടെ കുടുംബങ്ങളും ഇടതുപക്ഷ ജനാധിപത്യ മുന്നണിയോടൊപ്പമല്ലാതെ മറ്റാരുടെയൊപ്പം നിൽക്കും? എഫ്.സി.ഐ.യിൽ നിന്നും നേരിട്ട് റേഷൻ

കടകളിലേയ്ക്ക് വരുന്നതിന്റെ ഭാഗമായി, നേരത്തേ ഇടത്തട്ടിൽ പ്രവർത്തിച്ചിരുന്ന ഗോഡൗണുകൾ ഇല്ലാതായപ്പോഴുണ്ടായ തൊഴിലാളികളുടെ തൊഴിലില്ലായ്മ പ്രശ്നംകൂടി പരിഹരിക്കണം. ഞാൻ വിശദീകരിക്കുന്നില്ല, " ഗരീബി ഹഠാവോ, ബേക്കാരി ഹഠാവോ" എന്ന മുദ്രാവാക്യം കോൺഗ്രസിന്റേതായിരുന്നു, ആ ചർച്ച നടത്തിയ മെമ്പർ ജനിക്കുന്നതിന് മുമ്പ് പറഞ്ഞതാണ് ഗരീബി ഹഠാവോ, ബേക്കാരി ഹഠാവോ എന്ന്. ഇതിന്റെയൊക്കെ സ്ഥിതി എന്തായിരുന്നുവെന്ന് പ്രായംചെന്ന കോൺഗ്രസുകാരോട് ചോദിച്ച് മനസ്സിലാക്കുന്നത് നന്നായിരിക്കുമെന്ന കാര്യംകൂടി പറഞ്ഞുകൊണ്ട് കടമ്മിനിട്ടയുടെ

" നിങ്ങളോർക്കുക, നിങ്ങളെങ്ങനെ നിങ്ങളായെന്ന്"

എന്ന കവിതാ ശകലം ചൊല്ലിക്കൊണ്ട് നിർത്തുകയാണ്. നിങ്ങളോർക്കുക നിങ്ങളെങ്ങെനെ ഇങ്ങനെയായെന്ന്, എന്ന ഒരു ഭേദഗതി കടമ്മിനിട്ടക്കവിതയിൽ വരുത്തിക്കൊണ്ട് യു.ഡി.എഫ്.-കാർ പുനർവിചിന്തനം നടത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുകയാണ്. നമ്മുടെ ജീവിതരംഗത്ത് ഭക്ഷ്യ വകുപ്പ് ഏറ്റവും സുപ്രധാനമായ ഘടകമാണ്. മനുഷ്യർക്ക് മാത്രമല്ല, പ്രകൃതിക്കും ഭക്ഷണം ആവശ്യമാണ്. വിശക്കുന്നവനുള്ളതാണ് ഭക്ഷണം. ബൈബിൾ വചനത്തിൽ പറഞ്ഞപോലെ 'വിശക്കുന്നവന്റെ മുമ്പിൽ ദൈവം അപ്പത്തിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നതാണ്'. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നായകനായ മുഖ്യമന്ത്രിയും വിശക്കുന്നവന്റെ മുമ്പിൽ അപ്പത്തിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ട ദൈവമായി മാറിയിരിക്കുകയാണ്. അതുകൊണ്ടാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ തുടർഭരണത്തിന് അവസരം ലഭിച്ചത്. ഗവൺമെന്റ് ചെയ്ത എല്ലാ കാര്യങ്ങളും അവശതപ്പെട്ട ജനവിഭാഗങ്ങളെ സഹായിക്കുന്നതാണ്. ബൈബിളിൽത്തന്നെ പറഞ്ഞതുപോലെ, 'നിനക്ക് വിശക്കുന്നു-നിനക്ക് ഭക്ഷണം തന്നു, നിനക്ക് വസ്ത്രമില്ല-നിനക്ക് വസ്ത്രം തന്നു, നിനക്ക് ദാഹിക്കുന്നു- നിനക്ക് ദാഹജലം നൽകി, നിനക്ക് പാർപ്പിടമില്ല-നിനക്ക് വീട് നൽകി.' ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഒന്നാം പിണറായി വിജയൻ ഗവൺമെന്റിന്റെ കാലത്തും തുടർന്നും നടത്തുന്നത് ഈ കാര്യങ്ങൾതന്നെയാണ്.

ഭൂമിയില്ലാത്തവർക്ക് ഭൂമിയും വീടില്ലാത്തവർക്ക് വീടും വസ്ത്രമില്ലാത്തവർക്ക് വസ്ത്രവും എന്നുതുടങ്ങി നിരവധി കാര്യങ്ങളാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഭക്ഷ്യവിതരണ രംഗത്ത് ഒരു ഉപഭോക്തൃ സംസ്ഥാനമായ നമുക്ക് ധാരാളം ആവശ്യങ്ങളുണ്ട്. എല്ലാ നിത്യോപയോഗ സാധനങ്ങൾക്കും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന സാഹചര്യമാണ്. നമ്മുടേത് പൊതുവിതരണ സംവിധാനം ശക്തമായി നിലനിർത്താൻ കഴിയുന്ന സംസ്ഥാനമാണ്. നമ്മുടെ സാമൂഹ്യ രംഗവും രാഷ്ട്രീയ പ്രബുദ്ധതയുൾപ്പെടെയുള്ള ഘടകങ്ങളും അതിന് പ്രേരകമായി നിൽക്കുകയാണ്. ഉപഭോക്തൃ സംസ്ഥാനമായ നമ്മുടെ സംസ്ഥാനത്തോട് നീതിയുക്തമായ നിലപാട് സ്വീകരിക്കുന്നതിൽ കേന്ദ്രഗവൺമെന്റ് സ്വീകരിക്കുന്ന അത്യന്തം ആപത്കരമായ നിലപാടുകൾക്കെതിരായി ശക്തമായ പ്രതിഷേധം ഉയരേണ്ടതായിട്ടുണ്ട്. റേഷൻ കടകളിൽക്കൂടിയാണ് പൊതുവിതരണരംഗത്തെ ക്രമീകരണം നടക്കുന്നത്. ഏതാണ്ട് 14150 റേഷൻ കടകൾ സംസ്ഥാനത്തുണ്ട്. 2021 മേയ് മാസത്തെ കണക്കനുസരിച്ച് 90.45 ലക്ഷം റേഷൻ കാർഡുകളുണ്ട്. കോവിഡിന് മുമ്പ് 86% കാർഡുടമകൾ റേഷൻകാർഡ് ഉപയോഗിച്ചിരുന്നു. എന്നാൽ അതിനുശേഷം

റേഷൻകാർഡുപയോഗം 96 ശതമാനമായി വർദ്ധിച്ചു. റേഷൻ കടകളെജനങ്ങൾ എത്രയേറെ ആശ്രയിച്ചുകൊണ്ട് ജീവിക്കുന്നുവെന്നതാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്. ഭക്ഷ്യഭദ്രതാ നിയമപ്രകാരം ഇ-പോസ് മെഷീൻ മുഖേന ഭക്ഷ്യധാന്യ വിതരണ പരിപാടികളെക്കുറിച്ച് ആലോചിക്കുക മാത്രമല്ല അത് നടപ്പിലാക്കുകയും ചെയ്തു. സംസ്ഥാനത്ത് ഭക്ഷ്യഭദ്രതാ നിയമമനുസരിച്ച് 2018-ലാണ് ഇ-പോസ് നടപ്പിലാക്കുന്ന പ്രവൃത്തി ആരംഭിച്ചത്. അത് വളരെ ഫലപ്രദമായിരുന്നുയെന്ന് പിന്നീട് ബോധ്യമായി. നേരിട്ട് റേഷൻ വാങ്ങാൻ കഴിയാത്ത ശയ്യാവലംബരായ ആളുകൾക്ക് പ്രോക്സി ഉപയോഗിച്ച് കാർഡുകൾവഴി വാങ്ങാനുള്ള സൗകര്യം ഏർപ്പെടുത്തി. അവരോട് മാനുഷികമായ പരിഗണനയ്ക്ക് പ്രാധാന്യം നല്കാൻ സാധിച്ചു. മാവേലിസ്റ്റോറുകൾ വ്യാപകമാക്കുകയാണ്. മൊബൈൽ റേഷൻ ഷോപ്പുകൾ .... ആദിവാസികൾക്കുൾപ്പെടെ എല്ലാ ജനവിഭാഗങ്ങൾക്കും ഒരുപോലെ സഹായങ്ങളുടെ സ്നേഹസ്പർശനം എത്തണമെന്നുള്ള തികച്ചും മാനുഷികമായ ഒരു തീരുമാനത്തിന്റെ ഭാഗമാണ് ഈ പദ്ധതികളെല്ലാം നടപ്പിലാക്കുന്നത്. മുൻഗണനാ കാർഡുകൾ അനർഹമായി കൈവശം വയ്ക്കുന്നവരുടെ കണക്കുകളുണ്ട്. അനർഹരായ ആളുകളെ നീക്കം ചെയ്യുന്നതു

സംബന്ധിച്ച് നിയമനടപടിയെക്കാൾ ഉപരിയായി ഒരു അഭ്യർത്ഥനയായി ഈ സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചപ്പോൾ ഏതാണ്ട് 12,35,054 കാർഡുകൾ സ്വമേധയാ ജനങ്ങൾ സമർപ്പിക്കുകയുണ്ടായി. എന്നുപറഞ്ഞാൽ ഗവൺമെന്റ് പറയുമ്പോൾ അത് സ്വീകരിക്കണമെന്ന ഒരു അർത്ഥബോധ്യം അവർക്കുണ്ടായി. കാരണം അതിന്റെ സുതാര്യതയും സത്യസന്ധതയും മനസ്സിലാക്കിയതുകൊണ്ടാണ്. എന്നാൽ കേന്ദ്രത്തിൽനിന്ന് സംസ്ഥാനത്തിന് നല്കുന്ന അരിയുടെയും ഗോതമ്പിന്റെയും നില പരിതാപകരമാണ്. അതിന് മാറ്റം വരുത്തുന്ന നിലയിൽ ആനുപാതികമായി കാർഡ് ഉടമകളുടെ സംഖ്യ, അതിന്റെ ഉപയോഗം, ഉപഭോക്തൃ സംസ്ഥാനമെന്നുള്ള പരിഗണന, ഇതെല്ലാം നല്കി ആ നിലയിലുള്ള നിലപാടുകൾ സ്വീകരിക്കുന്നതിന് കേന്ദ്രത്തിന്റെ നയം മാറ്റിയേ പറ്റൂ. ആ നയം മാറ്റുന്നതിന് ആവശ്യമായ ശക്തമായ നീക്കങ്ങൾ കക്ഷി-രാഷ്ട്രീയ പരിധികൾക്ക് അധീതമായി എല്ലാ പക്ഷത്തുനിന്നുണ്ടായാൽ മാത്രമെ സംസ്ഥാനത്തിന് നീതി ലഭിക്കാൻ കഴിയുയെന്നത് മറ്റൊരു വസ്തുതയാണ്. മാവേലി സ്റ്റോറുകളുടെ കാര്യം ബഹുമാനപ്പെട്ട അംഗങ്ങൾ നേരത്തെ പറഞ്ഞു. ഓണത്തിന് മുമ്പായി മാവേലിസ്റ്റോറിൽ എത്തിക്കുന്നതിനുള്ള

ക്രമീകരണങ്ങൾ നടക്കുകയാണ്. നാല് പുതിയ പരിഷ്കൃതമായ സംവിധാനങ്ങൾ ഒരുക്കുന്നുണ്ട്. അങ്ങനെ വിവിധ കാര്യങ്ങളാണുള്ളത്.

വിശപ്പ് രഹിത കേരളത്തെക്കുറിച്ച് പറഞ്ഞു. അതൊരു പ്രഖ്യാപനമാണ്. കേരളത്തിലെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പറഞ്ഞു എന്റെ സംസ്ഥാനത്ത് ഒരാളും പട്ടിണികിടക്കരുതെന്ന്. അത് പറഞ്ഞത് വാസ്തവത്തിൽ കേരളത്തിലെ മുഖ്യമന്ത്രി മാത്രമാണ്. അദ്ദേഹം പറഞ്ഞത് എല്ലാവർക്കും ഭക്ഷണം തെരുവ് നായ്ക്കൾക്കുപോലും ഭക്ഷണം നല്കണമെന്നാണ്. എന്റെ ഓർമ്മയിൽ വന്നൊരു കാര്യം പറയുകയാണ്, കോട്ടയത്ത് നടന്ന ഒരു സംഭവമാണത്. ചാനലിലും മനോരമ പത്രത്തിലും ഫോട്ടോ സഹിതം വന്നൊരു വാർത്തയായിരുന്നു. കോട്ടയത്ത് നാല് പട്ടികൾ പോലീസ് വണ്ടിയുടെ പിന്നാലെ ഓടുകയാണ്. പോലീസുകാർ വിചാരിച്ചു കുഴപ്പമാകുമെന്ന്, വണ്ടി നിർത്തി ഇറങ്ങിയപ്പോഴാണ് പട്ടികൾ പോലീസ് യൂണിഫോമിൽനിന്ന എസ്.ഐ.യേയും സി.ഐ.യും കെട്ടിപുണർന്ന് സ്നേഹംകൊണ്ട് ചുംബിക്കുകയുണ്ടായി. കാരണം നായ്ക്കൾക്ക് കഴിഞ്ഞ അഞ്ച് ദിവസം ഭക്ഷണം നല്കിയത് പോലീസുകാരായിരുന്നു. തെരുവുനായ്ക്കൾപോലും ആ നിലയിൽ വികാരം പ്രകടിപ്പിക്കാൻ കഴിയുന്ന,

വിശപ്പിന് പരിഹാരം കാണാൻ കഴിഞ്ഞുവെന്നതാണ് ഇക്കാര്യത്തിൽ പറയാനുള്ളത്. വിശപ്പ് രഹിതകേരളമെന്ന് പറയുമ്പോൾ മനുഷ്യർക്ക് മാത്രമല്ല എല്ലാവർക്കുമാണ്. സുഭിക്ഷ ഹോട്ടൽ എന്നുവച്ചാൽ സുഭിക്ഷമായ ഭക്ഷണമെന്നാണ്. ആ പേര് അന്വർത്ഥമാക്കത്തക്ക നിലയിലുള്ള ക്രമീകരണങ്ങളാണ് നടത്താൻ പോകുന്നത്. അതിനാവശ്യമായ കാര്യങ്ങൾ നൂറുദിന പരിപാടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, മറ്റ് സംഘടനകൾ എല്ലാം ക്രമീകരിച്ചുകൊണ്ടാണ് ഈ പരിപാടി നിർവ്വഹിക്കുന്നത്. സ്പെഷ്യൽ ഓണകിറ്റ് നല്കുന്നതിന് സഹകരണ മേഖല ഉൾപ്പെടെയുള്ള ഘടകങ്ങളെയെല്ലാം ഒരുമിപ്പിക്കാൻ സാധിക്കും. അഗതി മന്ദിരങ്ങളിലും കന്യാസ്ത്രീ മഠങ്ങളിലും അന്തേവാസികൾക്കും സൗജന്യകിറ്റ് കൊടുക്കുന്നുണ്ട്. മുൻകാലങ്ങളിൽ അങ്ങനെ ചിന്തിക്കാൻ പോലും കഴിയുമായിരുന്നില്ല. അതുപോലെതന്നെയാണ് സഞ്ചരിക്കുന്ന വയോജനങ്ങളുടെ കാര്യങ്ങൾ കേൾക്കാനും പരിഹാരം കാണാനുമായി ചെയർമാൻ ഉണ്ട്. ആദിവാസി കേന്ദ്രങ്ങളിൽ വാതിൽപ്പടി വിതരണം തുടങ്ങിയവയെല്ലാം. ദേശീയ ഭക്ഷ്യസുരക്ഷാ നിയമം അനുസരിച്ച് അതിന്റെ നിബന്ധനകൾ

നിർബന്ധമായും സ്വീകരിച്ചുകൊണ്ട് സംസ്ഥാന ഗവൺമെന്റ് ഈ ക്രമീകരണങ്ങളുമായി മുന്നോട്ടുപോകുകയാണ്. അത് തീർച്ചയായും അനുഗ്രഹീതമായൊരു നടപടിയാണ്. ഭക്ഷ്യ വകുപ്പിനെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും നിയമസഭയിൽ അതിന്റെ ചർച്ചകൾ നടത്തിയപ്പോൾ സാധാരണയുണ്ടാകുന്നതുപോലെ ഭക്ഷ്യ രംഗത്ത് കർശനമായ വിമർശനങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ട്. കാരണം കുറ്റമറ്റ നിലയിൽ, സുതാര്യമായ നിലയിൽ, സത്യസന്ധ്യമായ നിലയിൽ ഭക്ഷ്യവകുപ്പിന് കൈകാര്യം ചെയ്യുതുമൂലമുണ്ടാകുന്ന കാര്യങ്ങളാണ്. അത് തുടർച്ച എന്ന നിലയ്ക്കുതന്നെ നമ്മുടെ ഭക്ഷ്യവകുപ്പുമന്ത്രി ഈ കാര്യത്തിൽ കാണിക്കുന്ന താല്പര്യം ജനപ്രതിനിധികളുമായി ബന്ധപ്പെട്ടുകൊണ്ട് അതാത് സ്ഥലങ്ങളിൽ കാര്യങ്ങൾ കേൾക്കാനും പറയാനും പരിഹരിക്കാനുമുള്ള നടപടിക്രമങ്ങളൊക്കെ സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകുന്നുയെന്നത് സന്തോഷകരമായ കാര്യമാണ്. ഈ വകുപ്പുമായി ബന്ധപ്പെട്ട് ഏറ്റവും പ്രധാനപ്പെട്ടതാണ് ആരോഗ്യപ്രവർത്തകരും ആരോഗ്യവകുപ്പും ചേർന്ന് കൊവിഡ് മഹാമാരിയ്ക്കെതിരെയുള്ള പ്രവർത്തനം. ആ യുദ്ധത്തിൽ വിജയിക്കുന്നതോടൊപ്പം അതുപോലെ പ്രാധാന്യമുള്ളതാണ്

ജീവിക്കുകയെന്ന് പറയുന്നത്. ജീവിക്കുന്നതിനാവശ്യമായ ഭക്ഷ്യപദാർത്ഥങ്ങൾ വിതരണം ചെയ്യുന്നതിന് ക്രമീകരണം നടത്തുവാനും അത് തുല്യമായ നീതി ബോധത്തോടുകൂടി അർഹരായ കാർഡ് ഉടമകൾക്ക് ലഭ്യമാക്കുന്നതിനും അല്ലാത്തവർക്ക് മറ്റ് മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് ഭക്ഷ്യ സ്വയംപര്യാപ്തത ഉറപ്പാക്കുന്നതിനായി തരിശ് നിലങ്ങളെ കൃഷിക്ക് ഉപയോഗ്യമാക്കുന്നതുൾപ്പെടെ ഒരുപാട് നടപടികളുണ്ട്. ഞാൻ വിശദമായി അതിലേയ്ക്ക് കടക്കുന്നില്ല. കഴിഞ്ഞ മൂന്ന് മാസത്തിന് മുമ്പ് എന്റെ മണ്ഡലത്തിലെ മുണ്ടേരി പഞ്ചായത്തിൽ നാല്പത് ഏക്കർ തരിശ് ഭൂമിയാണ് കൃഷിയ്ക്ക് ഉപയോഗ്യമാക്കിയത്. ഈ നിലയിൽ മുന്നോട്ടുപോകുന്ന പ്രവർത്തനങ്ങൾക്ക് ഭക്ഷ്യവകുപ്പ് സ്വീകരിക്കുന്ന നടപടികൾ പ്രാവർത്തികമാക്കുന്നതിൽ വിജയിക്കട്ടെ എന്ന് ആഗ്രഹിക്കുകയും ഈ ധനാഭ്യർത്ഥനയെ ഒരിക്കൽകൂടി പിന്തുണ അറിയിക്കുകയും ചെയ്തുകൊണ്ട് നിർത്തുന്നു.

ശ്രീമതി ഒ. എസ്. അംബിക: സർ ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുന്നു. സർക്കാരിന്റെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾക്ക് അനർഹമായി മുൻഗണനാ കാർഡുകൾ

കൈവശം വച്ചിരുന്നവർക്ക് പിഴയോ ശിക്ഷയോകൂടാതെ കാർഡ് തിരിച്ചേല്പിക്കാൻ അവസരം നല്കിയത് ജൂൺ 17 മുതൽ ജൂലൈ 15 വരെയായിരുന്നു. ഈ അവസരത്തിലൂടെ 123000 പേരാണ് സ്വമേധയാ കാർഡുകൾ സർക്കാരിലേയ്ക്ക് തിരിച്ചേല്പിച്ചിരിക്കുന്നത്. ഈ കാർഡുകൾ അർഹതയുള്ളവരുടെ കൈകളിൽ എത്തിക്കാനുള്ള നടപടികൾ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഒന്നേകാൽ ലക്ഷം കുടുംബങ്ങളുടെ മുഖത്ത് ആശ്വാസകരമായ പുഞ്ചിരിയാണ് ഈ നടപടിയിലൂടെ സാധിച്ചിരിക്കുന്നത്. ലോക പട്ടിണി സൂചികയിൽ ഇടംപിടിച്ച 107 രാജ്യങ്ങളിൽ 94-ാം സ്ഥാനത്താണ് ഇന്ത്യനില്ക്കുന്നത്. ഇതിനിടയിലാണ് ഭക്ഷ്യ സബ്സിഡിയുടെ ആനുകൂല്യം, ഭക്ഷ്യസുരക്ഷയുടെ അവകാശം, പത്ത് കോടി ആളുകൾക്ക് നിഷേധിച്ച ഓരോ വർഷവും അര ലക്ഷംകോടി രൂപ കണ്ടെത്തുന്ന തീരുമാനത്തിലേക്ക് കേന്ദ്ര ഭരണകൂടം എത്തിയിരിക്കുന്നത്. അതേസമയം കേന്ദ്രം നല്കുന്നതിലേറെ ആളുകൾക്ക് ഭക്ഷ്യസുരക്ഷ ഉറപ്പാക്കിയാണ് സംസ്ഥാനം മുന്നോട്ടുപോകുന്നത്. കഴിഞ്ഞ സർക്കാർ അധികാരത്തിലേറിയപ്പോൾ പ്രകടന പത്രികയിൽ പറഞ്ഞ വാഗ്ദാനമായിരുന്നു അവശ്യ സാധനങ്ങൾക്ക് വില കൂട്ടില്ലായെന്നുള്ളത്.

അരിയും പഞ്ചസാരയും മുളകും ഉൾപ്പെടെ 14 ഇന അവശ്യസാധനങ്ങൾ സപ്ലൈകോയുടെ വിതരണ കേന്ദ്രങ്ങളിൽ റേഷൻ കാർഡുമായി എത്തിയാൽ അതേ വിലയ്ക്കുതന്നെ ലഭിക്കുന്നു. സാധാരണ കുടുംബത്തിന് ഏറെ ആശ്വാസം പകരാൻ ഇതിലൂടെ കഴിഞ്ഞു. അതുപോലെതന്നെ സംസ്ഥാനത്തുള്ള മണ്ണെണ്ണ വിഹിതവും വെട്ടികുറച്ചു. അംഗൻവാടികൾക്കുള്ള അരിയും ഗോതമ്പും വെട്ടിക്കുറച്ച് പിഞ്ചു കുഞ്ഞുങ്ങളെപോലും പ്രതിസന്ധിയിലാക്കുന്നതാണ് കേന്ദ്രത്തിന്റെ നിലപാട്. മറ്റുസംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ആനുപാതികമായ റേഷൻ വിഹിതംപോലും കിട്ടുന്നില്ല. കേരളത്തിന്റെ ഗ്രാമീണ മേഖലയിൽ 52 ശതമാനത്തോളം ജനവിഭാഗങ്ങൾ മാത്രം NFSA (National Food Security Act) പട്ടികയിൽ ഇടം നേടുമ്പോൾ ബീഹാറിൽ 65 ശതമാനവും മദ്ധ്യപ്രദേശിൽ 80 ശതമാനവും കാർഡ് ഉടമകൾ NFSA പട്ടികയിൽ ഇടംപിടിക്കുന്നു. അതുപോലെതന്നെ കർഷകർക്ക് ഏറെ ആശ്വാസം പകരുന്ന നെല്ല് സംഭരണത്തിൽ ഒരു കിലോ ഗ്രാം നെല്ലിന് 18 രൂപ 68 പൈസ മാത്രമാണ് കേന്ദ്രം വില നല്കിയിരുന്നത്. എന്നാൽ 8 രൂപ 80 പൈസകൂടി ചേർത്ത് കിലോഗ്രാമിന് 27 രൂപ 48 പൈസ നിരക്കിലാണ്

സംസ്ഥാന സർക്കാർ നല്കുന്നത്. എ.എ.വൈ.-ലും മുൻഗണനാ വിഭാഗമുള്ള കാർഡ് ഉടമകൾക്ക് മാത്രമാണ് റേഷൻ ആനുകൂല്യങ്ങൾ നല്കുന്നത്. മുൻഗണനാ വിഭാഗത്തിൽപ്പെടാത്ത 25 ലക്ഷത്തിലധികം വരുന്ന നീലനിറത്തിലുള്ള കാർഡ് ഉടമകൾക്ക് സംസ്ഥാനമാണ് റേഷൻ നല്കുന്നത്. ദേശീയ പാത വികസനത്തിന് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ആറായിരം കോടി രൂപയാണ് സംസ്ഥാനം ചെലവഴിക്കുന്നത്. രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളൊന്നും ഇതിനായി പണം ചെലവഴിക്കുന്നില്ലെന്ന് നാം കാണേണ്ടതാണ്. ഓഖി ദുരന്തത്തെ തുടർന്ന് 734 കോടി രൂപയുടെ സാമ്പത്തിക സഹായം കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടപ്പോൾ നല്കിയത് ആകെ 111 കോടിരൂപ മാത്രമാണ്. 2010-ലെ പ്രളയത്തെത്തുടർന്ന് 5616 കോടിരൂപയുടെ അടിസ്ഥാന സൗകര്യം ആവശ്യപ്പെട്ടപ്പോൾ തന്നത് 2904 കോടി രൂപമാത്രമാണ്. 2019-ലെ പ്രളയത്തിന് 2100 കോടി രൂപ ആവശ്യപ്പെട്ടപ്പോൾ കേന്ദ്രം ഒരു സഹായവും നൽകിയില്ല. കൊവിഡ് പ്രതിസന്ധിയിൽ കഷ്ടത്തിലായ കുടുംബങ്ങൾക്ക് മുടങ്ങാതെ കിട്ടിയ ഭക്ഷ്യകിറ്റ് കേന്ദ്രത്തിന്റേതാണെന്ന് ഇവർ പറഞ്ഞു. പക്ഷേ മറ്റു ചിലർ അരിയുടെയും കിറ്റിന്റെയും വിതരണകാര്യത്തിലും ലൈഫ്

പദ്ധതിയിലുമൊക്കെ തടസ്സപ്പെടുത്തി. കഴിഞ്ഞ നിയമസഭാ ഇലക്ഷന് ഇവർ കേസിന് പോയതുകൊണ്ടാണ് ഇപ്പോൾ പ്രതിപക്ഷത്ത് ഇരിക്കേണ്ടി വന്നത്. പ്രതിപക്ഷത്ത് വീണ്ടും ഇരിക്കുമെന്നുള്ള ഉറപ്പുള്ളതുകൊണ്ടാണ് കിറ്റ് അഴിമതിയാണെന്നും കള്ളത്തരം നടത്തുന്നുവെന്നും നിയമസഭയിൽ ഇവർ പറഞ്ഞുകൊണ്ടിരിക്കുന്നത്. അതുപോലെതന്നെ പാവപ്പെട്ട സ്കൂൾ കുട്ടികൾക്ക് അരിവിതരണവും തടസ്സപ്പെടുത്താൻ ശ്രമിച്ചു. പക്ഷെ മുതൽമുടക്കില്ലാതെ കിറ്റ് വിതരണം ചെയ്യാൻ ഇച്ഛാശക്തിയുള്ള ഗവൺമെന്റിന് സാധിച്ചു. മാത്രമല്ല ഓണക്കാലത്ത് സംസ്ഥാനത്തെ മുഴുവൻ കാർഡുടമകൾക്കും 16 ഇനങ്ങൾ അടങ്ങിയ സ്പെഷ്യൽകിറ്റ് വിതരണം ചെയ്യുകയാണ്. ഈ കിറ്റിലുൾപ്പെടുത്തിയ ഇനങ്ങൾ ഓരോന്നും സംസ്ഥാനത്തെ സഹകരണമേഖല, കാർഷിക മേഖല, കുടുംബശ്രീ യൂണിറ്റുകൾ എന്നിവർക്ക് പ്രയോജനം ലഭിക്കുന്ന തരത്തിലാണ് നിശ്ചയിച്ചിട്ടുള്ളത്. കൊവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ മുടക്കമില്ലാതെ റേഷൻ വിതരണം നടത്തിയ വ്യാപാരികളെ നമ്മൾ അഭിനന്ദിക്കേണ്ടതുണ്ട്. കാരണം സ്വന്തം ആരോഗ്യത്തെക്കാളും അപരന്റെ വിശപ്പിനാണെന്ന് തിരിച്ചറിഞ്ഞവരാണ് റേഷൻ വ്യാപാരികൾ. കൊവിഡ്

രോഗ ഭീഷണി ചെറുക്കാൻ മുൻനിര പോരാളികളായി പ്രവർത്തിച്ച അവർക്ക് സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ നടപ്പിലാക്കുന്നതിനെയും അഭിനന്ദിക്കുന്നു. റേഷൻ ഡീലേഴ്സ് ക്ഷേമനിധി ബോർഡിന് സർക്കാർ വിഹിതം അനുവദിക്കുന്ന നടപടി പുരോഗമിച്ചുവരികയാണ്. ക്ഷേമനിധി ബോർഡിലെ ഒരാൾ മരണപ്പെട്ടുപോയാൽ പരമാവധി നാലായിരം രൂപയാണ് കൊടുത്തുകൊണ്ടിരുന്നത്. അത് രണ്ടുലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനായി അഞ്ച് കോടി രൂപ അനുവദിക്കുന്നതിനുള്ള സർക്കാരിന്റെ നടപടി പ്രശംസനീയമാണ്. അതുപോലെ ഭക്ഷ്യയോഗ്യമായ നാണ്യവിളകൾ കർഷകർക്ക് മാന്യമായ വില ഉറപ്പാക്കി സംഭരിച്ച് മൂല്യവർദ്ധിത ഉത്പ്പന്നങ്ങളാക്കി വിതരണം ചെയ്യാനുള്ള പദ്ധതിക്ക് 5 കോടി രൂപ അനുവദിക്കുന്നത് സാധാരണ കർഷകർക്ക് ഏറെ ആശ്വാസകരമാണ്. ഭക്ഷ്യക്ഷാമവും പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയുമുൾപ്പെടെയുള്ള മനുഷ്യനിർമ്മിത കെടുതികളെ ഫലപ്രദമായും ജനോപകാരപ്രദമായും നേരിടാനാണ് റേഷൻ സമ്പ്രദായം ആരംഭിച്ചത്. ഉൽപ്പന്നങ്ങൾ കർഷകരിൽനിന്ന് ശേഖരിച്ച് ന്യായവിലയ്ക്ക് വിതരണം ചെയ്യുന്ന പതിറ്റാണ്ടോളം നിലനിന്ന സംവിധാനത്തെ തകർക്കാൻ ശ്രമിക്കുന്ന ന്യായമായി ജനങ്ങളുടെ മനസ്സിൽ

ആശങ്ക പടർത്തി ഒരു ഭരണകൂടം മുന്നോട്ടുപോകുമ്പോൾ, ജനോപകാരപ്രദമായ മുൻകാലങ്ങൾ എല്ലാക്കാലത്തും നിലനിർത്തണമെന്ന സന്ദേശമുയർത്തി ജനങ്ങളിൽ പ്രതീക്ഷ വളർത്തുന്ന ബദലുയർത്തി ജനാധിപത്യത്തിന് പ്രതീക്ഷയായി ഈ ഭരണം മുന്നോട്ടുപോകുന്നു. ആറുപതിറ്റാണ്ടുകൾക്ക് മുമ്പെ സ്റ്റാറ്റ്യൂട്ടറി റേഷൻ സംവിധാനം ആരംഭിച്ചപ്പോൾ രാജ്യത്തെ മുഴുവൻ പേർക്കും ന്യായമായ വിലയ്ക്ക് ഭക്ഷ്യധാന്യം നൽകിയിരുന്നു. ഇന്ന് 67 ശതമാനം ആളുകൾക്ക് മാത്രമാണ് റേഷൻ ലഭിക്കുന്നത്. 67 ശതമാനത്തിൽനിന്നും പത്തുകോടി ആളുകളെ എങ്ങനെ ഒഴിവാക്കാമെന്ന് 'നീതി ആയോഗ്'-ന്റെ നിർദ്ദേശപ്രകാരമുള്ള ആലോചനയാണ് നടന്നുകൊണ്ടിരിക്കുന്നത്. രാജ്യത്തെ FCI (Food Corporation of India) ഗോഡൗണുകളിൽ ഭക്ഷ്യധാന്യങ്ങൾ കെട്ടിക്കിടക്കുമ്പോഴാണ് ഇത്തരം ആലോചനകളുമായി ഇവർ മുന്നോട്ടുപോകുന്നത്. കാലത്തിനനുസരിച്ച് ഭക്ഷ്യവകുപ്പും മാറുന്നു. ഓർമ്മവച്ച കാലം മുതൽ കണ്ടുവരുന്ന റേഷൻ കാർഡും മാറി. ഇ-ആധാർ മാതൃകയിൽ സ്വയം പ്രിന്റ് ചെയ്ത് ഉപയോഗിക്കാൻ കഴിയുന്ന ഇലക്ട്രോണിക് റേഷൻ കാർഡുകൾ നിലവിൽ വന്നുകഴിഞ്ഞു. സ്വന്തമായും അക്ഷയകേന്ദ്രങ്ങൾ വഴി

ഓൺലൈനായും അപേക്ഷിക്കാം. കൊവിഡ് കാലത്ത് റേഷൻകാർഡിനായി താലൂക്ക് സപ്ലൈ ഓഫീസിൽ പോകേണ്ടതില്ല. റേഷൻകാർഡ് എന്നുകേൾക്കുമ്പോൾ ഒരു പുസ്തകമാണ് ഓർമ്മ വരുന്നത്. എന്നാൽ ഈ പ്രതിസന്ധിയുടെ കാലഘട്ടത്തിൽ റേഷൻ കടകളിൽനിന്നും മുടങ്ങാതെ റേഷനും ഭക്ഷ്യകിറ്റും ലഭിച്ചതിനാൽ റേഷൻ കാർഡുകളുടെ എണ്ണം കൂടിയിരിക്കുന്നു. ഗുണമേന്മയുള്ള ഭക്ഷ്യവസ്തുക്കൾ ന്യായവിലയ്ക്ക് കൃത്യമായി ലഭിക്കുന്നതിനാൽ 90 ശതമാനത്തിലേറെ ആളുകൾ റേഷൻകടകളിൽനിന്നും സാധനം വാങ്ങുന്നു. മുൻകാലങ്ങളിൽ ഔദ്യോഗികരേഖയായി മാത്രം റേഷൻകാർഡുപയോഗിച്ചിരുന്നവർ മുടങ്ങാതെ റേഷൻ വാങ്ങുന്നവരായി മാറിയത് ഈ സർക്കാരിന്റെ റേഷൻ സമ്പ്രദായത്തിലൂടെയാണ്. സംസ്ഥാനത്തെ റേഷൻകടകൾ ആധുനികവത്ക്കരിക്കുന്നതിന് പിന്നാലെ മാവേലി സ്റ്റോറുകളുടെ ആധുനികതയുടെ മുഖം അണിയുകയാണ്. വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ് സമ്പ്രദായം നടപ്പിലാക്കുന്നു. ഇതിലൂടെ സംസ്ഥാനത്തെ മുഴുവൻ മാവേലിസ്റ്റോറുകളുടെയും സ്റ്റോക്കും സെയിൽസും പർച്ചേസും ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാകുകയും ഇവിടെ നിയന്ത്രണം സാദ്ധ്യമാകുകയും ചെയ്യുന്നു.

വിപണിയിൽ കാര്യക്ഷമമായി ഇടപെട്ടുകൊണ്ട് ഗുണനിലവാരമുള്ള സാധനങ്ങൾ കുറഞ്ഞവിലയ്ക്ക് നൽകാൻ സാധിക്കുന്നു. 'വിശപ്പുരഹിത കേരളം പദ്ധതി'യുടെ ഭാഗമായി സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുവാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു. പൂർണ്ണ പരിപാടികളിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കുടുംബശ്രീ, സപ്ലൈകോ മറ്റ് സന്നദ്ധ സംഘടനകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെയാണ് 20 രൂപ നിരക്കിൽ ഉച്ചഭക്ഷണം ലഭ്യമാക്കുന്നത്. ആദ്യഘട്ടത്തിൽ എല്ലാ നിയോജകമണ്ഡലത്തിലും ഒരു സുഭിക്ഷാ ഹോട്ടൽ ആരംഭിക്കാൻ സന്നദ്ധമാണെന്ന് അറിയിച്ചിരിക്കുന്നു. പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇന്ന് 20 രൂപ നിരക്കിൽ ഉച്ചഭക്ഷണം നൽകി വരുന്നു. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനയെ ഞാൻ ഒരിക്കൽകൂടി പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ 2021-22 സാമ്പത്തിക വർഷത്തെ ഈ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. കിറ്റുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ചർച്ചയാണ് ഇന്ന് ഏറ്റവും കൂടുതൽ വന്നിട്ടുള്ളത്.

ഓണം വരികയാണ്. ജൂലൈ 31 മുതൽ ആഗസ്റ്റ് 2 വരെ AAY (Antyodaya Anna Yojana) കാർഡുകാർക്ക് നൽകേണ്ട കിറ്റ് കാസർഗോഡ് ജില്ലയിലെ പല സ്ഥലങ്ങളിലും ഇപ്പോഴും എത്തിയിട്ടില്ല. അതുമായി ബന്ധപ്പെട്ടുകൊണ്ട് പിങ്ക് കാർഡുടമകൾക്ക് 3 മുതൽ 6 വരെയാണ് ഓണക്കിറ്റുകൾ നൽകുമെന്ന് മുഖ്യമന്ത്രി പറഞ്ഞിട്ടുള്ളത്. മുൻഗണനാ വിഭാഗത്തിൽപ്പെട്ടവരുടെ കാര്യത്തിൽ, പല ഷോപ്പുകളിലും ജനങ്ങളും റേഷൻ വ്യാപാരികളും തമ്മിൽ അടിപിടിയാണ്. അതിൽ ബഹുമാന്യനായ മന്ത്രി ഇടപെടണമെന്ന റിക്വസ്റ്റ് മുമ്പിൽ വയ്ക്കുകയാണ്. ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു പ്രശ്നം, കാർഡിന് അപേക്ഷിക്കുന്ന സമയത്ത് വാടക വീടുകളിലും പുറമ്പോക്ക് ഭൂമിയിലും താമസിക്കുന്ന ആളുകൾ സ്വാഭാവികമായും കാർഡുകൾക്ക് അപേക്ഷിക്കും. അതോടൊപ്പം തുച്ഛമായ ശമ്പളത്തിന് ജോലി ചെയ്യുന്ന മദ്രസ്സ അദ്ധ്യാപകർ... പലപ്പോഴും വീടില്ലാത്ത ആളുകൾക്ക് സോഷ്യൽമീഡിയയിലൂടെയും വാട്സ്ആപ്പിലൂടെയും അറിഞ്ഞ് സന്നദ്ധസംഘടനകളുംമറ്റും പുതിയ വീട് നിർമ്മിച്ച് നൽകുമ്പോൾ ആയിരം സ്ക്വയർ ഫീറ്റിൽ കൂടിപ്പോയി എന്ന ഒറ്റക്കാരണം കൊണ്ട് നൂറ് ശതമാനം ബി.പി.എൽ. കാർഡിന് അർഹതയുണ്ടായിട്ടുപോലും അവരെ തഴയുന്ന ഒരു അവസ്ഥ ഉണ്ടാകുന്നുണ്ട്.

അതുകൊണ്ട് അവർക്ക് തീർച്ചയായും റേഷൻ കാർഡ് ലഭ്യമാക്കാനുള്ള ഇടപെടൽ ബഹുമാന്യനായ മന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം ആ വിഷയവുമായി ബന്ധപ്പെട്ടുകൊണ്ട് മറ്റൊരു കാര്യം ശ്രദ്ധയിൽപ്പെടുത്താനുള്ളത്, ഒരാൾ ബി.പി.എൽ. കാർഡിന് അപേക്ഷിക്കുമ്പോൾ, അവർക്ക് ഗ്രാമ-നഗര വ്യത്യാസമില്ലാതെ ഒരു ഏക്കർ സ്ഥലത്തിൽ കൂടുതൽ ഉണ്ടാകാൻ പാടില്ല എന്നുള്ളതാണ് റൂൾസിലുള്ളത്. സ്വാഭാവികമായും നഗരത്തിൽ പത്ത് സെന്റുള്ള ആളുകൾക്ക് കാർഡിന് അവകാശം ലഭിക്കും. ഉൾഗ്രാമത്തിലുള്ള ഒരാൾക്ക് ഒരു ഏക്കർ സ്ഥലമുള്ളതുകൊണ്ട് ഇത് നിഷേധിക്കുന്ന അവസ്ഥയുണ്ടാകുന്നുണ്ട്. എന്റെ നാട്ടിലും മണ്ഡലത്തിലുമൊക്കെ ഡയാലിസിസ് രോഗികൾ ചെറിയ നാലുചക്രവാഹനം വാങ്ങിയിട്ടുണ്ടാകാം. ആ കാരണംകൊണ്ട് തഴയപ്പെടുന്ന ഒരു സ്ഥിതിവിശേഷമുണ്ടാകുന്നുണ്ട്. ബഹുമാന്യനായ മന്ത്രിയുടെ ശ്രദ്ധ അക്കാര്യങ്ങളിൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേരളത്തിൽ 14500-ഓളം വരുന്ന റേഷൻ വ്യാപാരികൾ കൊവിഡ് കാലത്ത് വളരെ കൃത്യമായി വിശ്രമമില്ലാതെ കിറ്റുകളടക്കം വളരെ നന്നായി വിതരണം ചെയ്ത ആളുകളാണ്.

അതിനിടയിൽ കൊവിഡ് പിടിപെട്ട് 51 പേർ മരിക്കുന്ന സാഹചര്യമുണ്ടായി. കഴിഞ്ഞ പത്തുമാസത്തോളമായി കിറ്റ് നൽകിയതിന്റെ കമ്മീഷൻ ഇതുവരെ അവർക്ക് നൽകിയിട്ടില്ല. ബഹുമാന്യനായ മന്ത്രി ഓണത്തിന് മുമ്പ് അവർക്കത് നൽകാനുള്ള ഇടപെടൽ നടത്തണമെന്ന അഭ്യർത്ഥന മുമ്പിൽ വയ്ക്കുകയാണ്. സാധാരണയായി സഭയിൽ പ്രസംഗിക്കുമ്പോൾ വടക്കേ അറ്റത്തെ കർണ്ണാടകയുമായി ചേർന്ന മണ്ഡലം എന്ന നിലയ്ക്ക് സ്വാഭാവികമായും ഞാൻ പറയുന്നൊരു കാര്യമാണ് സപ്ലൈ ഓഫീസിന് സ്വന്തമായി കെട്ടിടമില്ലാത്തത്. എന്റെ മണ്ഡലത്തിൽ സപ്ലൈ ഓഫീസ് ആരംഭിച്ചിട്ട് മൂന്നുനാല് വർഷം കഴിഞ്ഞു, സ്വന്തമായി കെട്ടിടമില്ല. അതൊരു വലിയ പ്രയാസമാണ്. ഒരു കെട്ടിടത്തിന്റെ സെക്കന്റ് ഫ്ലോറിലാണ് സപ്ലൈ ഓഫീസ് പ്രവർത്തിക്കുന്നത്. അതോടൊപ്പം ലീഗൽ മെട്രോളജി ഓഫീസിന്റെ ഉദ്ഘാടനം മൂന്നുവർഷം മുമ്പാണ് ആരംഭിച്ചത്. അതിനും സ്വന്തമായി കെട്ടിടമില്ല. മഞ്ചേശ്വരം താലൂക്ക് സപ്ലൈ ഓഫീസിനും ലീഗൽ മെട്രോളജി ഓഫീസിനും കെട്ടിടങ്ങൾ അടിയന്തരമായി അനുവദിക്കാൻ ബഹുമാന്യനായ മന്ത്രി ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയാണ്.

എല്ലാ താലൂക്ക് തലത്തിലും വർക്കിംഗ് സ്റ്റാൻഡേർഡ് ലബോറട്ടറി

എന്നുപറയുന്ന ളുക്കവുമായി ബന്ധപ്പെട്ടുകൊണ്ട് പരിശോധനയ്ക്കുവേണ്ടി ഒരു ലാബുണ്ട്. മഞ്ചേശ്വരത്ത് ആ സൗകര്യമില്ല. എല്ലാ മേഖലകളും സ്വകാര്യവത്ക്കരണത്തിന്റെ ഭാഗമായി പുതിയ കേന്ദ്ര സർക്കാർ ഗവൺമെന്റ് അപ്രൂവ്ഡ് ടെസ്റ്റ് സെന്റർ എന്നുപറയുന്ന പുതിയൊരു നയം നമ്മുടെ രാജ്യത്ത് പ്രഖ്യാപിച്ചിരിക്കുകയാണ്. ആ നയത്തിന്റെ ഭാഗമായി വർക്കിംഗ് സ്റ്റാൻഡേർഡ് ലബോറട്ടറി ജി.എ.ടി.സി. എന്ന നയത്തിന്റെ ഭാഗമായി സ്വകാര്യ ഏജൻസികൾക്കുകൂടി സർട്ടിഫൈ ചെയ്യാനുള്ള അവസരമാണ് കേന്ദ്രസർക്കാർ നൽകിയിട്ടുള്ളത്. ഒന്നാമതായി സംസ്ഥാന സർക്കാരിന്റെ അധികാരം കവർന്നെടുക്കുന്നു. രണ്ടാമതായി നമ്മുടെ റവന്യൂ വരുമാനം കുറയുന്നു. മൂന്നാമതായി, ഒരു ഉദാഹരണത്തിന്, ഒരു പെട്രോൾ പമ്പിൽനിന്ന് അഞ്ച് ലിറ്റർ പെട്രോൾ നൽകുമ്പോൾ അതിൽ ഏറ്റക്കുറച്ചിൽ വരികയാണെങ്കിൽ ഗവൺമെന്റിനോടോ പൊതുമേഖലയിലുള്ള ആളുകളോടോ പരാതി പറയാൻ കഴിയും. അതേ അവസരത്തിൽ സ്വകാര്യ മേഖലയിലേയ്ക്ക് നൽകുന്നതോടുകൂടി ആ പെട്രോൾ പമ്പിന്റെ ഉടമയ്ക്ക് ഇതിന്റെ ഏജൻസി എടുത്താൽ പൊതുജനങ്ങൾക്ക് വലിയ പ്രയാസം നൽകുന്ന അവസ്ഥയിലേയ്ക്ക് ഇത് എത്തും. നമ്മുടെ സംസ്ഥാനത്ത് മുഴുവൻ

മേഖലകളിലും NABL (National Accreditation Board for Testing and Calibration Laboratories) അംഗീകാരം വാങ്ങിയാൽ തീർച്ചയായും ഇത് മറികടക്കാൻ കഴിയും. ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി കേരളത്തിൽ 2003-ൽ എറണാകുളത്ത് NABL അംഗീകാരത്തോടുകൂടി ഈ സംവിധാനം കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്.

അതോടൊപ്പം ഈ സഭയിൽ മറ്റൊരു കാര്യം ഉന്നയിക്കാനുള്ളത്, കോവിഡ് കാലമാണ്. കഴിഞ്ഞ ദിവസം സഭയിൽ ബഹുമാന്യയായ ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി റൂൾ 300 പ്രകാരം ഇവിടെ പ്രസ്താവിച്ച ഒരു കാര്യമാണ് നേരത്തേ ചർച്ചയ്ക്ക് വന്നത്. കോവിഡുമായി ബന്ധപ്പെട്ട് കേരളത്തിന്റെ ഡി.ജി.പി. ശ്രീ. അനിൽ കാന്തിനോട് കൃത്യമായി പറയേണ്ടിവന്നു, ഈ ഏറ്റവും പ്രയാസകരമായ ഒരു കാലത്ത് പോലീസിന്റെ പെരുമാറ്റവും ഫൈനിടുന്നതിലൂടെ ജനങ്ങളെ ദ്രോഹിക്കുന്നതും കൂടുതൽ മോശമായിക്കൊണ്ടിരിക്കുകയാണ്. ഇന്നലത്തെ ഈയൊരു പ്രഖ്യാപനത്തോടുകൂടി ജനങ്ങളെ കുറച്ചുകൂടി ഉപദ്രവിക്കാനുള്ള അധികാരമാണ് പോലീസിന് ഈ സർക്കാർ നൽകിയിട്ടുള്ളത്. അത് പുനഃപരിശോധിക്കേണ്ട കാര്യമാണ്. കോവിഡ് വാക്സിനേഷനുമായി

ബന്ധപ്പെട്ട് മഞ്ചേശ്വരം താലൂക്ക് ഹോസ്പിറ്റലിന്റെ മുമ്പിൽ ജനപ്രതിനിധികളും സാമൂഹ്യപ്രവർത്തകരും രാഷ്ട്രീയ പ്രവർത്തകരുമൊക്കെ സേവനം ചെയ്യുന്നുണ്ട്. ഒരുപക്ഷേ പോലീസ് നടത്തിയ അതിക്രമത്തിന്റെ ഭാഗമായി മൂന്നുനാല് ദിവസം മുമ്പ് അവിടെ ശ്രീ. ബാബു എന്ന പഞ്ചായത്ത് മെമ്പറിന്റെ പേരിൽ ജാമ്യമില്ലാ വകുപ്പുപ്രകാരം കേസെടുക്കുകയും അഭിലാഷ് അടക്കമുള്ള രണ്ടുപേരെ റിമാൻഡ് ചെയ്യുകയും ചെയ്തു. ഒരു ജനപ്രതിനിധിയുടെ മാസ്ക് താഴ്ന്നുപോയി എന്ന കാരണത്താൽ കഴിഞ്ഞ ദിവസം വീണ്ടും പോലീസ് ഫൈനിന്റെ പേരിൽ അതിക്രമിച്ച് ശ്രീ. ഷെരീഫ് ടി. എ. എന്ന പഞ്ചായത്ത് മെമ്പറിന്റെ പേരിൽ ജാമ്യമില്ലാ വകുപ്പുപ്രകാരം കേസെടുത്തിരിക്കുകയാണ്. കഴിഞ്ഞ ഒരുപാട് നാളുകളായി ആ ഹോസ്പിറ്റലിന് മുമ്പിൽ സേവനം ചെയ്യുന്ന വ്യക്തിയാണദ്ദേഹം. സ്വാഭാവികമായും ആ മേഖലയിൽ സേവനം ചെയ്യുന്ന ആളുകളും ജനപ്രതിനിധികളും എന്നുപറയുമ്പോൾ നമുക്കൊക്കെ അറിയാം. കോവിഡ് കാലത്ത് പോലീസ് വളരെ നന്നായി ഇത് ഉപയോഗിക്കുന്നുണ്ട്. വ്യാപാരികൾ മുഴുവനും സമരത്തിന് നിന്ന ഒരു ഘട്ടത്തിലാണ് കടകൾ തുറക്കാമെന്ന് സർക്കാർ പ്രഖ്യാപിച്ചത്. ഈ ഘട്ടത്തിലാണ്, ഒരു ഡോസ്

വാക്സിനെടുത്ത് പതിനാല് ദിവസം പിന്നിട്ടവർക്കും കോവിഡ് പോസിറ്റീവ് ആയി ഒരു മാസം കഴിഞ്ഞവർക്കും 72 മണിക്കൂറിനകം ആർ.ടി.പി.സി.ആർ. ടെസ്റ്റ് ചെയ്ത് നെഗറ്റീവ് ആയവർക്കുമാണ് ഷോപ്പിലേയ്ക്ക് വരാമെന്ന് സർക്കാർ നിർദ്ദേശം വച്ചിട്ടുള്ളത്. ബഹുമാന്യനായ പ്രതിപക്ഷ നേതാവ് വളരെ കൃത്യമായി ഈ വിഷയം ഉന്നയിച്ചു. ഇന്നലെ ആരോഗ്യ വകുപ്പുമന്ത്രി ഒരു പ്രസ്താവന നടത്തിയപ്പോൾ വ്യാപാരികൾ വളരെ സന്തോഷത്തോടുകൂടി അതിനെ സ്വാഗതം ചെയ്യുന്ന ഒരു ഘട്ടത്തിൽ അവരെ വീണ്ടും ദ്രോഹിക്കാനും ഉപദ്രവിക്കാനും പോലീസിനെ കയറൂരി വിടുന്ന രീതിയിലുള്ള ഒരു നയമാണ് ആരോഗ്യ വകുപ്പുമന്ത്രിയെ മറികടന്നുകൊണ്ട് ചീഫ് സെക്രട്ടറി ഇവിടെ പ്രഖ്യാപിച്ചിട്ടുള്ളത്. സർക്കാർ കട തുറക്കാനുള്ള അവസരം നൽകി എന്നുള്ള പ്രതീക്ഷയിലാണ് അവർ സമരം പിൻവലിച്ചത്. രണ്ട് കാര്യമാണ് കോവിഡ് കാലത്ത് വളരെ കൃത്യമായി പോലീസിന് നിർദ്ദേശം കൊടുക്കേണ്ടത്. ഫൈനിടുന്ന കാര്യത്തിൽ അവർ ജനങ്ങളെ വളരെയേറെ ദ്രോഹിക്കുന്നുണ്ട്. അത് ഒരുപക്ഷേ രാഷ്ട്രീയ വ്യത്യാസമില്ലാതെ ഈ സഭയിലെ 140 അംഗങ്ങൾക്കും ബോധ്യപ്പെട്ട കാര്യമാണ്. കോവിഡ് കാലത്ത് മനുഷ്യത്വപരമായി പെരുമാറണമെന്നുള്ള ഒരു നിർദ്ദേശം പോലീസിന്

കൊടുക്കണം. മഞ്ചേശ്വരം താലൂക്ക് ഹോസ്പിറ്റലിലെ ശ്രീ. ഷെരീഫ് ടി. എ., ശ്രീ. ബാബു എന്നിവരടക്കമുള്ള ആളുകളുടെ പേരിൽ കള്ളക്കേസ് ചുമത്തിയ പോലീസുകാർക്കെതിരെ നടപടിയെടുക്കണം. അത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സമഗ്ര അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ശക്തമായി എതിർക്കുന്നു.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, വളരെ അഭിമാനത്തോടെയാണ് ഞാൻ ഈ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുന്നത്. കേരളത്തിൽ യു.ഡി.എഫ്. കാലത്തെ ഭക്ഷ്യ വകുപ്പിൽനിന്ന് എൽ.ഡി.എഫ്. കാലത്തെ ഭക്ഷ്യ വകുപ്പിലേയ്ക്കുള്ള മാറ്റം പരിശോധിക്കുമ്പോൾ, കട്ടുതിന്നുന്ന ഭരണത്തിൽനിന്ന് കിറ്റ് നൽകുന്ന ഭരണത്തിലേയ്ക്ക് കേരളം മാറിയെന്നതാണ് ശ്രദ്ധേയമായി കാണാൻ കഴിയുന്നത്. കേരളത്തിൽ മനുഷ്യന് ഭക്ഷണം എത്ര പ്രധാനപ്പെട്ടതാണോ അതുപോലെ പ്രധാനപ്പെട്ട വകുപ്പായി ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് മാറിയിരിക്കുകയാണ്. വളരെയേറെ ഭീതിയുണ്ടായ നാളുകളാണ് കടന്നുപോയത്. ഭീതി വിതച്ച പ്രകൃതി ദുരന്തങ്ങളുണ്ടായി. ഇനിയെന്ത് എന്ന് പലരും ആശങ്കപ്പെടുന്ന കാലമാണ്. ആ ഭീതിയെല്ലാം അകറ്റി ജനങ്ങൾക്ക്

ആത്മവിശ്വാസം പകർന്നു. ക്ഷാമം ഉണ്ടാകുമെന്നും പട്ടിണിക്കാർ വർദ്ധിക്കുമെന്നുമുള്ള ഭയമുള്ളപ്പോൾ അതിനെയെല്ലാം അസ്ഥാനത്താക്കിക്കൊണ്ട് ആശ്വാസം പകർന്ന വകുപ്പായി ഭക്ഷ്യ വിതരണ വകുപ്പിനെ സർക്കാർ മാറ്റി. അതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. മനുഷ്യന് മാത്രമല്ല, ജീവജാലങ്ങൾക്കും ഭക്ഷണം നൽകിക്കൊണ്ടാണ് ഈ നാട് മാതൃകയായത്. ജനങ്ങളോടൊപ്പം ഹൃദയപക്ഷത്തുനിന്ന് പ്രവർത്തിച്ചതുകൊണ്ടാണ് ഇത്തരം പ്രവർത്തനങ്ങളിലൂടെ എൽ.ഡി.എഫ്. ഗവൺമെന്റ് വീണ്ടും അധികാരത്തിൽ വന്നത്. നമ്മുടെ രാജ്യത്തിന്റെ സ്ഥിതി പരിശോധിക്കണം. ഇന്ത്യയിൽ 23 ശതമാനം ജനങ്ങൾക്ക് റേഷൻ കാർഡ് ഇല്ല. രാജ്യത്ത് പത്ത് കോടി ആളുകൾ റേഷൻ സംവിധാനത്തിന് പുറത്താണ്. കേരളം പോലുള്ള ചുരുക്കം സംസ്ഥാനങ്ങളിൽ മാത്രമാണ് സമ്പൂർണ റേഷൻ കാർഡുള്ളത് എന്ന സത്യം നമ്മൾ തിരിച്ചറിയണം. പട്ടിക വർഗ്ഗക്കാരിൽ 65 ശതമാനം പേർക്കും മുസ്ലീങ്ങളിൽ 56 ശതമാനം പേർക്കും റേഷൻ കാർഡില്ല. അതിന്റെ ഫലമായി രാജ്യത്ത് പട്ടിണി കൊടികുത്തി വാഴുകയാണ്. പക്ഷേ അവിടത്തെ സ്ഥിതിയെന്താണ്. രാജ്യത്ത് ഒരു ഊണ് പോലും കഴിക്കാതെ ഒരിക്കലെങ്കിലും കഴിയേണ്ടിവന്ന കുടുംബങ്ങൾ 48

ശതമാനം ആണ്. പല തവണ ഇങ്ങനെ കഴിയേണ്ടിവന്നത് 27 ശതമാനവും വളരെയേറെ ദിവസം ഇങ്ങനെ കഴിയേണ്ടിവന്നവർ 30 ശതമാനവുമാണ്. 2020-ലെ ആഗോള പട്ടിണി സർവ്വേയിൽ 107 രാജ്യങ്ങൾ പരിശോധിക്കുമ്പോൾ ഇന്ത്യയുടെ സ്ഥാനം 94-ാമതാണ്. പാകിസ്ഥാനും നേപ്പാളും ബംഗ്ലാദേശുമെല്ലാം ഇന്ത്യയ്ക്ക് മുകളിലാണ്. ഏഴ് കോടി ടൺ ഭക്ഷ്യധാന്യം കെട്ടിക്കിടക്കുന്ന രാജ്യത്താണ് ഈ അവസ്ഥയെന്ന് പറയുമ്പോൾ അത്ഭുതപ്പെടുത്തുകയാണ്. അതാണ് കേരളവും ഇന്ത്യയും തമ്മിലുള്ള വ്യത്യാസം. ഈ രാജ്യത്താണ് ഒരാൾപോലും പട്ടിണി കിടക്കില്ലെന്ന് പ്രഖ്യാപിച്ചുകൊണ്ട് കേരളത്തിലെ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് ഭക്ഷണം ഉറപ്പാക്കിക്കൊണ്ട് പ്രവർത്തിക്കുന്നത്. "അപരന്റെ ദാഹത്തിന് എന്റേതിനേക്കാൾ അധികമാം കരുതലും കരുണയും കുടിപാർക്കും ഒരു വീടുണ്ടെനിക്ക്" എന്ന് ഒ.എൻ.വി. കുറുപ്പ് പറഞ്ഞിട്ടുണ്ട്. ആ വീട് കേരളമാണ്. എൽ.ഡി.എഫ്. സർക്കാരിന്റെ എല്ലാ പദ്ധതികളും സാധാരണക്കാർക്കും പാവപ്പെട്ടവനുംവേണ്ടിയാണ്. 'മനുഷ്യന്റെ ഹൃദയത്തിലേയ്ക്കുള്ള വഴി വായിലൂടെയാണ്' എന്ന് ഒരു ചൈനീസ് പഴമൊഴിയുണ്ട്. ഇന്ന് എ.പി.എൽ., ബി.പി.എൽ. എന്നോ

പാവപ്പെട്ടവനെന്നോ പണക്കാരനെന്നോ വ്യത്യാസമില്ലാതെ എല്ലാ കുടുംബങ്ങളും കടന്നുചെല്ലുന്ന കേരളത്തിലെ ഏക സ്ഥലം റേഷൻ കടയാണ്. ആ രീതിയിലേയ്ക്ക് റേഷൻ കടകളെ മാറ്റിയെടുക്കാൻ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. അത് എന്തുകൊണ്ടാണ് നടന്നത്? സത്യസന്ധമായും സുതാര്യമായും ശാസ്ത്രീയമായും റേഷൻ കടയുടെ സേവനങ്ങളെ നവീകരിക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഏറ്റെടുത്ത ചരിത്രപരമായ നടപടികളാണ് ഈ മാറ്റത്തിന് കാരണം. ഓണക്കാലം വരുന്നതേയുള്ളൂ. കേരളത്തിൽ ഓണക്കാലത്ത് ജനങ്ങൾക്ക് കൊറോണ പേടിയുണ്ടെങ്കിലും പട്ടിണിപ്പേടിയില്ല. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അത് ഉറപ്പാക്കി മുന്നോട്ടുപോകുകയാണ്. ഇത്തവണ മാവേലി നേരത്തേതന്നെ കേരളത്തിലെത്തിക്കഴിഞ്ഞു. റേഷൻ കടയിലാണ് അദ്ദേഹം എത്തിയത്. കിറ്റ് വാങ്ങി തൃപ്തിയോടെ പോകുന്ന മലയാളികളെ കൺനിറയെ കാണുകയാണ് മാവേലി. കേരളം അക്ഷരാർത്ഥത്തിൽ മലയാളി നാട് എന്നത് മാറി മാവേലി നാടായി മാറിയിരിക്കുകയാണ്. ഈ അവസ്ഥയിലും ഇതിനെയൊക്കെ വിവാദങ്ങളിൽ കുടുക്കാൻ ശ്രമിക്കുന്ന ചില

വാമനാവതാരങ്ങൾ നമ്മുടെ നാട്ടിലുണ്ട്. കിറ്റിന്റെ വിതരണോദ്ഘാടനവുമായി ബന്ധപ്പെട്ട് ഉയർത്തുന്ന അനാവശ്യ വിവാദങ്ങൾ. ഭക്ഷ്യ കിറ്റ് വിതരണത്തെ സോഷ്യൽ ആഡിറ്റിന് വിധേയമാക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട പഞ്ചായത്ത് മെമ്പർമാർ ഉൾപ്പെടെയുള്ള ആളുകൾ കാര്യങ്ങൾ ചെയ്യണം. സുതാര്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഗവൺമെന്റ് അത് ചെയ്യുന്നതെന്ന് ബോധ്യപ്പെടാൻ പ്രതിപക്ഷം തയ്യാറാകണം. അതിനെ പരിഹസിക്കുകയല്ല വേണ്ടത്. 'ഭക്ഷണം ഗംഭീരമാണ്, പക്ഷേ ഇലയിട്ടത് ചരിഞ്ഞുപോയി' എന്ന് പണ്ടൊക്കെ ചില ആളുകൾ പറയുന്നത് പോലെയുള്ള വീക്ഷണമാണ് യു.ഡി.എഫ്. ഇത്തരം വിഷയങ്ങളിൽ പുലർത്തുന്നത്. 'മഹാഭാരത'ത്തിലെ 'വനപർവ്വ'ത്തിൽ ഒരു കഥയുണ്ട്. പന്ത്രണ്ട് സംവത്സരം വനവാസത്തിന് പോകുന്ന പാണ്ഡവരോടൊപ്പം കുറച്ച് ബ്രാഹ്മണരും ഉണ്ടായിരുന്നു. അവരെ തിരിച്ച് പറഞ്ഞുവിടാൻ യുധിഷ്ഠിരൻ എത്ര ശ്രമിച്ചിട്ടും നടന്നില്ല. അവർക്ക് ഭക്ഷണം കൊടുക്കാൻ നിവൃത്തിയില്ല. അദ്ദേഹം തന്റെ ഗുരുവിന്റെ ഉപദേശമനുസരിച്ച് സൂര്യഭഗവാനെ കഠിന തപസ്സനുഷ്ഠിച്ച് വരം നേടി. സൂര്യഭഗവാൻ ഒരു ചെമ്പ് പാത്രം കൊടുത്തു. പന്ത്രണ്ട് വർഷം എത്ര പേർക്ക്

ഭക്ഷണം കൊടുത്താലും വീണ്ടും ആ അക്ഷയപാത്രം നിറയും. കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും കിറ്റ് കൊടുത്താലും വീണ്ടും വീണ്ടും കൊടുക്കാൻ കഴിയുന്ന അക്ഷയപാത്രമായി ഇടതുപക്ഷത്തിന്റെ ഭക്ഷ്യ വകുപ്പ് മാറിയിരിക്കുകയാണ് എന്നതാണ് അതിന്റെ യാഥാർത്ഥ്യം. ഇതിന്റെ പിന്നിൽ ദൈവങ്ങളുടെ വരമല്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഇച്ഛാശക്തിയും ജനങ്ങളോടുള്ള പ്രതിബദ്ധതയും കാരണമാണ് ഈ തരത്തിൽ കേരളത്തിൽ ജനങ്ങൾക്ക് പട്ടിണിയില്ലാതെ മുന്നോട്ടുപോകാൻ കഴിയുന്നത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് എന്തായിരുന്നു, പൂച്ച പെറ്റുകിടക്കുന്ന സ്ഥലമായിരുന്നില്ലേ റേഷൻ കടകൾ. പക്ഷെ ഇന്നെന്താണ്? ജനത്തിരക്കാണവിടെ. എലിയും പൂച്ചയും ഒരുമിച്ച് കാണില്ലെന്നേയുള്ളൂ. ചിലയിടത്ത് എലി, ചിലയിടത്ത് പൂച്ച എന്നിങ്ങനെയാണ്. 2013-ൽ പ്രൊഫ. കെ. വി. തോമസ് കൊണ്ടുവന്ന ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കാൻ ഇവിടത്തെ യു.ഡി.എഫ്. ഗവൺമെന്റ് തയ്യാറായില്ലല്ലോ. എന്തുകൊണ്ടാണ്? കട്ടുതിന്നുന്ന വകുപ്പായിരുന്നു അന്നത്. സ്വകാര്യ മൊത്തവ്യാപാരികൾ 2000 കോടി രൂപയുടെ അഴിമതിയാണ് ഈ രംഗത്ത് നടത്തിയതെന്ന് വ്യാപകമായി അന്ന് ചർച്ചയുണ്ടായിരുന്നു. അതിനെ

തടയാൻ യു.ഡി.എഫ്. ഗവൺമെന്റ് തയ്യാറായില്ല. 2016-ൽ ഇടതുപക്ഷ മുന്നണി ഗവൺമെന്റ് വന്നിട്ടാണ് ശ്രീ. പി. തിലോത്തമന്റെ നേതൃത്വത്തിൽ ഭക്ഷ്യ സുരക്ഷാ നിയമം പാസ്സാക്കിയത്. അതിന്റെ ഭാഗമായാണ് കേരളത്തിലെ പൊതു വിതരണ സമ്പ്രദായം സമൂലമായ മാറ്റത്തിന് വിധേയമായത്. ഇന്ന് കേരളത്തിലുള്ള 14250 റേഷൻ കടകളുടെ സ്ഥിതിയെന്താണ്? എല്ലായിടത്തും ഇ-പോസ് മെഷീൻ സ്ഥാപിച്ചു, റേഷൻ കാർഡ് വിവരങ്ങൾ ഡിജിറ്റൈസ് ചെയ്തു, ഗുണഭോക്താക്കളെ ആധാറുമായി ബന്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടന്നു, പരാതി പരിഹാരത്തിന് പ്രത്യേക പോർട്ടൽ ഏർപ്പെടുത്തി, വാതിൽപ്പടി വിതരണം ഏർപ്പെടുത്തി, ഭക്ഷ്യധാന്യങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തി, അന്തർസംസ്ഥാന പോർട്ടബിലിറ്റി നടപ്പിലാക്കി, ഓരോ ഗുണഭോക്താവിനും എത്ര അരിയാണ് ലഭിക്കുന്നത്, അതിന്റെ തൂക്കം, വില തുടങ്ങിയ കാര്യങ്ങൾ 80 ലക്ഷത്തിലധികം കുടുംബങ്ങൾക്ക് എസ്.എം.എസ്. മുഖേന ലഭ്യമാക്കുന്ന സംവിധാനം ഏർപ്പെടുത്തി, 24 മണിക്കൂറിനകം ഇ-റേഷൻ കാർഡ് ലഭിക്കും, എന്നിങ്ങനെയാണ്, ഞാൻ വിശദീകരിക്കുന്നില്ല. അത്തരത്തിൽ സമൂലമായ

മാറ്റം, കേരളത്തിലെ ജനങ്ങൾക്ക് ഒരു രക്ഷകർത്താവിനെപ്പോലെ, ഭക്ഷണം കൊടുക്കുന്നത് ദൈവമാണെങ്കിൽ ദൈവത്തെപ്പോലെ നിൽക്കുന്ന സർക്കാരിനെയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. അതിൽ അസൂയപ്പെട്ടിട്ട് കാര്യമില്ല. ഇവിടെ ഈ നിയമം നടപ്പിലാക്കിയപ്പോൾ നിസ്സാര കാരണങ്ങളാൽ മുൻഗണനാ പട്ടികയിൽനിന്നും ഒഴിവായിപ്പോയ ഒരുപാട് കുടുംബങ്ങളുണ്ട്. റേഷൻ വിഹിതം വർദ്ധിപ്പിച്ച് അവരെക്കൂടി ഇതിൽ ഉൾപ്പെടുത്താൻ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം ഏർപ്പെടുത്തിയ സംസ്ഥാനമായിരുന്നു കേരളം. മൂന്ന് വർഷം കൂടുമ്പോൾ മുൻഗണനാ പട്ടിക പരിഷ്കരിക്കണമെന്നുള്ള നിബന്ധനയുണ്ട്. ഗവൺമെന്റ് അതിന് മുൻകയ്യെടുക്കുന്നു എന്നാണ് മനസ്സിലാക്കുന്നത്. അത്തരം പ്രവർത്തനങ്ങൾക്ക് വേഗത വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റ് ശ്രദ്ധനൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ രാജ്യത്തെ മുഴുവൻ പാവപ്പെട്ടവരും പട്ടിണി കിടക്കുമ്പോൾ ദുരിതം അനുഭവിക്കുന്ന, പട്ടിണി കിടക്കുന്ന ഒരാളുപോലും കേരളത്തിലുണ്ടാകില്ല എന്ന് പ്രഖ്യാപിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ ധനാഭ്യർത്ഥനയെ ഞാൻ സന്തോഷത്തോടെ ഒരിക്കൽക്കൂടി പിന്തുണയ്ക്കുകയാണ്.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയെ ഞാൻ പിന്തുണയ്ക്കുകയാണ്. കേരളത്തിലെ പൊതു വിതരണ സമ്പ്രദായം എന്നത് ഇന്ത്യയക്ക് എക്കാലത്തും മാതൃകയും ഏറ്റവും വലിയ പി.ഡി.എസ്.-ഉം ആയിരുന്നു. സമ്പന്നമായ ഒരു ചരിത്രമാണ് ഇതിനുള്ളത്. ഇവിടെ തുടക്കത്തിൽ ശ്രീ. കെ. ഡി. പ്രസേനൻ സൂചിപ്പിച്ചതുപോലെ നാണ്യ വിളകളെ പ്രോത്സാഹിപ്പിക്കുന്നതിന്റെയുംകൂടി പശ്ചാത്തലത്തിലാണ് 1955-ലെ എസൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് അനുസരിച്ച് 1964 മുതൽ കേരളത്തിൽ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം കേരളത്തിൽ നടപ്പിലാക്കിത്തുടങ്ങിയത്. റേഷൻ കാർഡിന് നിറവ്യത്യാസമില്ലാതെ എല്ലാ കുടുംബങ്ങൾക്കും റേഷൻ ലഭിച്ചുകൊണ്ടിരുന്നതിൽനിന്നും എ.പി.എൽ./ബി.പി.എൽ. തരംതിരിവ് വന്നത് 1991 മുതൽ തുടർന്നുവന്ന സാമ്പത്തിക നയങ്ങളുടെ മാറ്റത്തിന്റെ ഭാഗമായിട്ടാണ്. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിലിന് കമ്മ്യൂണലിസം മനസ്സിലായിട്ടില്ലെങ്കിലും പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഉൾപ്പെടെയുള്ള ആദ്യകാല ഇന്ത്യൻ ഭരണാധികാരികൾക്ക് അത് നന്നായി മനസ്സിലായിട്ടുണ്ട്. നമ്മുടെ ആദ്യത്തെ ലക്ഷ്യംതന്നെ ദാരിദ്ര്യവും

തൊഴിലില്ലായ്മയും പെട്ടെന്ന് നിർമ്മാർജ്ജനം ചെയ്യുക എന്നതായിരുന്നു. " .....within a period of ten years we will wipe out illiteracy, poverty and unemployment from India...." ഇത് പഴയ കോൺഗ്രസ്സുകാർ നടത്തിയ പ്രസംഗമാണ്. നിർഭാഗ്യവശാൽ ഇന്ത്യയ്ക്ക് ആ ലക്ഷ്യത്തിലേയ്ക്കെത്താൻ കഴിഞ്ഞില്ല. ആവഡിയിൽ കോൺഗ്രസ്സ് 'സോഷ്യലിസം' ലക്ഷ്യമായി പ്രഖ്യാപിച്ചു. ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ 'സോഷ്യലിസം' എഴുതിച്ചേർത്തു. പക്ഷെ ഇന്ത്യൻ മുതലാളിത്തത്തിന്റെ കരാള ഹസ്തങ്ങളിൽനിന്ന് വേറിട്ട് പോകാൻ, ആ ചുറ്റുവട്ടത്തുനിന്ന് പുറത്തുകടക്കാൻ കോൺഗ്രസ്സിന് ആകാത്തതുകൊണ്ടാണ് നമ്മുടെ അയൽരാജ്യമായ ചൈനയിൽ കണ്ടതുപോലെ സാമ്പത്തിക അസമത്വത്തിന്റെ അകലം കുറച്ചുകൊണ്ടുവരാൻ ഇന്ത്യയ്ക്ക് കഴിയാതെ പോയത്. സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്കുശേഷം സാമ്രാജ്യത്വത്തിന്റെ നേതൃത്വത്തിൽ ആഗോളവത്കരണം ലോകത്താകെ ഗ്രസിച്ചപ്പോൾ കോൺഗ്രസ്സിനും നയംമാറ്റം വന്നു. അങ്ങനെയാണ് നരസിംഹറാവുവിന്റെയും ഡോ. മൻമോഹൻ സിംഗിന്റെയും നേതൃത്വത്തിൽ ആഗോളവത്കരണ നയങ്ങളെ ചുവടുപിടിച്ച് മുന്നോട്ടുപോകേണ്ടിവന്നത്. അതിന്റെ

ദുരന്തഫലമായാണ് ഈ ദാരിദ്ര്യവും പാവപ്പെട്ടവന്റെ കഷ്ടപ്പാടുമൊക്കെ ഇന്നും വർദ്ധിച്ചുവരുന്നത്. ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നോക്കിയാൽതന്നെ മനസ്സിലാകും, ഇവിടെ സൂചിപ്പിച്ചതുപോലെ 2016-ൽ ഭരണം അവസാനിപ്പിച്ച യു.ഡി.എഫ്. ഗവൺമെന്റിന്റെ അവസാന കാലത്ത് അപാകമായ ലിസ്റ്റുകൾ തയ്യാറാക്കിവച്ചിട്ട് പോയതിന്റെ ഭാഗമായി തുടർന്ന് അധികാരത്തിൽവന്ന ഗവൺമെന്റിന് അത് ക്രമീകരിക്കാൻ നന്നായി പ്രയാസപ്പെടേണ്ടിവന്നിട്ടുണ്ട്. National Food Security Act (NFSA)-ന് അതിന്റേതായ ഗുണങ്ങളും ദോഷങ്ങളുമുണ്ട്. കേരളത്തെപ്പോലുള്ള സംസ്ഥാനം അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ബുദ്ധിമുട്ട് NFSA-യുടെ നിബന്ധന പ്രകാരം ഒരുപാട് പേർ അർഹതാപട്ടികയിൽനിന്നും ഒഴിവാക്കപ്പെട്ടു എന്നുള്ളതാണ്. അതിന്റെ കണക്കുകൾ ഇവിടെ സൂചിപ്പിച്ചതാണ്, ഞാൻ ആവർത്തിക്കുന്നില്ല. മാനദണ്ഡങ്ങൾ പ്രകാരം ഒരു ടെറസ് വീടുണ്ടെങ്കിൽ, പഴയ കാറുണ്ടെങ്കിൽ ഒക്കെ മുൻഗണനാ പട്ടികയിൽനിന്നും ഒഴിവാക്കപ്പെടുകയാണ്, AAY (Antyodaya Anna Yojana) ലിസ്റ്റിൽ വരാതെ പോകുകയാണ്. നമ്മുടെ നാട്ടിലെ ഒരു ശീലം അറിയാമല്ലോ, ക്യാൻസർ പേഷ്യന്റ്, കിഡ്നി പേഷ്യന്റ്

എന്നിങ്ങനെയുള്ളവർ എത്ര പാവപ്പെട്ടവരായാൽക്കൂടി കടം വാങ്ങിയെങ്കിലും സ്വന്തമായി ഒരു വാഹനം വാങ്ങിക്കും, ആശുപത്രിയിൽ പോകാൻ വേണ്ടിയായിരിക്കും അത്, അവരെ ദരിദ്ര ജനവിഭാഗമല്ലെന്ന് കണക്കാക്കിയാൽ അത് വലിയ സാമൂഹിക ബുദ്ധിമുട്ടുകൾ ഉണ്ടാക്കും. ഇത്തരത്തിലുള്ള ദോഷകരമായ മാനദണ്ഡം തിരുത്തുന്നതിനുവേണ്ടി, കേരളത്തിന്റെ സാമൂഹിക പശ്ചാത്തലംകൂടി മനസ്സിലാക്കിക്കുന്നതിനുവേണ്ടി കേന്ദ്രത്തോട് സംയുക്തമായി ആവശ്യപ്പെടുകയല്ലേ വേണ്ടത്. സാധാരണക്കാർക്ക് ഈ സാഹചര്യത്തിലും ബുദ്ധിമുട്ടുകൾ ഉണ്ടാകാതിരിക്കാനാണ് കഴിഞ്ഞ ഗവൺമെന്റും ഈ ഗവൺമെന്റും പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായിട്ടുവേണം ഈ റേഷൻ സമ്പ്രദായത്തെയും കിറ്റിനെയും കാണേണ്ടത്. കേരളത്തിന് കേന്ദ്ര സർക്കാരിൽനിന്ന് 3 രൂപയ്ക്ക് അരി വാങ്ങി 2 രൂപയ്ക്ക് കൊടുക്കേണ്ടി വരികയാണ്. 8.30 രൂപയ്ക്ക് അരിവാങ്ങി മുൻഗണനേതര വിഭാഗത്തിന് കുറഞ്ഞ വിലയ്ക്ക് അരി കൊടുക്കേണ്ടി വരികയാണ്. ഈ സാഹചര്യങ്ങളെ മറികടക്കാനാണ് നാം സംയുക്തമായി പരിശ്രമിക്കേണ്ടത്. അതിനുപകരം ആക്ഷേപഹാസ്യമുയർത്തുകയാണ്, കിറ്റിനെ സംബന്ധിച്ച്

വേവലാതിപ്പെടുകയാണ്, അതിന്റെ ഉദ്ദേശ്യശുദ്ധിയെ ചോദ്യം ചെയ്യുകയാണ്. ബഹുമാനപ്പെട്ട കോവളം അംഗത്തിന് കിറ്റ് നിന്നുപോകുമോ എന്നുള്ള ഭയമാണ്. തെരഞ്ഞെടുപ്പ് കാലത്ത് കിറ്റ് കൊടുത്തപ്പോൾ അത് കൊടുക്കാൻ പാടില്ലെന്ന് പറഞ്ഞ് തെരഞ്ഞെടുപ്പ് കമ്മീഷന് മുന്നിൽ പരാതിയുമായി പോയവരാണിവർ. ഞാൻ ചോദിക്കട്ടെ, സാധാരണക്കാരോട് എന്തെങ്കിലും തരത്തിലുള്ള പ്രതിബദ്ധതയുണ്ടെങ്കിൽ, കോവിഡ് കാലത്ത് ആരും പട്ടിണി കിടക്കരുത് എന്ന ലക്ഷ്യത്തോടുകൂടി അവരുടെ വീടുകളിൽ ഭക്ഷ്യധാന്യം എത്തിക്കുന്നതിന് എതിരായി നിൽക്കാൻ തയ്യാറാകുമോ? നിങ്ങൾ തയ്യാറായി. ജനങ്ങൾ അതിന് നിങ്ങളെ ശിക്ഷിക്കുകയും ചെയ്തു. കിറ്റ് നിർത്താൻ പോകുന്ന എന്നൊക്കെയാണ് മുറവിളിക്കുന്നത്, എന്നിട്ട് കണക്കും പറയുകയാണ്. എന്നാലത് ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയാണ്, ജൂൺ മാസത്തിലും എട്ട് ലക്ഷത്തിൽപ്പരം കിറ്റുകൾ കൊടുത്തു. അതിന്റെ കണക്കുകൾ ബഹുമാനപ്പെട്ട മന്ത്രി പറയുമായിരിക്കും. ഇപ്പോൾ ഓണക്കാലത്ത് ജൂലൈ 31 മുതൽ കിറ്റ് കൊടുക്കുകയാണ്, ഇടയ്ക്ക് ഒരു കുറവും വരുത്തിയിട്ടില്ല. ജനങ്ങൾക്ക് ആവശ്യമുള്ളപ്പോൾ സഹായം എത്തിക്കും. അതുതന്നെയാണ് ഈ

ഗവൺമെന്റിന്റെ ലക്ഷ്യം.

വിശപ്പ് എന്നും ലോകത്ത് കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും ചിന്തകന്മാർക്കും രാഷ്ട്രീയക്കാർക്കുമെല്ലാം അവരുടെ സൃഷ്ടികളുടെ മഷിപാത്രമായിരുന്നു. നമ്മുടെ കവികളും സാഹിത്യകാരന്മാരും പൂവുകളും പുഴകളും മാത്രമല്ല വിശപ്പിനെ സംബന്ധിച്ചും നന്നായി എഴുതിയിട്ടുണ്ട്. 'വിശപ്പിനേക്കാൾ വലുതല്ല മരണം' എന്നാണ് ആധുനിക കവി പവിത്രൻ തീക്കുനിയുടെ കവിതയിലെ ഒരു വരി. വിശപ്പ് എന്നത് എല്ലാ കാലത്തും ചർച്ച ചെയ്തിട്ടുള്ള ഒന്നാണ്. വിശക്കുന്നവന്റെ വേദന വളരെ വലുതാണ്. അത് പരിഹരിക്കാനാണ് കേരളത്തിൽ 'വിശപ്പ് രഹിത കേരളം' എന്ന് ലക്ഷ്യമിട്ടുകൊണ്ട് കഴിഞ്ഞ ഗവൺമെന്റ് പ്രവർത്തിച്ച് വിജയിച്ചതും ഈ ഗവൺമെന്റ് അത് തുടർന്നുകൊണ്ടുപോകുന്നതും. അതിനെ ആക്ഷേപിക്കരുത്. അക്കാര്യത്തിൽ നാം ഒറ്റക്കെട്ടായി നിൽക്കണം. ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ ഭാഗമായി ചില കാര്യങ്ങളിൽ പരിഹാരം കാണേണ്ടതുണ്ട്. മഞ്ചേശ്വരം എൽ.എൽ.എ. ഉൾപ്പെടെയുള്ളവർ ചൂണ്ടിക്കാണിച്ചതുപോലെ, പത്ത് മാസത്തെ കിറ്റ് വിതരണത്തിന്റെ കമ്മീഷൻ കുടിശ്ശിക റേഷൻ വ്യാപാരികൾക്ക് നൽകുന്നതിന്

ത്വരിതഗതിയിൽ നടപടികളെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇ-പോസ് മെഷീന്റെ സെർവറുകൾ പലപ്പോഴും കേടാകുന്നത് റേഷൻ വാങ്ങാൻ വരുന്നവർക്കും കടയുടമകൾക്കും ബുദ്ധിമുട്ടുണ്ടാക്കുന്നു. മാനുവലായി കൊടുക്കുന്നതിനുള്ള വ്യവസ്ഥകളുണ്ടെങ്കിലും സെർവറിന്റെ നിയന്ത്രണം ഹൈദ്രാബാദിലായതിനാൽ സെർവർ കേടായാൽ സമയത്തിന് നന്നാക്കുന്നതിനുള്ള ബുദ്ധിമുട്ട് നമ്മുടെ നാട്ടിൽ അനുഭവിക്കുന്നുണ്ടെന്ന യാഥാർത്ഥ്യം മനസ്സിലാക്കാൻ സാധിക്കണം. റേഷൻ കടകളുടെ എണ്ണത്തിൽ കുറവുകൾ വന്നത് പരിഹരിക്കപ്പെടേണ്ടതാണ്. റേഷൻ കട ഉടമകൾ മരണപ്പെട്ടതിന്റെയും അവകാശികൾക്ക് ലൈസൻസ് പുതുക്കി നൽകാൻ കഴിയാത്തതിന്റെയുമൊക്കെ ഭാഗമായി ഏകദേശം നൂറ്റിതൊണ്ണൂറോളം റേഷൻ കടകളുടെ കുറവ് കേരളത്തിൽ വന്നിട്ടുണ്ട്. പുതിയ മന്ത്രിസഭ നിലവിൽ വരികയും ബഹുമാന്യനായ ജി. ആർ. അനിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ ചുമതലയേറ്റെടുക്കുകയും ചെയ്തു. അദ്ദേഹം ജനങ്ങളുമായി നേരിട്ട് സംസാരിച്ചുകൊണ്ട് പരാതികൾ അതിവേഗം പരിഹരിക്കുന്ന സമീപനമെടുത്തതിൽ സന്തോഷമുണ്ട്. അദ്ദേഹം കൈക്കൊണ്ട സമീപനം നാടിന് ഗുണകരമാണ്. അതിനാൽ ബഹുമാനപ്പെട്ട

മന്ത്രിയോട് ഇത്തരം വിഷയങ്ങളിൽ അടിയന്തരമായും ശ്രദ്ധകേന്ദ്രീകരിച്ച് മുന്നോട്ടുപോകാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു. ധാരാളം മാവേലി സ്റ്റോറുകളും സൂപ്പർ മാർക്കറ്റുകളും നമ്മുടെ നാട്ടിൽ പുതിയതായി പ്രവർത്തനമാരംഭിക്കുന്നുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ കളമച്ചലിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുമായി സംസാരിച്ചപ്പോൾ ഒരു മാവേലി സ്റ്റോർ അനുവദിക്കാമെന്ന് അദ്ദേഹം സമ്മതിച്ചു. അത് എത്രയുംവേഗം സ്ഥാപിക്കാനും എന്റെ നിയോജകമണ്ഡലത്തിലുൾപ്പെട്ട പാലോട് പ്രദേശം പ്രധാനപ്പെട്ട ടൗണുകളിലൊന്നാണ്. അവിടെ ഒരു സൂപ്പർമാർക്കറ്റും പുല്ലമ്പാറ പഞ്ചായത്തിലെ മരുതുംമൂട്ടിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറിനെ സൂപ്പർ മാർക്കറ്റാക്കി മാറ്റാനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, ഇന്നത്തെ ദിവസത്തിൽ സമയം അപഹരിക്കുന്നത് ശരിയല്ലാത്തതിനാൽ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. അവസാനം പ്രസംഗിച്ച ബഹുമാന്യനായ അംഗവും

ഭരണപക്ഷത്തിരിക്കുന്ന മിക്കവാറും എല്ലാ അംഗങ്ങളും, പാവപ്പെട്ടവരോടുള്ള അവരുടെ നിലപാടിനെക്കുറിച്ചാണ് പറഞ്ഞത്. അതിലെ നല്ലവശങ്ങളെല്ലാം ഞാൻ അംഗീകരിക്കുകയാണ്. നിങ്ങൾ ഒരുകാര്യം മനസ്സിലാക്കണം, ഇത്തരം കാര്യങ്ങൾ ഞങ്ങളെ ഓർമ്മിപ്പിക്കുമ്പോൾ ഞാൻ ചില കാര്യങ്ങൾ ഓർമ്മിപ്പിക്കാം. ഭക്ഷ്യ സുരക്ഷാ നിയമം രാജ്യത്ത് യു.പി.എ. നടപ്പിലാക്കി. തൊഴിലുറപ്പ് നിയമവും വിവരാവകാശ നിയമവും വിദ്യാഭ്യാസവകാശ നിയമവും ഞങ്ങൾ കൊണ്ടുവന്നു. ഇതിന്റെയെല്ലാം പ്രയോജനം പാവപ്പെട്ടവർക്കല്ലേ ലഭിച്ചത്. ഒരുകാര്യം ഓർത്താൽ നല്ലതാണ്, 2011-ൽ അധികാരത്തിൽ വന്ന ഉമ്മൻ ചാണ്ടി സർക്കാർ ആദ്യമെടുത്ത തീരുമാനം സൗജന്യമായി അരി നൽകാനാണ്. ഞങ്ങൾ സൗജന്യമായി കൊടുത്ത അരിക്ക് എൽ.ഡി.എഫ്. ഗവൺമെന്റ് രണ്ട് രൂപ വാങ്ങി. ഇപ്പോൾ സൗജന്യമായി കിറ്റ് കൊടുക്കുന്നു. എന്നാൽ പാവപ്പെട്ടവർക്ക് സൗജന്യമായി അരി നൽകാനാണ് 2011-ലെ യു.ഡി.എഫ്. ഗവൺമെന്റ് ഒന്നാമതായി തീരുമാനിച്ചത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ വെള്ളിയാഴ്ച 526 കോടി രൂപ ഓണകിറ്റ് നൽകാൻ/ഭക്ഷ്യകിറ്റ് വിതരണം ചെയ്യാൻ അനുവദിച്ചുവെന്ന് സഭയിൽ പ്രസംഗിച്ചു. ഭക്ഷ്യകിറ്റ് നൽകുന്നതിനുവേണ്ടി

ബഡ്ജറ്റിൽ 1150 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. 1150 കോടി രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളതും 526 കോടി രൂപ ഓണകിറ്റ് നൽകാൻ അനുവദിച്ചുവെന്ന് പറഞ്ഞതും, ഇവ രണ്ടുംവേറെവേറെയാണോ; അല്ലാതെ ഒന്നിച്ചാണോയെന്നുള്ള കാര്യം വ്യക്തമാക്കണം. ബഹുമാനപ്പെട്ട മന്ത്രിയോട് റേഷൻ കടയിലെ ചില കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുകയാണ്. കോവിഡ് കാലത്ത് ജനങ്ങൾക്ക് പുറത്തിറങ്ങുന്നതിന് ധാരാളം നിയന്ത്രണങ്ങളുണ്ട്. എന്നാൽ റേഷൻ കടയിൽ ഒരുമാസത്തിൽ നാലുപ്രാവശ്യം പോകണം. സൗജന്യ ഭക്ഷ്യകിറ്റ് വാങ്ങാൻ പോകണം, സാധാരണ റേഷൻ വാങ്ങാൻ പോകണം, സ്പെഷ്യൽ അരിയും ആട്ടയും വാങ്ങാൻ മറ്റൊരുപ്രാവശ്യം പോകണം, പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതി മുഖേന അനുവദിക്കുന്ന സൗജന്യ അരി വാങ്ങാൻ പോകണം, മണ്ണെണ്ണയും അരിയും ഉണ്ടെങ്കിൽ അതുവാങ്ങാൻ പോകണം. ഇങ്ങനെ നിരവധി പ്രാവശ്യം പാവപ്പെട്ട ആളുകളെ നടത്തണമോ; ഈ സാധനങ്ങളെല്ലാം ഒന്നിച്ച് നൽകുന്നതിനെക്കുറിച്ച് ആലോചിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. റേഷൻ ലഭിക്കാൻ ഇ-പോസ് മെഷീനിൽ വിരലടയാളം പതിപ്പിക്കണം. റേഷൻ വാങ്ങാൻ ചെല്ലുമ്പോൾ

പലദിവസങ്ങളിലും സെർവർ അല്ലെങ്കിൽ നെറ്റ് തകരാറാകും മിക്കവാറും സംഭവിക്കുന്നത്. ഇതുമൂലം വലിയ ദുരിതമാണ് ജനങ്ങൾ അനുഭവിക്കുന്നത്. ഒരുമാസത്തിൽ ആറേഴ് പ്രാവശ്യമെങ്കിലും സെർവ്വർ, നെറ്റ് തകരാറുണ്ടാകും. അതിനാൽ ആളുകൾക്ക് റേഷൻ ലഭിക്കാൻ ബുദ്ധിമുട്ടുണ്ടാകുന്നു. സാധാരണക്കാർ റേഷൻ കടകളിൽവന്ന് റേഷൻ ലഭിക്കാതെ മടങ്ങിപോകേണ്ട സാഹചര്യമുണ്ട്. അതിനാൽ മെഷീൻ തകരാറുമൂലം റേഷൻ വിതരണം മുടങ്ങുമ്പോൾ അതിനൊരു ബദൽ സംവിധാനം, അതായത് മാനുവൽ സമ്പ്രദായത്തിലുള്ള വിതരണത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കാരണം റേഷൻ കടയിൽ പോകുന്ന ആളുകളുടെ കുറ്റം കൊണ്ടല്ല, ഇ-പോസ് മെഷീന്റെ തകരാറുകൊണ്ടാണ് റേഷൻ വിതരണം മുടങ്ങുന്നത്. അതിനാൽ അങ്ങനെയുള്ള അടിയന്തര ഘട്ടങ്ങളിൽ മാനുവലായി ആളുകൾക്ക് റേഷനും മറ്റാനുകൂല്യങ്ങളും നൽകാൻ സാധിക്കുമോയെന്ന് ആലോചിക്കണം.

നിങ്ങൾ കിറ്റിന്റെ കാര്യം പറഞ്ഞല്ലോ, നിങ്ങൾക്കുൾപ്പെടെ എല്ലാവർക്കുമറിയാം കിറ്റ് നൽകുമ്പോൾ അതിലെ സാധനങ്ങൾ നിറയ്ക്കാനുള്ള സഞ്ചി കുടുംബശ്രീയിലെ സഹോദരിമാർ ഏഴ് രൂപയ്ക്ക് നൽകുന്നതാണെന്ന്.

ഏഴ് രൂപയ്ക്ക് കുടുംബശ്രീയിലെ സഹോദരിമാർ കൊടുക്കുന്ന സഞ്ചിക്ക് പന്ത്രണ്ട് രൂപയാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഈടാക്കുന്നത്. ഇത്തരത്തിൽ വലിയ വ്യത്യാസം കിറ്റ് നൽകുന്നതിനുവേണ്ടി ഉപയോഗിക്കുന്ന സഞ്ചിയുടെ കാര്യത്തിൽ ഉണ്ടാകുന്നത് ദുഃഖകരമാണ്. റേഷൻ വ്യാപാരികൾക്ക് പത്ത് മാസമായി അവരുടെ കമ്മീഷൻ കൊടുത്തിട്ടില്ല. 45 കോടി രൂപയാണ് ഇതിന് വേണ്ടിവരുന്നത്. 6,000 കോടി രൂപയുടെ സൗജന്യ കിറ്റ് നൽകുമ്പോൾ റേഷൻ വ്യാപാരികളുടെ കമ്മീഷൻ കൊടുത്തുകൂടെ; അതുപോലെ, റേഷൻ വ്യാപാരികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന കാര്യം, പലപ്രാവശ്യം ചർച്ച ചെയ്തിട്ടുണ്ടെങ്കിലും ഇതുവരെ നടപ്പിലായിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹം ആദ്യമായി മന്ത്രിയായപ്പോഴുണ്ടായ ആവേശം കൊണ്ടായിക്കും........ ഇ-പോസ് മെഷീനിൽ വിരൽ അടയാളം പതിപ്പിച്ചാലല്ലേ റേഷൻ വാങ്ങാൻ സാധിക്കുകയുള്ളൂ. അതുമാത്രമല്ല, റേഷൻ കടകളിൽ ആദ്യം സാധനം നൽകുന്നത് മഞ്ഞ കാർഡുള്ള മുൻഗണനാ വിഭാഗത്തിനാണ്. ശ്രീ. മണിയൻപിള്ള രാജു ഏത് വിഭാഗത്തിൽപ്പെടും. അദ്ദേഹം എന്റെ സുഹൃത്താണ്. ബഹുമാനപ്പെട്ട മന്ത്രി പാവപ്പെട്ട ഒരാളുടെ

കടിലിൽപോയി ഇങ്ങനെ ചെയ്തിരുന്നുവെങ്കിൽ തീർച്ചയായും അതിനൊരു ശോഭയുണ്ടായിരുന്നു, എന്നാൽ മന്ത്രി ചെയ്തത് തെറ്റാണ്. ജില്ലാ സപ്ലൈ ഓഫീസർ ഇറക്കിയ ഉത്തരവിൽ പറഞ്ഞിരിക്കുന്നത് ഞാനിവിടെ വായിക്കാം, ഇന്ന് 12.00 മണിക്ക് ഡയറക്ടർ ഓഫ് സിവിൽ സപ്ലൈസിന്റെ യോഗമുണ്ടായിരുന്നു, 12.10-ന് യോഗം അവസാനിച്ചു. ഡി.സി.എസ്. യോഗത്തിൽ നിർദ്ദേശിച്ച കാര്യങ്ങൾ, 1) കിറ്റ് വിതരണം സംബന്ധമായ പോസ്റ്റർ 2) എല്ലാ റേഷൻ കടകളിലും ഞായറാഴ്ച അഞ്ചുമണിക്കുമുൻപായി പതിപ്പിച്ചെന്ന് റേഷൻ ഇൻസ്പെക്ടർ ഉറപ്പുവരുത്തണം. 3) പോസ്റ്ററിൽ ഫർക്ക ഇൻസ്പെക്ടർമാരുടെ പേരും മൊബൈൽ നമ്പരും എഴുതിയിരിക്കണം. തിങ്കളാഴ്ച രാവിലെ 8.30-ന് റേഷൻകട സ്ഥിതി ചെയ്യുന്ന പ്രദേശത്തെ ചെയർമാൻ, പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് മെമ്പർ എന്നിവരിൽ ആരെങ്കിലും ഏറ്റവും അർഹതയുള്ള ഒരാൾക്ക് പോസ്റ്റർ ഒട്ടിച്ചതിന് മുന്നിൽനിന്ന് കിറ്റ് നൽകി ഫോട്ടോയെടുത്ത് റ്റി.എസ്.ഒ.-മാർ മുഖാന്തരം ഈ ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യണം. ഡി.എസ്.ഒ. കൊടുത്ത ഓർഡറിൽ പറയുന്നതാണിത്. (ഓർഡറിന്റെ കോപ്പി ഉയർത്തി കാണിക്കുന്നു). സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻകാർഡ് ഉടമകൾക്കും വിതരണം

ചെയ്യാൻ നിർദ്ദേശിച്ച സൗജന്യ ഓണക്കിറ്റിന്റെ വിതരണ ഉദ്ഘാടനം 02-08-2021 തിങ്കളാഴ്ച രാവിലെ 8.30-നാണെന്ന് ഡി.എസ്.ഒ. കൊടുത്ത ഉത്തരവാണ്. പാവങ്ങൾക്ക് കിറ്റ് കൊടുക്കുന്നതിന് ഫോട്ടോ എടുക്കണോ? കടകളിൽ പോകണമെങ്കിൽ 72 മണിക്കൂർ മുൻപ് ടി.പി.ആർ. ടെസ്റ്റ് നടത്തിയ സർട്ടിഫിക്കറ്റ് വേണമെന്നാണ് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ചർച്ച ചെയ്ത വിഷയം. റേഷൻ കടകളിൽ ഇങ്ങനെ കൂട്ടംകൂടുന്നതൊന്നും ബാധകമല്ലേ? ചെറുതും നിസ്സാരവുമായ ഇത്തരം കാര്യങ്ങൾക്ക് പാവപ്പെട്ട ആളുകളെ ഉൾപ്പെടുത്തി ഫോട്ടോ എടുപ്പിച്ച് പബ്ലിസിറ്റിയുണ്ടാക്കുന്ന നാണംകെട്ട ഏർപ്പാട് അവസാനിപ്പിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത്, റേഷൻ കടകളിൽ കുറച്ചുകാലമായി സെയിൽസ്മാൻമാർക്ക് കടകൾ അനുവദിച്ചുകൊടുക്കുന്നതിനെ സംബന്ധിച്ച് തത്വത്തിൽ ഗവൺമെന്റ് അംഗീകരിച്ചത് സ്വാഗതാർഹമാണ്. എന്റെ കയ്യിൽ തെളിവില്ലാത്തതിനാൽ അഴിമതിയാരോപണമായി ഉന്നയിക്കുന്നില്ല. റേഷൻകടകളിലെ സെയിൽസ്മാൻമാർക്ക് കടകൾ അനുവദിച്ചുകൊടുക്കുന്നതിന് ഇപ്പോൾ ചില ചർച്ചകൾ നടക്കുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അബദ്ധത്തിൽപ്പെടാതെ

സൂക്ഷിക്കണം. ഞാൻ ആരോപണമായി പറയുന്നില്ല. ചില റേറ്റുകൾ നിശ്ചയിച്ച് ചർച്ചകൾ നടക്കുന്നുണ്ട്. അതിന് തെളിവില്ല. ബഹുമാനപ്പെട്ട മന്ത്രി ഗൗരവമായി അന്വേഷിക്കണം.

നിയമസഭയിൽ പ്രതിപക്ഷവും ഭരണകക്ഷിയും വ്യാപാരികളുമെല്ലാം ആവശ്യപ്പെട്ടാണ് പുതിയ വ്യവസ്ഥ ആരോഗ്യവകുപ്പ് പ്രോട്ടോക്കോൾ പ്രഖ്യാപിച്ചത്. പ്രോട്ടോക്കോൾ പ്രഖ്യാപിച്ച് ഉത്തരവിറങ്ങിയപ്പോൾ 72 മണിക്കൂർ മുൻപ് കോവിഡ് ടെസ്റ്റ് നടത്തിയ സർട്ടിഫിക്കറ്റ് വേണം. ഞാൻ ഇന്ന് ടെസ്റ്റ് നടത്തിക്കഴിഞ്ഞാൽ ഈ ഉത്തരവ് പ്രകാരം 3 ദിവസം കഴിയുമ്പോൾ വീണ്ടും ടെസ്റ്റ് നടത്തണം. 'ധർമ്മം തന്നില്ലെങ്കിലും നായയെവിട്ട് കടിപ്പിക്കാതിരിക്കണം' എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നിങ്ങൾ സഭയിൽ എന്തെങ്കിലും പ്രഖ്യാപിക്കുമ്പോൾ ചീഫ് സെക്രട്ടറിയോടും ഉദ്യോഗസ്ഥൻമാരോടും സംസാരിച്ച് അവരുടെ അനുവാദം വാങ്ങിച്ചതിനുശേഷം വേണം പ്രഖ്യാപിക്കാൻ, അല്ലെങ്കിൽ നാണംകെടുമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ഞാൻ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, പ്രതിപക്ഷത്തെ ചില എം.എൽ.എ.-മാർ സഭയിൽ ഉന്നയിച്ച വിമർശനങ്ങൾ സംബന്ധിച്ച കാര്യങ്ങൾ വിശദമായി പറയേണ്ടി വന്നാൽ ധാരാളം സമയമെടുക്കും. എങ്കിലും ചില കാര്യങ്ങൾ സൂചിപ്പിക്കേണ്ടതുണ്ട്. ഭക്ഷ്യവിതരണ കാര്യത്തെ സംബന്ധിച്ച് ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ നമുക്ക് പരസ്പരം യോജിച്ച് ഈ ധനാഭ്യർത്ഥന പാസ്സാക്കണമെന്ന അഭ്യർത്ഥനയാണ് എനിക്ക് ആദ്യം പറയാനുള്ളത്. വിലക്കയറ്റം കാരണം നാട് വല്ലാതെ ബുദ്ധിമുട്ടുകയാണെന്ന് ഇവിടെ ചില അംഗങ്ങൾ സൂചിപ്പിച്ചു, എന്തെങ്കിലും യാഥാർത്ഥ്യമുണ്ടോ? സപ്ലൈകോ ഔട്ട് ലെറ്റ്, മവേലിസ്റ്റോറുകൾ എന്നിവിടങ്ങളിൽ കഴിഞ്ഞ അഞ്ച് വർഷത്തിലധികമായി 14 ഇനം ഉൽപ്പന്നങ്ങളുടെ വില ഒരു പൈസപോലും വർദ്ധിപ്പിച്ചിട്ടില്ല. എന്നുമാത്രമല്ല, നാല് ഉൽപ്പന്നങ്ങളുടെ വില കുറയ്ക്കുകയും ചെയ്തു. ആ യാഥാർത്ഥ്യം നമ്മൾ തിരിച്ചറിയണ്ടേ? ചെറുപയറിന്റെ മാർക്കറ്റ് വില 112 രൂപയാണെങ്കിൽ 74 രൂപയ്ക്കാണ് മാവേലി സ്റ്റോറിൽ കൊടുക്കുന്നത്. 122.41 രൂപ വിലയുള്ള ഉഴുന്ന് 66 രൂപയ്ക്കും 226 രൂപ വിലയുള്ള വെളിച്ചെണ്ണ 90 രൂപയ്ക്കും 81.86 രൂപ വിലയുള്ള വൻകടല 43

രൂപയ്ക്കും 78.21 രൂപ വിലയുള്ള വൻപയർ 45 രൂപയ്ക്കുമാണ് കൊടുക്കുന്നത്. ഞാൻ എല്ലാ ഉൽപ്പന്നങ്ങളുടെയും കണക്ക് എടുത്ത് പറയുന്നില്ല. ശ്രീ. എം. വിൻസെന്റിന് ഇത്തരം കാര്യങ്ങൾ സംബന്ധിച്ച ബോധ്യമില്ല .... (ബഹളം).... ഞാൻ വസ്തുതകൾ പറയുമ്പോൾ നിങ്ങൾക്ക് അതിനനുസരിച്ച് മനസ്സിലാക്കാൻ കഴിയില്ല.

കേരളത്തിൽ ഏറ്റവും ഗൗരവമേറിയ വിഷയം, ഭക്ഷ്യസുരക്ഷാ നിയമം കേന്ദ്ര സർക്കാർ പാസ്സാക്കിയതിനെക്കുറിച്ച് എന്തോ വലിയ സംഭവമായി അവസാനമായി ചർച്ചയിൽ പങ്കെടുത്ത തൃപ്പൂണിത്തുറ എം.എൽ.എ. സൂചിപ്പിച്ചു. നമ്മുടെ രാജ്യത്ത് ആ നിയമം പാസ്സാക്കിയ സമയത്ത് കേന്ദ്ര ഭക്ഷ്യ വകുപ്പുമന്ത്രി കേരളത്തിന്റെ പ്രതിനിധിയായിരുന്നു. അദ്ദേഹത്തിന്റെ സമീപനം കാരണമാണ് കേരളത്തിലെ 43 ശതമാനം ജനങ്ങൾമാത്രം ഭക്ഷ്യസുരക്ഷാ നിയമത്തിൽ ഉൾപ്പെട്ടത്. 57 ശതമാനം ആളുകൾ അതിന് പുറത്താണ്. നമ്മുടെ സംസ്ഥാനം ഒരു കൺസ്യൂമർ സ്റ്റേറ്റാണ്. യൂണിവേഴ്സൽ റേഷനിംഗ് സമ്പ്രദായം നിലവിലുള്ള സംസ്ഥാനമായിരുന്നു നമ്മുടേത്. നമ്മുടെ നാട്ടിലെ എല്ലാവർക്കും ഭക്ഷ്യധാന്യം എത്തിക്കാനുള്ള സംവിധാനം കേരളത്തിലുണ്ടായിരുന്നു. ആദ്യത്തെ ചർച്ചയിൽ ശ്രീ. കെ. ഡി. പ്രസേനൻ

എം.എൽ.എ. സൂചിപ്പിച്ചതുപോലെ, കേരളത്തിന്റെ എം.പി.-മാർ കേന്ദ്ര ഗവൺമെന്റിന്റെ മുന്നിൽ നടത്തിയ സമരഫലമായാണ് കേരളത്തിൽ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സംവിധാനം ഉറപ്പാക്കിയത്. കേന്ദ്രഗവൺമെന്റിന്റെ ഖജനാവിലേയ്ക്ക് വിദേശനാണ്യം നേടിക്കൊടുക്കുന്ന നിരവധി നാണ്യവിളകൾ ഉൽപ്പാദിപ്പിക്കുന്ന കേരളം, അതിലൂടെ കൊടുക്കുന്ന തുക രാജ്യത്തിന്റെ ഖജനാവിലേയ്ക്ക് വരുമ്പോൾ അതിനനുസൃതമായി നമുക്കാവശ്യമായ ഭക്ഷ്യധാന്യമായ അരി ആവശ്യാനുസരണം നൽകാമെന്ന വ്യവസ്ഥയുണ്ടായിരുന്നു. ആ വ്യവസ്ഥ പൂർണ്ണമായും തകരുന്ന സ്ഥിതിയല്ലേ; പല എം.എൽ.എ.-മാരും സൂചിപ്പിച്ചില്ലേ? മറ്റ് പല സംസ്ഥാനങ്ങളിലെയും കണക്കിനെക്കുറിച്ച് പറഞ്ഞത് ഞാൻ വീണ്ടും ആവർത്തിക്കുന്നില്ല. നമ്മുടെ അയൽ സംസ്ഥാനങ്ങളാണെങ്കിലും, ഇന്ത്യയുടെ ഏറ്റവും പുറകെ അറ്റത്തേയ്ക്ക് നമ്മളെ തള്ളിവിട്ടതെങ്ങനെ? 43 ശതമാനം ആളുകൾക്ക്. അതായത്, ഒരു കോടി അൻപത്തിനാല് ലക്ഷത്തി എൺപതിനായിരത്തി നാൽപ്പത് പേർക്ക് മാത്രമാണ് കേന്ദ്ര ഗവൺമെന്റ് സബ്സിഡിയായി മൂന്ന് രൂപയ്ക്ക് അരിയും രണ്ട് രൂപയ്ക്ക് ഗോതമ്പും തരുന്നത്. അത് വാങ്ങിയാണ് കേരളത്തിൽ 35 കിലോഗ്രാം ധാന്യം പൂർണ്ണമായും സൗജന്യമായി നമ്മുടെ

നാട്ടിലെ മുൻഗണനാ വിഭാഗത്തിലെ 43 ശതമാനം ആളുകൾക്ക് കൊടുക്കുന്നത്. മറ്റ് 57 ശതമാനം ആളുകൾക്കായി നമുക്ക് മൊത്തം ലഭിക്കുന്നത് 14.25 ലക്ഷം മെട്രിക് ടൺ ആണ്. മുൻഗണനാ വിഭാഗത്തിന് കൊടുത്തുകഴിഞ്ഞാൽ ബാക്കിവരുന്നതാണ് മറ്റ് ജനവിഭാഗങ്ങൾക്ക് കൊടുക്കാൻ കഴിയുന്നത്. അതിന് FCI (Food Corporation of India)-യിൽ നിന്ന് 22 രൂപ നിരക്കിൽ അരി വാങ്ങി, 15 രൂപ നിരക്കിൽ 10 കിലോഗ്രാം വീതം മറ്റ് കാർഡ് ഉടമകൾക്ക് കൊടുക്കുന്നത്. കേരളത്തെ ആ അവസ്ഥയിലേയ്ക്ക് തള്ളിവിട്ട, 2013-നുമുൻപാണെങ്കിൽ സംസ്ഥാനത്തേയ്ക്ക് 16 ലക്ഷം മെട്രിക് ടൺ അരി കിട്ടിയിരുന്നു. ഇപ്പോൾ 14.25 ലക്ഷം മെട്രിക് ടണ്ണായി കുറഞ്ഞൊരു സാഹചര്യത്തിലെങ്കിലും പ്രതിപക്ഷത്തിന് ഭരണപക്ഷത്തോട് യോജിപ്പ് കാണിക്കണ്ടേ? സഭയിൽ ഇത്രയധികം അംഗങ്ങൾ സംസാരിക്കുന്ന സമയത്തും അവർ കേന്ദ്രഗവൺമെന്റിന്റെയും നരേന്ദ്രമോദിയുടെയും സമീപനത്തിനെതിരായി ഒരക്ഷരംപോലും പറഞ്ഞില്ലല്ലോ; കേരളത്തിലെ ജനങ്ങളോട് എന്തെങ്കിലും കൂറ് അവർക്കുണ്ടോ; കേരളത്തിലെ ജനങ്ങൾക്ക് അവരുടെ അന്നം മുടങ്ങാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിച്ച ആദരണീയനായ

മുഖ്യമന്ത്രി പിണറായി വിജയനെ ആക്രമിക്കാൻ വേണ്ടിയല്ലേ അവർ സമയം മുഴുവനുമെടുക്കുന്നത്? അതല്ലേ അവർ ഈ എണ്ണമായി ഇവിടെ വന്നിരിക്കുന്നത്. ഞാൻ രാഷ്ട്രീയ വിഷയങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇത്തരം വിഷയങ്ങളെ സംബന്ധിച്ച് നമ്മൾ ചർച്ച ചെയ്യുമ്പോൾ കേന്ദ്ര ഗവൺമെന്റ് കേരളത്തോട് കാട്ടുന്ന ഈ സമീപനം തിരുത്തണ്ടേ; നമുക്ക് ന്യായവിലയ്ക്ക് ഭക്ഷ്യധാന്യങ്ങൾ നൽകുന്നതിനനുസരിച്ചുള്ള സമീപനം സ്വീകരിക്കണ്ടേ? ഇവിടെ പല അംഗങ്ങളും മുൻഗണനാകാർഡിനെക്കുറിച്ചും അതിന്റെ മാനദണ്ഡങ്ങളെക്കുറിച്ചും സൂചിപ്പിച്ചു. ഞാനതിന്റെ കഥകളൊന്നും പറഞ്ഞുപോകുന്നില്ല. ആ മുൻഗണനാ കാർഡിന്റെ എണ്ണം നിശ്ചയിക്കുന്ന സമയത്ത് അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ആ കാർഡിനകത്തുണ്ടായ പോരായ്മകൾ നമ്മൾ കറക്ട് ചെയ്തുകൊണ്ടിരിക്കുകയാണ്. അഞ്ചുവർഷം കൊണ്ട് കേരളത്തിലെ ഒന്നാം പിണറായി സർക്കാർ അതിലിടപെട്ടത് ആളുകൾക്ക് വളരെയധികം ആശ്വാസമായി.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, മുൻഗണനാ കാർഡുകളെ സംബന്ധിച്ചാണ് ഇവിടെ സംസാരിക്കുന്നത്. അതിന് പരിമിതികളുണ്ടെന്ന്

പറഞ്ഞു. ഇപ്പോൾ കുറച്ച് മുൻഗണനാ കാർഡ് സർക്കാരിന് സറണ്ടർ ചെയ്തിട്ടുണ്ട്. അതുകൊടുക്കാനുള്ള വ്യവസ്ഥ എന്താണ്; ഇപ്പോൾ ഏതെല്ലാം ജില്ലകളിൽ നിന്ന് എത്ര കാർഡുകളാണ് തിരിച്ചുവന്നിട്ടുള്ളത്; അത് അവർക്കുതന്നെ കൊടുക്കാനുള്ള സാധ്യതയുണ്ടോ എന്നറിയണം.

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, വളരെ കുറച്ച് സമയമേ ഉള്ളൂ. കൂടുതൽ അംഗങ്ങൾ പറഞ്ഞുതുടങ്ങിയാൽ വിശദീകരണത്തിന് കൂടുതൽ സമയം വേണ്ടിവരും. ഈ ഗവൺമെന്റ് ചുമതല ഏറ്റെടുത്തതിനുശേഷം അനർഹരുടെ കയ്യിലിരിക്കുന്ന മുൻഗണനാ കാർഡുകൾ തിരിച്ചേൽപ്പിക്കണമെന്ന് ജനങ്ങളോട് അഭ്യർത്ഥിക്കുകയാണ് ചെയ്തത്. അത് വളരെ നല്ല സമീപനമാണ്, കേരളത്തിന്റെ ചരിത്രത്തിൽ ഇത്രയധികം ജനങ്ങൾ ഒരു വിഷയം പറഞ്ഞപ്പോൾ സ്വീകരിച്ചത് ഒരു പുതിയ അനുഭവമായിരുന്നു. 1,30,371 കാർഡുകളിൽ 10,445 എ.എ.വൈ. കാർഡുകളും 68,186 പി. എച്ച്. എച്ച്. കാർഡുകളുമാണ്, ഇതുരണ്ടും മുൻഗണനാകാർഡുകളാണ്. 51,740 എൻ.പി.എസ്. കാർഡുകളും തിരിച്ച്നൽകുകയുണ്ടായി. അതിന് ഒരു നിയമനടപടിയും സ്വീകരിച്ചില്ല, ആളുകൾ സ്വയം അറിഞ്ഞ് തീരുമാനിച്ചതാണ്. എന്താ കാര്യം? ഗവൺമെന്റ്

എടുക്കുന്ന ഈ പ്രവർത്തനങ്ങളോട് യോജിക്കാൻ കഴിയുന്നതാണെന്ന് ആളുകൾ തിരിച്ചറിഞ്ഞതുകൊണ്ടാണ്. ഇപ്പോൾ പന്ത്രണ്ടോളം ആളുകൾക്ക് ആ കാർഡ് മാറ്റിക്കൊടുത്തു. അതെല്ലാം വളരെ നിർദ്ധനരായ, രോഗികളായ, വളരെയധികം പത്രമാധ്യമങ്ങളിൽ വാർത്തകൾ സൃഷ്ടിച്ച വിഷയങ്ങൾ വന്നയാളുകളാണ്. സർക്കാരിനെ തിരിച്ചേൽപ്പിച്ച കാർഡ്, മുൻഗണനാകാർഡിലെ അർഹരെ കണ്ടെത്തി അടിയന്തരമായും ഇത്തരം രോഗികളായ, നിർദ്ധനരായ പരിശോധിച്ച് വച്ചിരിക്കുന്ന ആളുകൾക്ക് ഈ മാസം തന്നെ കാർഡ് കൊടുക്കും. മറ്റ് ആളുകളെ സംബന്ധിച്ച് ഓണം കഴിഞ്ഞാൽ സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ അത് കൃത്യതയോടെ പരിശോധിച്ച് വിതരണം ചെയ്യുന്നതാണ്.

പുതിയ മാവേലിസ്റ്റോറുകളെ സംബന്ധിച്ചിവിടെ പറഞ്ഞു. മാവേലിസ്റ്റോറുകളുടെ കാര്യത്തിൽ ഈ ഗവൺമെന്റ് ചുമതലയേറ്റതിനുശേഷം തന്നെ 11 മാവേലിസ്റ്റോർ സൂപ്പർമാർക്കറ്റുകളായി ഉദ്ഘാടനം ചെയ്തിട്ടുണ്ട്. വരുന്ന ഓണത്തിനുമുമ്പുതന്നെ 31-ഓളം മാവേലിസ്റ്റോറുകൾ സൂപ്പർമാർക്കറ്റുകളാക്കി മാറ്റുകയും പുതിയ മാവേലിസ്റ്റോറായി ഉദ്ഘാടനം ചെയ്യാൻപോകുകയുമാണ്. ഇതെല്ലാം

ആളുകൾ സ്വീകരിക്കുകയാണ്. ഇത് ജനങ്ങൾക്ക് വളരെ ആശ്വാസം പകരുന്ന കാര്യമാണ്.

ഇവിടെ സൂചിപ്പിച്ച മറ്റൊരു കാര്യമായ വിശപ്പുരഹിത കേരളമെന്നുള്ളത് ഈ ഗവൺമെന്റിന്റെ ലക്ഷ്യമാണ്. അതിനനുസരിച്ച് എല്ലാ നിയോജകമണ്ഡലങ്ങളിലും 20 രൂപാ നിരക്കിൽ ഉച്ചഭക്ഷണം ലഭിക്കുന്നതിനുള്ള സൗകര്യം ഒരുക്കുകയാണ്. അത് ഞാൻ എല്ലാ എം.എൽ.എ.-മാരോടും സൂചിപ്പിച്ചിരുന്നു. അതിനനുസരിച്ചുള്ള സൗകര്യപ്രദമായ സ്ഥലംകണ്ടെത്തിയാൽ നേരത്തെ സൂചിപ്പിച്ചതുപോലെ സുഭിക്ഷഹോട്ടലുകൾ ആരംഭിക്കാനും ആളുകളെ കൂടുതൽ സഹായിക്കാനും കഴിയും. അതിനുവേണ്ടി ഓരോ കേന്ദ്രത്തിന് 10 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

റേഷൻ കാർഡുകളിലൂടെയുള്ള കിറ്റുകളെ സംബന്ധിച്ച് ഇവിടെ വലിയ ചർച്ച നടന്നു. കിറ്റുകളെ സംബന്ധിച്ച് പറയുമ്പോൾ ചില പ്രതിപക്ഷാംഗങ്ങൾ ഇതിനകത്ത് അഴിമതിയാണെന്നും എന്തോ വഴിവിട്ടുള്ള കാര്യങ്ങളാണെന്നും സൂചിപ്പിക്കുകയുണ്ടായി. അങ്ങനെയൊരു തെറ്റിദ്ധാരണയും വേണ്ട, ഇവിടെ കിറ്റ് വിതരണം തുടങ്ങിയതിന്റെ പശ്ചാത്തലം നമുക്കറിയാം. കിറ്റുവിതരണം

മുടങ്ങിപ്പോയത് സംബന്ധിച്ചാണ് കോവളം എം.എൽ.എ. ശ്രീ. എം. വിൻസെന്റ് സൂചിപ്പിച്ചത്. കേരളത്തിൽ കിറ്റുവിതരണത്തിന്റെ കാര്യത്തിൽ 10 കോടിയിലധികം, അതായത് 10,16,00,000 ആളുകൾക്കാണ് ഇതുവരെ കിറ്റ് കൊടുത്തിരിക്കുന്നത്, ചെറിയ കാര്യമാണോ? പല തവണയായി കൊടുത്തതാണ്. 10,16,00,000 കിറ്റുകൾ ഈ കേരളത്തിൽ പല ഘട്ടങ്ങളിലായി 12 തവണകളായി വിതരണം ചെയ്തു. 5000 കോടിയിലധികം രൂപയാണ്. കിറ്റുവിതരണമായി അഞ്ചോ പത്തോ പന്ത്രണ്ടോ ഉല്പന്നങ്ങളുടെ വിഷയമാണോ; നമ്മുടെ നാട്ടിലെ ഏറ്റവും പാവപ്പെട്ട ആളുകളെ സഹായിക്കുന്ന നിലപാടല്ലേ ഗവൺമെന്റ് സ്വീകരിച്ചത്. ഈ ദുരിതഘട്ടത്തിൽ, ദുരന്തപൂർണ്ണമായ ഈ സാഹചര്യത്തിൽ കേരളത്തിൽ അങ്ങനെയൊരു നിലപാട് സ്വീകരിച്ചില്ലെങ്കിലുള്ള സ്ഥിതിയെന്താകും; അതിനെക്കുറിച്ച് പ്രതിപക്ഷം ആലോചിക്കുന്നുണ്ടോ? അത്തരം സമീപനം സ്വീകരിച്ചത് സംബന്ധിച്ച് ഈ ഗവൺമെന്റിനെയല്ലാതെ മറ്റേത് ഗവൺമെന്റിനെപ്പറ്റി പറയാൻ കഴിയും. ഭക്ഷ്യസുരക്ഷയും ഭക്ഷ്യഭദ്രതയും എല്ലാവർക്കും ഭക്ഷണം എന്നതാണ് പിണറായി സർക്കാരിന്റെ ലക്ഷ്യമെന്നുള്ള കാര്യം ഇവർ ഇടയ്ക്കിടെ മറന്നുപോകുകയാണ്. ഞങ്ങൾ ആ

ലക്ഷ്യത്തിനുവേണ്ടിയാണ് പ്രവർത്തിക്കുന്നത്. ജനങ്ങൾക്ക് ഭക്ഷ്യക്കിറ്റ് നൽകുന്നതിനെപ്പോലും രാഷ്ട്രീയകിറ്റായി പ്രചരിപ്പിച്ച ആളുകളല്ലേ അപ്പുറത്തിരിക്കുന്നവർ. അങ്ങനെയാണോ; ഈ ഓണത്തിന് കൊടുക്കുന്ന ഭക്ഷ്യകിറ്റിനകത്ത് ഏതൊക്കെ ഉല്പന്നങ്ങളാണ്; ആ ഉല്പന്നങ്ങൾ മഹാഭൂരിപക്ഷവും കേരളത്തിന്റെ തനത് ഉല്പന്നങ്ങളാണ്. കേരളത്തിലെ കൃഷിക്കാരെ സഹായിക്കാൻ വേണ്ടി; കാർഷിക രംഗത്തെ അതിന്റേതായ ഉണർവ്വുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഞാൻ ഇടുക്കിയിൽപ്പോയപ്പോൾ, ഇടുക്കിയിലെ ഏലം കർഷകർക്ക് ഏറ്റവും ആശ്വാസം പകർന്ന ഒരനുഭവമാണ് എനിക്കവിടെ കാണാൻ കഴിഞ്ഞത്. ഏലത്തിന്റെ വില ഒരു കിലോയ്ക്ക് 200 രൂപ മുതൽ 300 രൂപ വരെ വർദ്ധനവുണ്ടായി. നമ്മൾ ആ മാർക്കറ്റിൽ ഇടപെടുന്നുവെന്നും, ഏലം സംഭരിക്കുന്നുവെന്നും, ആ ഏലം ഈ ഓണത്തിന് കൊടുക്കുന്നതും കണ്ടപ്പോൾ ആ സ്ഥലത്തുണ്ടായ മാറ്റമാണത്. കശുവണ്ടിയുടെ സ്ഥിതിയും അതുതന്നെയാണ്. നമ്മുടെ നാട്ടിലെ സഹോദരിമാരായ കുടുംബശ്രീ അംഗങ്ങൾ, വാഴയ്ക്ക/ഏത്തയ്ക്ക എന്നിവ ഉപയോഗിച്ച് വറ്റലുണ്ടാക്കാനും ഉപ്പേരി ഉണ്ടാക്കാനുള്ള പരിശ്രമവുമായി നടക്കുന്നു. അങ്ങനെ കോടാനുകോടിരൂപയ്ക്കുള്ള നമ്മുടെ

ഗവൺമെന്റ് കൊടുക്കുന്ന ആ സഹായം, നമ്മുടെ നാട്ടിലെ നാട്ടിൻ പുറങ്ങളിലെ ഗ്രാമീണ മേഖലയിലെ കുടുംബശ്രീ യൂണിറ്റുകളുടെയും കൃഷിക്കാരുടെയും കൈകളിലെത്തുക എന്നുപറഞ്ഞാൽ ഈ ഓണത്തിന് ഗവൺമെന്റ് കൊടുക്കുന്ന മറ്റ് സഹായത്തിനുപുറമേ കിട്ടുന്ന ഒരാനുകൂല്യമല്ലേ? അതിനെ ആ നിലയിൽ പോലും കാണുന്നില്ല, ഭക്ഷ്യകിറ്റിനെ കളിയാക്കുകയാണവർ. അന്നം കൊടുക്കുന്ന ആ വിഷയത്തെക്കുറിച്ചും ആ വിതരണത്തെക്കുറിച്ചും കളിയാക്കുകയാണവർ. ഈ ഗവൺമെന്റ് നടത്തുന്ന ഈ പ്രവർത്തനങ്ങളെയും ഭക്ഷ്യധാന്യവിതരണത്തെയും റേഷനിംഗ് സംവിധാനത്തെയും അനുകൂലിച്ച് വർത്തമാനം പറഞ്ഞ ഒരു നല്ല വ്യക്തിയല്ലേ ശ്രീ. മണിയൻപിള്ള രാജു. എന്തേ അവരത് കാണാത്തത്? ആ വ്യക്തിയെ ഈ സഭയ്ക്കകത്ത് കൊണ്ടുവന്നു കളിയാക്കുകയാണ്. ഈ കേരളത്തിൽ കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത്, ഓണക്കാലത്ത് ഇതുപോലെ കിറ്റ് വിതരണം നടക്കുമ്പോൾ ആ കിറ്റ് വിതരണസമയത്ത് കടയിൽ വന്നുവാങ്ങി അതുസംബന്ധിച്ച് പ്രതികരിച്ച ഒരു നല്ല മനുഷ്യനാണ് അദ്ദേഹം. അതുമാത്രമാണ് ഞങ്ങൾ കണ്ടത്. ഞങ്ങൾക്ക് വേറൊരു ഉദ്ദേശവുമില്ല.

ഞങ്ങളുടെ ഇന്റെൻഷൻ വളരെ കറക്റ്റാണ്. ഞങ്ങൾ ഏറ്റവും പാവപ്പെട്ട, ഏറ്റവും ദുർബലരായ എ.എ.വൈ. കാർഡുകാർക്ക് അവരുടെ വീടുകളിൽ പോയി കൊടുക്കുന്നതുപോലെ, അവരുടെ കൈകളിൽ കൊടുത്തപ്പോൾ അവരുടെ സന്തോഷം നമ്മൾ പത്രങ്ങളിലെല്ലാം കണ്ടതാണ്. ശ്രീ. പന്തളം സുധാകരൻ വാങ്ങി എന്നോട് നല്ല വാക്ക് പറഞ്ഞിട്ടുണ്ട്. കിറ്റ് വാങ്ങിയ അതുപോലെ എത്രയോ ആളുകളുണ്ട്. കഴിഞ്ഞ തവണ വാങ്ങിയ ഒരു വ്യക്തിയെന്ന നിലയിൽ അദ്ദേഹത്തിന്റെ വീട്ടിൽ പോയാൽ എന്താണ് കുഴപ്പം? അദ്ദേഹത്തിന് കൊടുത്തത് അനർഹമായ എന്തോ കാര്യമാണോ; ഒരു ഗ്രാം കൂടുതൽ അദ്ദേഹത്തിന് കൊടുത്തോ; എന്താണ് അദ്ദേഹത്തിന് കൊടുത്തതിൽ തെറ്റ്; എ.എ.വൈ. കാർഡുകാർക്ക് കൊടുക്കുമ്പോൾ ഈ കോവിഡിന്റെ കാലഘട്ടത്തിൽ ഒരു നിയന്ത്രണം വേണമെന്നാണ് ഞങ്ങൾ പറഞ്ഞത്. റേഷൻകടയിൽ അധികം ആളുകൂടാൻ പാടില്ല. അതിനനുസരിച്ച് നിയന്ത്രണം വയ്ക്കുമ്പോൾ ഒരു വ്യവസ്ഥ വയ്ക്കണം. അരിയും സാധനങ്ങളും വിതരണം ചെയ്യാൻ ചില വ്യവസ്ഥകൾ നമ്മൾ നേരത്തെയും വച്ചിട്ടുണ്ട്. ഇത്തവണ വച്ചതെന്താണ്? ആദ്യത്തെ രണ്ടുമൂന്നു ദിവസം എ.എ.വൈ. കാർഡുകാർക്ക് കൊടുക്കണം. എന്നാൽ ആ ദിവസം മറ്റൊരാൾ വന്നാൽ

കൊടുക്കാൻ പാടില്ലെന്ന് ആർക്കും നിർദ്ദേശം കൊടുത്തിട്ടില്ല. നിങ്ങൾക്ക് ഞാൻ കണക്ക് തരാം. ഏതൊരാളിനും സിവിൽ സപ്ലൈസിന്റെ പോർട്ടലിൽ കയറി നോക്കിയാൽ ഈ കേരളത്തിൽ എ.എ.വൈ. കാർഡുകാർക്ക് ഈ ഓണത്തിന്റെ കിറ്റ് എത്ര കിട്ടി, പി.എച്ച്.എച്ച്. കാർഡുകാർക്ക് എത്ര കൊടുത്തിട്ടുണ്ട്, വെള്ള കാർഡുകാർക്ക് എത്ര കൊടുത്തിട്ടുണ്ടെന്നുള്ള കണക്കറിയാൻ കഴിയും. ഓരോ ജില്ലയും താലൂക്കും കടയും തിരിച്ചുള്ള കണക്ക് നിങ്ങൾക്ക് പരിശോധിക്കാവുന്നതാണ്. അതുകൊണ്ട് കേരളത്തിൽ ആകെ ഒരാളിനുമാത്രം, ശ്രീ. മണിയൻപിള്ള രാജുവിന് കൊടുത്തത് എന്തോ ഒരപരാധം കാണിച്ചതാണെന്ന് ചിത്രീകരിക്കാൻ നിങ്ങൾ ശ്രമിക്കരുത്. നിങ്ങൾ ഇങ്ങനെ ഓരോ വിഷയങ്ങൾ കാണരുത്. നമ്മുടെ നാട്ടിലെ വളരെ സാധാരണക്കാരായ ആളുകളടക്കം എല്ലാവരേയും ഒരുപോലെ കാണുന്ന ഗവൺമെന്റാണിത്. സമ്പന്നരെയും പാവപ്പെട്ടവനെയും ഒരുപോലെ കണ്ടുകൊണ്ട് മുഴുവനാളുകൾക്കും കിറ്റ് കൊടുക്കാൻ വേണ്ടി തീരുമാനിച്ചതാണ്. ആ തീരുമാനിച്ച കാര്യത്തെ ഏതെങ്കിലും തരത്തിൽ വികൃതമാക്കാമെന്നുള്ള ധാരണ വേണ്ട. നിങ്ങൾക്ക് അതിനോട് യോജിക്കാൻ കഴിയില്ല എന്നെനിക്കറിയാം. പക്ഷേ ഒരു കാര്യം

വ്യക്തമാക്കാനാഗ്രഹിക്കുകയാണ്, ആ കിറ്റ് നമ്മുടെ നാട്ടിലെ സാധാരണക്കാരന്റെ ഉള്ളിന്റെയുള്ളിലുള്ള വികാരമാണ്. ആ കിറ്റ് കൊടുക്കുന്നതിലൂടെ അത്തരം ആളുകൾക്ക് ഈ ഗവൺമെന്റിനോട് മാത്രമല്ല, ഈ നാടിനോടും നമ്മുടെ ഭരണത്തോടും അധികം കൂറുണ്ടാകുകയാണ്. അതുകൊണ്ടാണ് നിങ്ങളതിനെ എതിർക്കുന്നതെന്ന് എനിക്ക് നന്നായിട്ടറിയാം. അതുകൊണ്ട് കിറ്റ് വിതരണം ചെയ്യുന്നതിലൂടെ ഈ കേരളത്തിലെ കൃഷിക്കാരനെയും അതുപോലെ മറ്റ് ജനവിഭാഗങ്ങളെയുമെല്ലാം സഹായിക്കുന്ന നിലപാടാണ് കേരളത്തിലെ ഗവൺമെന്റ് സ്വീകരിച്ചത്.

റേഷൻ ഡീലേഴ്സിന് കമ്മീഷൻ കൊടുത്തില്ലെന്നുള്ള കാര്യമിവിടെ പറഞ്ഞു. ഈ ഗവൺമെന്റ് വന്നിട്ട് 70-75 ദിവസങ്ങളേ ആയിട്ടുള്ളൂ. അതിനിടയിൽ എന്തൊക്കെയാണ് ഇടപെട്ടത്. അത് ചെറിയ കാര്യമാണോ; അവർക്ക് നല്ല തൃപ്തിയാണ്, സമ്പൂർണ്ണമായ യോജിപ്പാണ്. റേഷൻ ഡീലേഴ്സിന്റെ ഇൻഷ്വറൻസായ 7 ലക്ഷം രൂപയുടെ സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ ഈ ഗവൺമെന്റാണ് അവർക്ക് ഉറപ്പാക്കിയത്. അവരെല്ലാം സ്വാഗതം ചെയ്ത കാര്യമാണത്. ഈ ഗവൺമെന്റാണ് 1060 രൂപ വച്ച് ഓരോ ഡീലർമാർക്കും അടയ്ക്കുന്നത്. അതുപോലെ റേഷൻ ക്ഷേമനിധി

ബോർഡിലേയ്ക്ക് 5 ലക്ഷം രൂപ വകയിരുത്തുന്ന കാര്യങ്ങളെക്കുറിച്ചും നടപടിയിലാണ്. അവർക്കിന്ന് അവരുടെ ക്ഷേമനിധി ബോർഡിലെ ഒരാൾ മരണപ്പെട്ടാൽ 40,000 രൂപയാണ് ലഭിക്കുന്നത്; ആ സ്ഥാനത്ത് 2 ലക്ഷമായി മാറാൻ കഴിയുന്ന ആ ക്ഷേമനിധി ബോർഡിനെ സപ്പോർട്ട് ചെയ്യാൻ കഴിയുന്ന നിലപാട് സ്വീകരിച്ചതും ഈ ഗവൺമെന്റാണ്. ആത്മഹത്യ എന്നത് എല്ലാ വിഭാഗത്തിലുമുണ്ട്; എല്ലാ മേഖലയിലും ആത്മഹത്യയുണ്ട്. എന്നാൽ ആ മേഖലയിൽ ആത്മഹത്യ ചെയ്ത ആളുകളുടെ കുടുംബങ്ങളും മറ്റുള്ളവരും നാളെ ആത്മഹത്യ ചെയ്യാതിരിക്കാൻവേണ്ടി സഹായിക്കാൻ കഴിയുന്ന നിലപാടാണ് ഈ ഗവൺമെന്റ് സ്വീകരിച്ചത്. ഭക്ഷ്യയോഗ്യമായ കേരളത്തിന്റെ നാണ്യവിളകൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റി അത് സപ്ലൈകോ ഔട്ട് ലെറ്റിലൂടെ കൊടുക്കാനുള്ള പദ്ധതി ഇതിൽ പറയുന്നുണ്ട്. അത് യോജിക്കാൻ കഴിയുന്നൊരു കാര്യമല്ലേ; അത് അപ്പുറത്തെന്നോ, ഇപ്പുറത്തെന്നോ വ്യത്യാസമുണ്ടോ; ഗ്രാമീണ മേഖലയിൽ കാർഷിക രംഗത്തുള്ള കൃഷിക്കാരന്റെ ഉൽപ്പന്നങ്ങൾ സംഭരിക്കാനും അത് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നമ്മുടെ ഔട്ട് ലെറ്റിലൂടെ വിറ്റ് ന്യായവില കിട്ടാൻ സാധ്യതയുള്ള വിഷയത്തെ ഇവർക്ക്

എങ്ങനെ എതിർക്കാൻ കഴിയും. അഗതിമന്ദിരങ്ങൾ, കന്യാസ്ത്രീ മഠങ്ങൾ തുടങ്ങിയവയിൽ താമസിക്കുന്ന അന്തേവാസികൾക്ക് ഗവൺമെന്റ് സൗജന്യ കിറ്റ് കൊടുക്കുന്നുണ്ട്. ആ സൗജന്യ കിറ്റ് ഈ ഓണക്കാലത്തും കൃത്യമായി കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ ഓഫീസിൽനിന്നും കിട്ടുന്ന ലിസ്റ്റ് അനുസരിച്ച് ആളുകൾക്ക്/കേന്ദ്രങ്ങൾക്ക് കൃത്യമായി കിറ്റ് കൊടുക്കുന്നവർക്ക് ഇത്തവണയും ഓണകിറ്റ് കൊടുക്കും. അരുവിക്കര എം.എൽ.എ. ഇവിടെ ചർച്ചയിൽ പറഞ്ഞ ഗൗരവമുള്ള കാര്യമാണ് ട്രാൻസ്ജെന്റേഴ്സിന്റെ റേഷൻ കാർഡിന്റെ വിഷയം. സ്വന്തമായി ട്രാൻസ്ജെന്റേഴ്സ് പോളിസിയുള്ള സംസ്ഥാനം കേരളമാണ്. ആ വിഭാഗത്തെ കാണാനും അവർക്ക് ആവശ്യമായ അനുകൂല നിലപാട് പലപ്പോഴും സ്വീകരിച്ചത് ഈ ഗവൺമെന്റാണ്. അതുകൊണ്ട് റേഷൻ കാർഡ് ഇല്ലാത്തവർക്ക് റേഷൻകാർഡ് കൊടുക്കാനും, ഓണത്തിന് കിറ്റ് കൊടുക്കാനും ഞങ്ങൾ ആലോചിച്ചിട്ടുണ്ട്. സൗജന്യ കിറ്റ് കൊടുക്കാൻ പോകുകയാണ്. അംഗങ്ങൾ ഇവിടെ സൂചിപ്പിച്ചൊരു വിഷയം സഞ്ചരിക്കുന്ന റേഷൻ ഷോപ്പുകളെക്കുറിച്ചാണ്. ആദിവാസി കേന്ദ്രങ്ങളിലും മലയോരമേഖലകളിലും സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ/സഞ്ചരിക്കുന്ന

റേഷൻ കാർഡുകൾ വ്യാപിപ്പിക്കാൻ ഗവൺമെന്റ് തീരുമാനിച്ചു. ഇതിന്റെ തുടക്കം കഴിഞ്ഞ ദിവസം പത്തനംതിട്ട ജില്ലയിലെ അടിച്ചിപ്പുഴ കേന്ദ്രത്തിൽ ഉദ്ഘാടനം ചെയ്തു. ആ പ്രദേശത്ത് ആദിവാസി ഊരുകളിൽ സഞ്ചരിക്കുന്ന റേഷൻ കാർഡ്, റേഷൻ കട തുടങ്ങുന്ന അവസ്ഥയുണ്ടായി. വളരെ പരിമിതമാണെങ്കിലും ഇന്നത്തെ സാഹചര്യത്തിൽ കേരളത്തിൽ ഓണവുമായി ബന്ധപ്പെടുത്തി ഓണ ഫെയർ ആരംഭിക്കാൻ ആലോചിച്ചിട്ടുണ്ട്.

നെല്ല് സംഭരണത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. നെല്ല് സംഭരണത്തെക്കുറിച്ച് ചില ആശങ്കകൾ പ്രകടിപ്പിച്ചു. കേരളത്തിൽ ഒരു കിലോ നെല്ലിന് 27.48 രൂപ കർഷകന് കിട്ടുകയാണ്. ഇതിൽ 18 രൂപ 68 പൈസയാണ് കേന്ദ്രവിഹിതം. 8.80 പൈസ സംസ്ഥാന സർക്കാരും കൊടുക്കുകയാണ്. 2018-19 കാലയളവിൽ 2,10,286 കർഷകരിൽ നിന്നായി 6.93 ലക്ഷം മെട്രിക് ടണ്ണാണ് നെല്ല് സംഭരിച്ചത്. 2019-20 ആയപ്പോൾ 2,58,295 കർഷകരിൽ നിന്നായി 7.9 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചു. ഇത്തവണ 7.64 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിരിക്കുകയാണ്. മാത്രമല്ല, അവർക്ക് കൊടുക്കാനുള്ള 2101.91 കോടിരൂപയിൽ 2046.70 കോടി രൂപയും

കൊടുക്കുകയുണ്ടായി. ഇത് കേരളത്തിന്റെ ചരിത്രത്തിൽ പുതിയ സംഭവമാണ്. കുറച്ച് ആളുകൾക്ക് ഇനി കൊടുക്കാനുണ്ട്. ആ യാഥാർത്ഥ്യം ഞങ്ങൾക്കെല്ലാം അറിയാം. ബന്ധപ്പെട്ട ബാങ്കുമായി സെറ്റിൽ ചെയ്യേണ്ട വിഷയങ്ങളാണ്. ഇത്തവണ സംഭരിച്ച നെല്ലിന്റെ വിലയടക്കം കൊടുക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഇവിടെ ഒന്ന്,രണ്ട് ആക്ഷേപങ്ങൾ സൂചിപ്പിക്കുകയുണ്ടായി, അതിലൊന്ന് സപ്ലൈകോ-യിലെ സി.എം.ഡി.-യെ സംബന്ധിച്ച് ഒരു അംഗം സൂചിപ്പിച്ചതാണ്. സപ്ലൈകോ-യുടെ സി.എം.ഡി ആയിരിക്കുന്ന അസ്കർ അലി പാഷയ്ക്ക് എതിരായി കഴിഞ്ഞ ഗവൺമെന്റിലെ ഭക്ഷ്യവകുപ്പുമന്ത്രി രേഖാമൂലം പരാതി കൊടുത്തതുകാരണം അദ്ദേഹത്തിനെതിരെ അന്വേഷണ വിഷയങ്ങൾ നിൽക്കുന്നുവെന്നതിനെ കുറിച്ച് ആക്ഷേപം ഉന്നയിക്കുകയുണ്ടായി. അത് വെറും അടിസ്ഥാന രഹിതമാണ്. എന്തും വിളിച്ച് പറയുകയാണ്. ഞാൻ ഉടൻതന്നെ മുൻ ഭക്ഷ്യവകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമനുമായി സംസാരിച്ചു. അങ്ങനെയൊരു പരാതി കൊടുത്തിട്ടില്ല, അങ്ങനെയൊരു സംഭവമില്ല. അതുകൊണ്ട് ഇവിടെ ഇങ്ങനെയൊരു ആക്ഷേപത്തിന്റെ കാര്യമില്ല. മുന്നിൽ നിന്ന് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെ തളർത്തുന്ന തരത്തിലുള്ള മോശപ്പെട്ടൊരു സമീപനം സ്വീകരിക്കാമോ; അത്

പാടില്ലാത്തതല്ലേ? എന്തെങ്കിലും അടിസ്ഥാനപരമായിട്ടുള്ള ആരോപണം ഉന്നയിക്കണ്ടേ; ഇതാണോ വിളിച്ച് പറയേണ്ടത്. കഴിഞ്ഞ ദിവസങ്ങളിൽ വിതരണം ചെയ്ത കിറ്റുകൾ കിട്ടുന്നില്ലെന്ന് മറ്റൊരു ആരോപണം ഉന്നയിക്കുകയുണ്ടായി. ഞാൻ ഇന്ന് പതിനാല് ജില്ലകളിലേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ഉച്ചയ്ക്ക് സംസാരിച്ചു. ഒരു സ്ഥലത്തും ഒരു റേഷൻകടയിലും കിറ്റിന്റെ വിതരണം മുടങ്ങിയിട്ടില്ല. എല്ലാ സ്ഥലത്തും കിറ്റ് ആവശ്യത്തിന് എത്തിക്കുന്നുണ്ട്. കിറ്റ് വിതരണവുമായി മുന്നോട്ട് പോകുകയാണ്. ഏതെങ്കിലും ഒരു സ്ഥലത്ത് ഇത്തരമൊരു സംഭവമില്ലാത്ത വിഷയം, ഇതുപോലൊരു സഭയിൽ അതുസംബന്ധിച്ച് ആക്ഷേപം ഉന്നയിച്ച് ആളുകളിൽ പരിഭ്രാന്തി ഉണ്ടാക്കുന്നത് ശരിയാണോ; കിറ്റ് വിതരണത്തിന്റെ കാര്യത്തിൽ ഇതുവരെ വീഴ്ച ഉണ്ടായിട്ടില്ല. എല്ലാ സ്ഥലത്തും കിറ്റ് വിതരണ പ്രവർത്തനങ്ങളിൽ വളരെ ഊർജ്ജിതമായി മുന്നോട്ട് പോകുകയാണ്.

ഇവിടെ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് ശ്രീ. കെ. ഡി. പ്രസേനൻ ചർച്ചയിൽ ഒരു വിഷയം സൂചിപ്പിച്ചു. അദ്ദേഹം പറഞ്ഞത് "വിള ആരംഭിക്കുന്ന സമയത്തുതന്നെ നെല്ല് സംഭരണം നടത്തണമെന്നാണ്", അത് വളരെ ശരിയായ കാര്യമാണ്. വിള ആരംഭിക്കുന്ന സമയത്തുതന്നെ നെല്ലിന്റെ

സംഭരണത്തെക്കുറിച്ചുള്ള ചർച്ച നടത്തണം. അത് ആലോചിക്കുന്നുണ്ട്. നെല്ല് സംഭരണം തുടങ്ങുന്നതിന് കേന്ദ്രഗവൺമെന്റിന്റെ നോട്ടിഫിക്കേഷൻ ആവശ്യമാണ്. കേന്ദ്രസർക്കാർ ഒരോ സീസണിലും നെല്ല് സംഭരിക്കുന്നതിന് നോട്ടിഫിക്കേഷൻ നൽകിയാൽ മാത്രമേ നടപടികൾ പൂർത്തിയാക്കാൻ കഴിയുകയുള്ളൂ. ഇത്തവണ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട കേന്ദ്രങ്ങളിലെ കർഷകരുമായി ആലോചിച്ച് അതിനനുസരിച്ച് ഒരു ക്രമീകരണം ഉണ്ടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. EPoS മെഷീനെകുറിച്ച് ചില വിമർശനങ്ങൾ ഉയർന്നു. ചില വിഷയങ്ങൾ ന്യായമാണ്. കഴിഞ്ഞമാസം രണ്ടുതവണ ഇത്തരമൊരു സംഭവമുണ്ടായി. ഇതെല്ലാം ഇലക്ട്രോണിക് മെഷീനുകളുമായും, വിവര സാങ്കേതിക വിദ്യകളുമായും ബന്ധപ്പെട്ട വിഷയങ്ങളാണ്. മെഷീനാകുമ്പോൾ ചില കേടുപാടുകൾ സംഭവിക്കും, അത് നമുക്കെല്ലാമറിയാം. അല്ലാതെ മന:പൂർവ്വമായ സംഭവങ്ങളല്ല. ഇതുസംബന്ധിച്ച് ഞങ്ങൾ ആലോചിച്ചു. ഇത് പരിഹരിക്കാൻവേണ്ടി എൻ.ഐ.സി.-യുടെ AUA സെർവർ കൂടി ഉപയോഗിക്കുന്നതിന് അനുവാദം ചോദിച്ചിട്ടുണ്ട്. കേന്ദ്രഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ളൊരു സംവിധാനമായതുകൊണ്ട് നമുക്ക് മാത്രമായി

തീരുമാനിക്കാൻ കഴിയാത്തൊരു സ്ഥിതി വന്നു. കിറ്റിന്റെ കമ്മീഷനെക്കുറിച്ച് പറഞ്ഞത് പരിശോധിച്ചുവരുന്നൊരു വിഷയമാണ്. രണ്ടുമാസം കൊടുത്തിട്ടുണ്ട് അതൊരു യാഥാർത്ഥ്യമാണ്. ഏഷ്യൻ ഡീലേഴ്സുമായും മറ്റ് പല സംഘടനകളുമായും ആശയവിനിമയം നടത്തിയിട്ടുണ്ട്. നമ്മുടെ സാമ്പത്തിക വിഷയങ്ങളെല്ലാം അറിയാമല്ലോ; അതെല്ലാം കണക്കിലെടുത്തുകൊണ്ട് അതിനനുസരിച്ച് പരിഹാരമുണ്ടാക്കാനുള്ള ശ്രമം നടത്തുകയാണ്. റേഷൻ കാർഡിന്റെ വിഷയം അംഗങ്ങൾ ഇവിടെ സൂചിപ്പിച്ചു. എല്ലാപേർക്കും റേഷൻ കാർഡ് കൊടുക്കണമെന്നാണ് ഗവൺമെന്റ് പറയുന്നത്. വാടകയ്ക്ക് താമസിക്കുന്നവർക്ക് ഉടമസ്ഥൻ സർട്ടിഫിക്കറ്റ് കൊടുക്കാത്തതിന്റെ പേരിൽ റേഷൻ കാർഡ് ഇഷ്യൂ ചെയ്യാത്ത ചില വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടു. ഇനി മുതൽ വാടകയ്ക്ക് താമസിക്കുന്നവർക്ക് വീടിന്റെ ഉടമസ്ഥൻ അത്തരമൊരു സർട്ടിഫിക്കറ്റ് കൊടുത്തില്ലെങ്കിലും സ്വന്തം അഫിഡവിറ്റ് വാങ്ങിക്കൊണ്ട്, തെരുവിൽ കഴിയുന്ന മനുഷ്യരാണെങ്കിൽപോലും ഏതൊരു കേരളീയനും കാർഡ് കൊടുക്കുന്ന തരത്തിലുള്ള സമീപനവും സ്വീകരിച്ചു. മറ്റ് ചില നിർദ്ദേശങ്ങൾ വന്നതെല്ലാം ഉൾക്കൊള്ളുകയാണ്. ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ചില വിഷയങ്ങളെല്ലാം ശ്രദ്ധയിൽപ്പെടുത്തി. അത്തരം

വിഷയങ്ങളെല്ലാം അതിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ടുതന്നെ അത് ഉൾക്കൊള്ളുകയാണ്. ഒരു കാര്യം കൂടി ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഈ ഭക്ഷ്യക്കിറ്റ് നിർത്തുന്നുവെന്നൊക്കെ പറഞ്ഞുള്ള ഒരു വാർത്ത മാധ്യമം കൊടുത്തു. എനിക്ക് അതിനെക്കുറിച്ച് അറിയില്ല. ഭക്ഷ്യക്കിറ്റ് നിർത്തുന്നതും തുടരുന്നതിനെ സംബന്ധിച്ചും ഞങ്ങളാരും ഒരു പ്രസ്താവനയും നടത്തിയിട്ടില്ല. കഴിഞ്ഞ പന്ത്രണ്ട് തവണ അത് കൃത്യമായി കൊടുത്തു. ഓരോ മാസവും കൊടുത്തതിന്റെ കണക്കൊന്നും ഞാൻ വിശദീകരിക്കാൻ പോകുന്നില്ല. ഓരോ മാസവും കൊടുത്തിട്ടുള്ളതെല്ലാം തന്നെ നമുക്ക് അറിയുന്ന കാര്യമാണ്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഗുരുതരമായ സാഹചര്യം കണക്കിലെടുത്താണ് ഭക്ഷ്യക്കിറ്റിന്റെ വിതരണം തന്നെ ആരംഭിച്ചത്. അത് ആളുകൾക്കൊക്കെ വലിയൊരു ആശ്വാസം പകർന്നൊരു കാര്യമാണ്. ചില വാർത്തകൾ കണ്ടുകൊണ്ട് അതിനനുസരിച്ച് നമ്മുടെ സഭയിൽ വന്ന് അത്തരമൊരു ചർച്ച നടത്തുന്നത് ശരിയാണോ? ഞാൻ അതേക്കുറിച്ച് അങ്ങനെ മാത്രമേ പറയുന്നുള്ളൂ. അതുപോലെ കാസർഗോഡ് ജില്ലയിലെ എ.എ.വൈ. കാർഡുകാർക്ക് റേഷൻ കിട്ടുന്നില്ലെന്ന വിമർശനം അവിടെ നിന്നും ഉയരുകയുണ്ടായി. അതെന്താണെന്ന് പരിശോധിക്കാം. എന്റെ

അന്വേഷണത്തിൽ ഇന്ന് ഉച്ചവരെ കൃത്യമായി കിറ്റ് വിതരണം നടന്നിട്ടുണ്ട്; റേഷൻ വിതരണം നടന്നിട്ടുണ്ട്. ഒരുതരത്തിലുള്ള തടസ്സങ്ങളും ഉണ്ടായിട്ടില്ല. ഒരു കാര്യം ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കഴിഞ്ഞ അഞ്ചുവർഷക്കാലം എടുത്താൽ ഒന്നാം പിണറായി സർക്കാരിന്റെ നാളുകളിലും ഇപ്പോഴാണെങ്കിലും നമ്മൾ പലരൂപത്തിൽ പ്രയാസകരമായ സാഹചര്യത്തെ നേരിടുകയാണ്. ഇപ്പോൾ കോവിഡ്, നേരത്തെ പ്രളയം അങ്ങനെ ഓരോരോ സംഭവങ്ങൾ . അങ്ങനെ ദുരിതമനുഭവിക്കുന്ന ഒരു സാഹചര്യം വരുമ്പോഴെല്ലാം ആ ദുരിതമകറ്റാനുള്ള ഇടപെടൽ അല്ലേ ഒരു ഗവൺമെന്റ് ചെയ്യേണ്ടത്; അതിനനുസരിച്ച് ഉയർന്ന പ്രവർത്തനമല്ലേ എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ചിട്ടുള്ളത്. സ്വാമി വിവേകാനന്ദന്റെ വാക്കുകൾ എടുത്തുനോക്കിയാൽ; 'ഏതൊരാളിന്റെ ഹൃദയമാണ് പാവപ്പെട്ടവനുവേണ്ടി തുടിക്കുന്നത് അയാളാണ് മഹാത്മാവ് എന്നാണ് അദ്ദേഹം പറഞ്ഞത്.' അല്ലാത്തവരെ ദുരാത്മാവ് എന്നാണ് അദ്ദേഹം സൂചിപ്പിച്ചത്. അങ്ങനെയാണെങ്കിൽ കേരളത്തിലെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെ എന്തുവാക്കാണ് പറയേണ്ടത്. പ്രതിപക്ഷാംഗങ്ങൾ പറയുന്നതുപോലെ അതാണോ കേരളത്തിന്റെയും രാജ്യത്തിന്റെയും ലോകത്തിന്റെയും മുമ്പിൽ സഖാവ് പിണറായി വിജയൻ.

കേരളത്തിന്റെ മുഖ്യമന്ത്രിയെ സംബന്ധിച്ച് സ്വാമി വിവേകാനന്ദൻ പറഞ്ഞ ആ വാക്കുകൾ അതേരൂപത്തിൽ അന്വർത്ഥമാക്കുന്ന തരത്തിലുള്ള പ്രവർത്തനം നടത്തുന്ന ഒരാളാണ്. കേരളത്തിലെ ഇത്രയധികം ആളുകളെ ഈ കോവിഡിന്റെ അന്തരീക്ഷത്തിലും ഒരുപാട് സാമ്പത്തിക പ്രയാസങ്ങൾക്കിടയിലും ഈ ഗവൺമെന്റും, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും, ഈ മന്ത്രിസഭയുമെല്ലാം ആ രീതിയിൽ കാണുന്നതിന്, ആ ഗൗരവത്തിൽ, ആ അർത്ഥത്തിൽ ഭക്ഷ്യവകുപ്പുമായി ബന്ധപ്പെട്ട കാര്യത്തിലെങ്കിലും ഒരു സമീപനം എടുക്കണ്ടേ? ചില വിഷയങ്ങളിൽ രാഷ്ട്രീയമായി നമ്മൾ അങ്ങോട്ടുമിങ്ങോട്ടും എതിർക്കുമായിരിക്കാം. പക്ഷെ, ജനങ്ങളുടെ ഭക്ഷ്യധാന്യ വിതരണ കാര്യത്തിൽ, ഭക്ഷണമെത്തിക്കുന്ന കാര്യത്തിൽ, അതിലെല്ലാം തന്നെ നമുക്ക് ആ നിലയിൽ കാണേണ്ടേ?

ഏലയ്ക്ക പായ്ക്കറ്റിനെ സംബന്ധിച്ച് എന്തൊക്കെ പ്രചരണമാണ്. ആദ്യം ഇല്ലാത്ത പ്രചരണം നടത്തും. ഇല്ലാത്തൊരു വിഷയത്തെക്കുറിച്ച് പ്രചരിപ്പിക്കുക. എന്നിട്ട് അതുമായി ബന്ധപ്പെട്ട് വേറൊരു ചിത്രം ഉണ്ടാക്കിയെടുക്കുക. ഏലക്കയ്ക്ക് ഞങ്ങൾ സംഭരിക്കുന്നതിൽ കൊടുക്കുന്ന വില 29.15 രൂപയാണ്. സപ്ലൈകോയുമായി ബന്ധപ്പെട്ട് സംഭരിക്കുകയും

അതനുസരിച്ച് ആ വില നിശ്ചയിച്ച് വിതരണം ചെയ്യുന്നതിന് ചിത്രീകരിക്കുന്നതെന്താണ്; 95 രൂപയ്ക്ക് 20 ഗ്രാം ഏലക്ക സംഭരിക്കുന്നുവെന്ന് പറഞ്ഞ് വികൃതമായി ചിത്രീകരിച്ച് ആളുകളുടെ മുന്നിൽ നല്ല പ്രവർത്തനത്തെ വല്ലാതെ ഇല്ലാതാക്കുന്ന സമീപനം നിർത്തണമെന്ന് മാത്രമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞാൻ ദീർഘമായി പറഞ്ഞുപോകുന്നില്ല. ഈ ധനാഭ്യർത്ഥന പാസ്സാക്കി തരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുകയാണ്.

## ധനാഭ്യർത്ഥന നമ്പർ XXX

### ഭക്ഷ്യം

മി. സ്പീക്കർ: ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. ആന്റണി രാജു
7. ശ്രീ. എം. എസ്. അരുൺകുമാർ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു (നെന്മാറ)
10. ശ്രീ. പി. ബാലചന്ദ്രൻ
11. ശ്രീ. കെ. എൻ. ബാലഗോപാൽ
12. ഡോ. ആർ. ബിന്ദു
13. ശ്രീ. ഇ. ചന്ദ്രശേഖരൻ
14. ശ്രീ. പി. പി. ചിത്തരഞ്ജൻ
15. ശ്രീമതി ദെലീമ
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ശ്രീ. കെ. ടി. ജലീൽ

20. ശ്രീമതി കാനത്തിൽ ജമീല
21. ശ്രീ. ജി. എസ്. ജയലാൽ
22. ഡോ. എൻ. ജയരാജ്
23. ശ്രീ. കെ. യു. ജനീഷ് കുമാർ
24. ശ്രീ. ജോബ് മൈക്കിൾ
25. ശ്രീ. വി. ജോയി
26. ശ്രീ. ഒ. ആർ. കേളു
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
29. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
30. ശ്രീ. കോവൂർ കുഞ്ഞുമോൻ
31. ശ്രീ. ലിന്റോ ജോസഫ്
32. ശ്രീ. ടി. ഐ. മധുസൂദനൻ
33. ശ്രീ. പി. മമ്മിക്കുട്ടി
34. ശ്രീ. എം. എം. മണി
35. ശ്രീ. മാത്യു ടി. തോമസ്
36. ശ്രീ. കെ. ജെ. മാക്സി
37. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
38. ശ്രീ. കെ. പി. മോഹനൻ
39. ശ്രീ. എ. സി. മൊയ്തീൻ
40. ശ്രീ. മുഹമ്മദ് മുഹസിൻ
41. ശ്രീ. എം. മുകേഷ്
42. ശ്രീ. സി. സി. മുകുന്ദൻ
43. ശ്രീ. ഡി. കെ. മുരളി
44. ശ്രീ. മുരളി പെരുനെല്ലി

45. ശ്രീ. പി. നന്ദകുമാർ
46. ശ്രീ. എം. നൗഷാദ്
47. ശ്രീ. എ. പ്രഭാകരൻ
48. ശ്രീ. പ്രമോദ് നാരായൺ
49. ശ്രീ. വി. കെ. പ്രശാന്ത്
50. ശ്രീ. പി. പ്രസാദ്
51. ശ്രീ. കെ. ഡി. പ്രസേനൻ
52. ശ്രീമതി യു. പ്രതിഭ
53. ശ്രീ. കെ. പ്രേംകുമാർ
54. ശ്രീ. കെ. രാധാകൃഷ്ണൻ
55. ശ്രീ. പി. ടി. എ. റഹീം
56. ശ്രീ. എ. രാജ
57. ശ്രീ. എം. രാജഗോപാലൻ
58. ശ്രീ. കെ. രാജൻ
59. ശ്രീ. പി. രാജീവ്
60. ശ്രീ. കെ. കെ. രാമചന്ദ്രൻ
61. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
62. ശ്രീ. ടി. പി. രാമകൃഷ്ണൻ
63. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
64. ശ്രീ. റോഷി അഗസ്റ്റിൻ
65. ശ്രീ. കെ. എം. സച്ചിൻദേവ്
66. ശ്രീ. സജി ചെറിയാൻ
67. ശ്രീ. എച്ച്. സലാം
68. ശ്രീമതി ശാന്തകുമാരി കെ.
69. ശ്രീ. വി. ശശി

70. ശ്രീ. എ. കെ. ശശീന്ദ്രൻ
71. ശ്രീ. ഐ. ബി. സതീഷ്
72. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
73. ശ്രീ. എ. എൻ. ഷംസീർ
74. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
75. ശ്രീ. വി. ശിവൻകുട്ടി
76. ശ്രീ. വാഴൂർ സോമൻ
77. ശ്രീ. പി. വി. ശ്രീനിജൻ
78. ശ്രീ. ജി. സ്റ്റീഫൻ
79. ഡോ. സുജിത് വിജയൻപിള്ള
80. ശ്രീ. കെ. വി. സുമേഷ്
81. ശ്രീ. പി. പി. സുമോദ്
82. ശ്രീ. വി. ആർ. സുനിൽ കുമാർ
83. ശ്രീ. പി. എസ്. സുപാൽ
84. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
85. ശ്രീ. തോമസ് കെ. തോമസ്
86. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ
87. ശ്രീമതി വീണാ ജോർജ്ജ്
88. ശ്രീ. ഇ. കെ. വിജയൻ
89. ശ്രീ. എം. വിജിൻ
90. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. അനൂപ് ജേക്കബ്
5. ശ്രീ. എ. കെ. എം. അഷ്റഫ്
6. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ )
7. ശ്രീ. ഐ.സി. ബാലകൃഷ്ണൻ
8. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
9. ശ്രീ. ടി. വി. ഇബ്രാഹിം
10. ശ്രീ. പി. ജെ. ജോസഫ്
11. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
12. ശ്രീ. യു. എ. ലത്തീഫ്
13. ശ്രീ. കെ. പി. എ. മജീദ്
14. ഡോ. മാത്യു കുഴൽനാടൻ
15. ശ്രീ. കുറുക്കോളി മൊയ്തീൻ
16. ശ്രീ. മോൻസ് ജോസഫ്
17. ഡോ. എം. കെ. മുനീർ
18. ശ്രീ. നജീബ് കാന്തപുരം
19. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
20. ശ്രീ. ഉമ്മൻ ചാണ്ടി
21. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
22. ശ്രീ. രമേശ് ചെന്നിത്തല
23. ശ്രീമതി കെ. കെ. രമ

24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. സജീവ് ജോസഫ്
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. സനീഷ്കുമാർ ജോസഫ്
28. ശ്രീ. വി. ഡി. സതീശൻ
29. ശ്രീ. ടി. സിദ്ദിഖ്
30. ശ്രീ. സണ്ണി ജോസഫ്
31. ശ്രീ. പി. ടി. തോമസ്
32. ശ്രീ. എം. വിൻസെന്റ്
33. ശ്രീ. ടി. ജെ. വിനോദ്
34. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 90

പ്രതികൂലിക്കുന്നവർ - 34

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ക്രമപ്രശ്നം**

ധനാഭ്യർത്ഥനകളുടെ പരിഗണന പൂർത്തിയാകുന്നതിനുമുമ്പ് ധനകാര്യ ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നത് സംബന്ധിച്ച്

ശ്രീ. പി. ടി. തോമസ്: സർ, 2021-ലെ കേരള ധനകാര്യ ബിൽ, 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ ബിൽ) എന്നിവ സബ്ജക്ട് കമ്മിറ്റിക്ക്

അയയ്ക്കണമെന്ന പ്രമേയം സഭ പരിഗണിക്കുകയാണ്. ഈ ദിവസം തന്നെ സബ്ജക്ട് കമ്മിറ്റി II, VIII, IX, XIV എന്നിവ സംയുക്തയോഗം ചേർന്ന് ബിൽ പരിഗണിക്കുകയാണ്. എന്നാൽ ധനാഭ്യർത്ഥനകളുടെ ചർച്ച സഭ പൂർത്തീകരിച്ചിട്ടില്ല. ഇനി 13 ധനാഭ്യർത്ഥനകൾ സഭ ചർച്ച ചെയ്യാനുണ്ട്. 19 ധനാഭ്യർത്ഥനകൾ സഭ വോട്ട് ചെയ്ത് പാസ്സാക്കാനുണ്ട്. ആകെ 46 ധനാഭ്യർത്ഥനകളാണ് ബജറ്റിലുള്ളത്. ധനാഭ്യർത്ഥന ചർച്ച പൂർത്തീകരിച്ചശേഷമാണ് നിയമസഭയിലും പാർലമെന്റിലും ധനകാര്യ ബിൽ അവതരിപ്പിക്കുന്നത്. “ The Finance Bill should be preceded by Demands for Grants and the connected Appropriation Bill. In Other words, the sequence in regard to Budget, as provided in Articles 112 to 115 of the Constitution has to be followed.” എന്നാണ് ശക്ധർ ആൻഡ് കൗൾ പറയുന്നത്. നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾ പറയുന്നത് ബജറ്റ് സഭ പാസ്സാക്കിയതിനുശേഷം കാര്യോപദേശക സമിതി തീരുമാനിക്കുന്ന ദിവസം ധനകാര്യബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്നുള്ള പ്രമേയം സഭയിൽ അവതരിപ്പിക്കുന്നുവെന്നാണ്. എന്നാൽ 2005-ൽ

മൂല്യവർദ്ധിത നികുതി നിയമം നിലവിൽ വരുന്ന പ്രത്യേക സാഹചര്യത്തിലാണ് ധനാഭ്യർത്ഥന പാസ്സാക്കുന്നതിന് മുമ്പ് ധനകാര്യ ബിൽ നേരത്തെ പാസ്സാക്കിയിട്ടുള്ളത്. അതോടൊപ്പംതന്നെ 2018-ൽ ധനാഭ്യർത്ഥന പാസ്സാക്കുന്നതിന് മുമ്പ് ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചുവെങ്കിലും സബ്ജക്ട് കമ്മിറ്റി ചേർന്നത് ധനാഭ്യർത്ഥന പാസ്സായതിനുശേഷമാണ്. ധനാഭ്യർത്ഥനകൾ സഭ വോട്ട് ചെയ്ത് പാസ്സാക്കുന്നതിനുമുമ്പ് ബജറ്റിലെ നികുതി നിർദ്ദേശങ്ങൾ ഉൾപ്പെട്ട ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നതും സബ്ജക്ട് കമ്മിറ്റി പരിശോധിക്കുന്നതും ക്രമപ്രകാരമല്ല. ആയതിനാൽ, ധനകാര്യ ബിൽ പരിശോധിക്കുന്നതിനായുള്ള സബ്ജക്ട് കമ്മിറ്റിയുടെ യോഗം ധനാഭ്യർത്ഥന ചർച്ച പൂർത്തീകരിച്ചശേഷം ചേരുന്നതിനും ധനാഭ്യർത്ഥന പാസ്സാക്കുന്നതിന് മുമ്പ് ധനകാര്യബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്ന നടപടി കീഴ്‌വഴക്കമായി തുടരാതിരിക്കുവാൻ വ്യക്തമായ റൂളിംഗ് നല്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ധനാഭ്യർത്ഥന പൂർത്തീകരിക്കുന്നതിന് മുമ്പേ ധനകാര്യ ബിൽ അവതരിപ്പിച്ച്

പാസ്സാക്കുന്നതിൽ ഭരണഘടനാപരമായോ, ചട്ടപ്രകാരമുള്ളതോ ആയ ഏതെങ്കിലും വ്യവസ്ഥയുടെ ലംഘനമില്ല. ധനകാര്യബിൽ സഭ പാസ്സാക്കുന്നത് 12.08.2021-ൽ മാത്രമാണ്. ആയതിനാൽ, ധനകാര്യബിൽ വിഷയനിർണ്ണയ സമിതി മുമ്പാകെ പരിഗണനയ്ക്ക് അയയ്ക്കുന്ന നടപടിക്ക് നിയമ തടസ്സമില്ല. മാത്രവുമല്ല, കോവിഡുമായി ബന്ധപ്പെട്ട നിലവിലുള്ള സാഹചര്യത്തിൽ എത്രയും പെട്ടെന്ന് നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. പി.എ.സി.യിൽ തന്നെ ചർച്ച ചെയ്ത് കാര്യോപദേശക സമിതിയുടെ റിപ്പോർട്ട് വച്ച് ഈ സഭ തന്നെ അംഗീകരിച്ച കാര്യക്രമം അനുസരിച്ച് തന്നെയാണ് മുന്നോട്ടുപോകുന്നത്.

**റൂളിംഗ്**

ധനാഭ്യർത്ഥനകളുടെ പരിഗണന പൂർത്തിയാകുന്നതിനുമുമ്പ് ധനകാര്യ ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... 2021-22 വർഷത്തെ ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും പൂർത്തീകരിക്കുന്നതിന് മുമ്പായി ബജറ്റിലെ നികുതി നിർദ്ദേശങ്ങൾക്ക് നിയമ പ്രാബല്യം നല്കുന്നതിനായുള്ള 2021-ലെ കേരള ധനകാര്യ ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നതും അവ സബ്ജക്ട് കമ്മിറ്റി

പരിഗണിക്കുന്നതും ക്രമപ്രകാരമല്ലെന്നാണ് ക്രമപ്രശ്നത്തിലൂടെ ബഹുമാനപ്പെട്ട അംഗം ശ്രീ. പി. ടി. തോമസ് ഉന്നയിച്ചത്. നമ്മുടെ സഭാ ചട്ടങ്ങളുടെയും കീഴ്‌വഴക്കത്തിന്റെയും അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ക്രമരഹിതമായി ഒന്നുമില്ലെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി.

ചെയർ ഇക്കാര്യം പരിശോധിച്ചു. ധനകാര്യ ബില്ലുകൾ ബജറ്റിലെ നികുതി നിർദ്ദേശങ്ങളും മറ്റ് അനുബന്ധ കാര്യങ്ങളുമായി ബന്ധപ്പെട്ടവയാണ്. ബജറ്റിലെ ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട ചർച്ചയും വോട്ടെടുപ്പുമായി ധനകാര്യ ബില്ലിന്റെ പരിഗണനയ്ക്ക് നേരിട്ട് ബന്ധമില്ലെങ്കിൽപ്പോലും ഒരു കീഴ്‌വഴക്കമെന്ന നിലയിൽ ധനാഭ്യർത്ഥനകളുടെ പരിഗണന പൂർത്തീകരിച്ചതിനുശേഷമാണ് നമ്മുടെ സഭയിൽ ധനകാര്യ ബില്ലുകൾ പരിഗണിച്ചുവരുന്നത്. എന്നാൽ, ചില പ്രത്യേക സാഹചര്യങ്ങളിൽ ധനകാര്യ ബിൽ നേരത്തെ തന്നെ പരിഗണിച്ച സന്ദർഭങ്ങളും നമ്മുടെ സഭയിലുണ്ടായിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ ഈ സമ്മേളനത്തിലെ സഭ ചേരുന്ന ദിവസങ്ങളിൽ കുറവുവരുത്തിയ സാഹചര്യത്തിലാണ് ഇത്തവണ ധനകാര്യ ബില്ലുകൾ പരിഗണിക്കുന്നതിൽ പുതിയ സമയക്രമം

നിശ്ചയിക്കപ്പെട്ടത്. ഇക്കാര്യത്തിൽ ചട്ടങ്ങളുടെയോ, കീഴ്വഴക്കങ്ങളുടെയോ, ലംഘനമുണ്ടായിട്ടില്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.